THE MALAYALANADU WEEKLY, QUILON, APRIL 1972
Phones: 2825, 3362

മലയാളനാട് വാരിക

NUTHAN BOOK STALL
All State Lottery Sales
Near Padmanaba Theatre
TRIVANDRUM.

പത്രാധിപർ:
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം
ആസ്വാദനത്തിന്റെ അർത്ഥം
—നരേന്ദ്രപ്രസാദ് 3
കർമ്മനിരതനായ ഒരു ഡോക്ടർ
—ബാലഗോപാൽ 26
കഥ
പന്തയം —മുണ്ടൂർ സേതുമാധവൻ 12
കൊരുന്നോടത്തു് കോമുട്ടി
—ടി. ആർ. 18
ഉഷ്ണമേഖല —രാമചന്ദ്രൻ, തിരൂർ 22
കഷായം —സുകുമാർ 41
കവിത
ബലാബലം
—കെ. വാസുദേവൻനായർ 29
ഈ മാളം, ഈ തണൽ
—ശ്രീകുമാർ 39
നോവൽ
എനിക്കും ജീവിക്കണം
—പി. കേശവദേവ് 6
അഭ്രം —മലയാററൂർ രാമകൃഷ്ണൻ 32
പംക്തികൾ
വായനക്കാരുടെ കത്തുകൾ 2
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 10
കാക്കനാടന്റെ പേജ്
—കാക്കനാടൻ 14
വിദ്യാർത്ഥി–യുവജനനേതാക്കളെ
പ്പററി —എൻ. സി. മമ്മൂട്ടി 31
ഗ്രന്ഥനിരൂപണം
—പുനലൂർ ബാലൻ 36
എന്റെ സങ്കല്പങ്ങളിലെ ഭർത്താവ്
—സിന്ധു 46
സിനിമ—വി. ബി, സി. നായർ 57
പോക്കർ ആൻറു് പോക്കർ
—ബി. എം. ഗഫൂർ 64
മുഖച്ചിത്രം
ഫോട്ടോ: ശിവൻ

പുസ്തകം മൂന്ന് ലക്കം നാല്പത്തിയഞ്ചു് 1147 മീനം 20

വായനക്കാരുടെ കത്തുകൾ

അതിപ്രസ്താവനകൾ

മലയാളനാട്ട് സ്ഥിരമായി വായിക്കുകയും വാരികയെക്കുറിച്ച് അഭിമാനം കൊള്ളുകയും ചെയ്യുന്ന ഒരുവളാണ് ഞാൻ. എന്നാൽ ഒരു സത്യം തുറന്നുപറയട്ടേ. കേശവദേവിന്റെ 'എനിക്കും ജീവിക്കണം' എന്ന നോവലിലെ "കേട്ടോ ദേവ് സാറേ," "കണ്ടോ ദേവ് സാറേ" എന്നീ സംബോധനകൾ ധാരാളം സ്ഥലം അപഹരിക്കുകയും, മനംമടുപ്പുണ്ടാക്കുകയും ചെയ്യുന്നുണ്ട്.

വിദ്യാർത്ഥി-യുവജനനേതാക്കളെ പരിചയപ്പെടുത്തുന്നതിനു നന്ദി. എന്നാൽ ചില നേതാക്കളെ 'ഐഡിയലൈസ്' ചെയ്തിരിക്കുന്നതുപോലെ തോന്നുന്നു.

ഈ അതിമാനുഷർ നേതാക്കളായുള്ള നമ്മുടെ നാട്ടിൽ ഇത്രയേറെ അസ്വസ്ഥതകളോ? അതിപ്രസ്താവനകൾ അവിശ്വസനീയതയ്ക്ക് ഭംഗം വരുത്താതെ ഇനിയെഴുതുന്നവരെങ്കിലും ശ്രദ്ധിക്കണേ.

മലയാളനാടിന്നഭിമാനമായ "മലയാളനാടി"ന് ആശംസകളോടെ,

ശ്രീമതി ലളിതാനായർ
മദിരാശി—27

മടുപ്പു തോന്നുന്നു

ഈയാഴ്ചത്തെ മലയാളനാട്ട് കണ്ടപ്പോൾ നിരാശതോന്നി. കുറേനാളായി ഷീലയുടെ ചിത്രങ്ങൾതന്നെ മലയാളനാട്ട് തുടർച്ചയായി പ്രസിദ്ധീകരിക്കുന്നു. ഷീലയുടെ ചലനം കാണാൻ ഭംഗിയുള്ളതുതന്നെ. പക്ഷേ, തുടർച്ചയായി കണ്ടുകൊണ്ടിരുന്നാൽ മടുപ്പുതോന്നില്ലേ!

സിനിമാവാർത്തകളിൽ പി. എൻ. മേനോൻ സംവിധാനം ചെയ്യുന്ന ന്യൂഇൻ ഡ്യാ ഫിലിംസിന്റെ ചെമ്പരത്തിയിൽ ഒരു പതിന്നാലുകാരി നായിക പ്രത്യക്ഷപ്പെടുന്നുവെന്ന് കേട്ടപ്പോൾ അതിയായ ആഹ്ലാദം തോന്നി. മലയാളസിനിമയുടെ രൂപവും ഭാവവും മാറാൻ ഇത്തരം സംരംഭങ്ങൾ സഹായിക്കുമെന്നു തീർച്ച.

—കെ. എസ്. രാജം
കോഴിക്കോട്ട്.

അറിയിപ്പ്

മലയാളനാടു വാരിക ഭീമമായ ഒരു തുക എക്സെസ്ഡ്യൂട്ടി (Refugee relief) കൊടുത്തുകൊണ്ടിരിക്കയാണെന്ന വിവരം വായനക്കാർക്കറിവുള്ളതാണല്ലോ. മലയാളത്തിലെ മറ്റെല്ലാ ആനുകാലികപ്രസിദ്ധീകരണങ്ങളും വില വർദ്ധിപ്പിക്കുകയുണ്ടായി. പക്ഷേ, മലയാളനാടു വാരിക വിലയിൽ മാറ്റം വരുത്തിയില്ല. അച്ചടിസംബന്ധിച്ച സാധനങ്ങളുടെ വിലയും, വേതനത്തിനും ദിനംപ്രതി വർദ്ധനവുണ്ടായിക്കൊണ്ടിരിക്കയാണ്. ഈ പരിതഃസ്ഥിതിയിൽ ഞങ്ങൾ എക്സൈസ്ഡ്യൂട്ടിയിനത്തിലുള്ള രണ്ടു പൈസ വർദ്ധിപ്പിക്കുവാൻ നിർബന്ധിതരായിരിക്കുന്നു. ഈ വർദ്ധനവ് ഏപ്രിൽ രണ്ടാംതീയതി (നാല്പത്തിയഞ്ചാംലക്കം) മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ഏജന്റന്മാരും വായനക്കാരും ഞങ്ങളോടു സഹകരിക്കാനഭ്യർത്ഥിക്കുന്നു.

മാനേജർ,
മലയാളനാട്ട്, കൊല്ലം.

പതിനാറുവയസ്സുംഅഭിനന്ദനങ്ങളും

കഴിഞ്ഞലക്കം മലയാളനാടു വാരികയിലെ(ലക്കം 43) മിസ്. ആനിഅതിഫോൻസയുടെ "പതിനാറു വയസ്സു കഴിഞ്ഞാലുള്ള" മധുരസ്വപ്നം വളരെ നന്നായിരിക്കുന്നു. പതിനാറു വയസ്സു കഴിഞ്ഞവരെ

(ശേഷം 63-ൽ)

ആസ്വാദനത്തിന്റെ അർത്ഥം

നരേന്ദ്രപ്രസാദ്

ചുററുമുള്ള ലോകത്തിലെ ഷോക്കേസുകളിൽ സൗന്ദര്യം. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വിലകൂടിയ താളുകളിൽ നവനവോന്മേഷം ജനിപ്പിക്കുന്ന ലാവണ്യശില്പങ്ങൾ. പ്ലാസ്റ്റിക് തരങ്ങളൊരുക്കുന്ന പുതിയ ആകാരങ്ങൾ. വർണ്ണങ്ങൾ. പുതിയ, സ്വാഭാവികതയിയന്ന, പൂക്കൾ. മുത്തുകൾ. സ്നിഗ്ദ്ധമായ, മാദകമായ ഫാഷനുപരേഡുകൾ. എവിടെയും സൗന്ദര്യമാണ്, തീപ്പെട്ടിയുടെ പിൻവശം മുതൽ, ആഷ്ട്രേ മുതൽ, ചായക്കോപ്പ മുതൽ, കസേര മുതൽ, ആഡിറേറാറിയങ്ങൾവരെ, ചലച്ചിത്രകേന്ദ്രങ്ങൾവരെ സൗന്ദര്യം ആർത്തലച്ചൊഴുകുന്നു. സൗന്ദര്യബോധം ഇത്രയും സാർവ്വജനീനമായിട്ടുള്ള മറ്റൊരു കാലമില്ല. ബാററിയ്ക്കും സിഗററുകുടിനും മേശവിളക്കിനും നവീനലാവണ്യം വേണം. ഭക്ഷണപദാർത്ഥങ്ങൾക്കു രുചി പോരാ, രൂപ സൗകര്യം വേണം. എത്ര സൂക്ഷ്മമായിരിക്കുന്നു നമ്മുടെ സൗന്ദര്യബോധം!

എങ്കിലും, എത്ര നിസ്സംഗതയോടെ നമ്മൾ ഈ അനന്തവൈചിത്ര്യത്തിൽ നടന്നുപോകുന്നു! ഈ പുതുമകൾ നാം കണ്ണുനീട്ടുന്നു. ഒരു നിമിഷം നമ്മുടെ കണ്ണുകൾ ചിലതിൽ തങ്ങുന്നു. അനേകത്തിലൊന്നെന്നപോലെ അതിനെയും കണക്കാക്കി നാം മുന്നോട്ടു പോകുന്നു. നൈമിഷികമായ ഒരു വൈചിത്ര്യബോധത്തോടെ നാം ചില സുന്ദരവസ്തുക്കൾ തിരഞ്ഞെടുക്കുന്നു. രണ്ടു ദിവസത്തിനുശേഷം നമ്മുടെ ആഷ്ട്രേയുടെ സൗന്ദര്യം നമുക്കു പ്രശ്നമല്ലാതാകുന്നു. അതു നമ്മെ പ്രചോദിപ്പിക്കുന്നില്ല. പുതിയ വർണ്ണസങ്കരങ്ങൾ, പുതിയ പരസ്യചിത്രങ്ങൾ, പുതിയ വസ്ത്രവിധാനങ്ങൾ ഇവയുടെ അസാധാരണത്വം നമ്മുടെ ആത്മാവിനെ പിടിച്ചുനിർത്തുന്നില്ല. ഈ പ്ലാസ്റ്റിക് പൂവുകൾ നമ്മെ ഉദ്ദീപിപ്പിക്കുന്നു.

മനുഷ്യൻ സൃഷ്ടിച്ച ഈ സൗന്ദര്യസമൃദ്ധിയുടെ സോപാനത്തിൽ അവൻതന്നെ പട്ടിണികിടക്കുന്നു. അവൻ സൗന്ദര്യാത്മകമായ സംതൃപ്തിക്കുവേണ്ടി ദാഹിച്ചലയുന്നു. ഏകാകിയായ അവന്റെ ഏകാന്തശൂന്യമായ ആത്മദാഹം ശമിപ്പിക്കാൻ വൻകിടയായ ഉല്പാദനവസ്തുക്കൾക്കു കഴിവില്ല. എന്തെന്നാൽ അവ മനുഷ്യന്റെ അഭിരുചികളിൽനിന്നു മുതലെടുക്കാനുള്ള കച്ചവടമാസസ്തുത്തിന്റെ ഉല്പാദനവസ്തുക്കളാണ്. അവ മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെടുന്നതല്ല. ആ ഉല്പാദനത്തിനു പിന്നിൽ സൃഷ്ടിയില്ല. സൃഷ്ടിയുടെ ലോലമായ, സൂക്ഷ്മമായ, സംഗീതാത്മകമായ വേദനയില്ല ത്യാഗദീപ്തമായ ആത്മാർത്ഥതയില്ല ആത്മപ്രചോദനവും കലാനിർമ്മാണവും തമ്മിലുള്ള നാഭീനാളബന്ധം പറിഞ്ഞുപോയിരിക്കുന്നു.

സൗന്ദര്യം എപ്പോഴും പുതുമ ജനിപ്പിക്കുന്നു എന്നതു ശരിയാണ്. അതു് എപ്പോഴും നമ്മിൽ പുതിയ സത്യങ്ങൾ ഉദ്ദീപിക്കുന്നു. തങ്ങളെത്തന്നെ വിററിട്ടു വീണ്ടും തങ്ങൾതന്നെ വിലപേശിനില്ക്കുന്ന, എല്ലാം കാശാക്കി മാററുന്ന, സമകാലിക ധർമ്മനീതിയിൽ മനുഷ്യനു പൊതുവായുള്ള സത്യകാംക്ഷപോലും നഷ്ടപ്പെട്ടിരിക്കുന്നു. അവന്റെ വ്യക്തിജീവിതത്തിന് അർത്ഥം നല്കുന്ന സത്യങ്ങൾക്കു ക്ലാവുപിടിച്ചിരിക്കുന്നു. അവനു ശക്തിനല്കുന്ന സമകാലികജീവിതത്തിൽ സൗന്ദര്യങ്ങളില്ല.

സത്യവും സൗന്ദര്യവും ഓരോ മനുഷ്യനും അവന്റെ ഏകാന്തതയിൽ സൃഷ്ടിക്കേണ്ടി വന്നിരിക്കുന്നു. മുതലാളിത്ത നീതിശാസ്ത്രത്തിന്റെ ഒരു ജീർണ്ണപതനമാണിതു്.

തന്റെ ധാർമ്മികമായ അവസ്ഥയെ മറന്നിലാക്കുകയോ തന്റേതായ ഭാഷകളെ ശമിപ്പിക്കുകയോ ചെയ്യാത്തവയാണു കമ്പോളമായിത്തീർന്നിട്ടുള്ള ഈ ലോകത്തിന്റെ സത്യസൗന്ദര്യങ്ങൾ എന്നാണു് അർത്ഥമാക്കുന്നതു്. ഈ ക്രമഹിതമായ കോലാഹലത്തിൽ, അനൈക്യത്തിൽ, തന്റെ അവസ്ഥയെക്കുറിച്ചുള്ള (predicament) ചിന്തകൾ ഉണർത്തുവിടുന്ന വസ്തുക്കൾ ദുർല്ലഭമാണു്. അതുകൊണ്ടു് ഐക്യത്തിന്റെ, അർത്ഥത്തിന്റെ കൊച്ചു ലോകങ്ങൾ പണിയാൻ, ഓരോ മനുഷ്യനും ഉള്ളിന്റെയുള്ളിൽ ആഗ്രഹിക്കുന്നു. വൈവിധ്യവും അരാജകത്വവും ആർന്ന ഈ ലോകത്തിൽനിന്നു് അവൻ തന്റേതായ ലോകങ്ങൾ വേർതിരിച്ചെടുക്കാൻ ആഗ്രഹിക്കുന്നു. തന്റേതായ ഘടനാവിധാനങ്ങൾ വകുത്തെടുക്കാൻ ആഗ്രഹിക്കുന്നു. ചെറിയ ലോകങ്ങളിൽ, ചെറിയ പാററേണുകളിൽ ഒതുങ്ങുന്നതോടുകൂടിയാണല്ലോ ഈ കൊച്ചുമനുഷ്യന്റെ ജീവിതത്തിനു വാലും തലയും കിട്ടുന്നതു്.

സൗന്ദര്യാത്മകസത്യത്തിന്റെ ആവിഷ്കാരമെന്നോ മറേറാ വിളിക്കാവുന്ന കലമാത്രമാണു് ഈ സാർത്ഥകലോകത്തെ മനുഷ്യനു സംഭാവന ചെയ്യുന്നതു്. മറെറാരു വിധത്തിൽ പറഞ്ഞാൽ, സമകാലിക ധർമ്മനീതിയുടെ വ്യവസ്ഥാപിതത്വത്തിനു് എതിരുനില്ക്കുന്ന ആ മാനുഷികാംശത്തെ സ്ഥിരീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതു് കലമാത്രമാണു് എന്നു്. സാമ്പത്തികവും സാമൂഹ്യവുമായ പരിതഃസ്ഥിതികളെ പ്രതിഫലിപ്പിക്കുകയും, അവയെ സ്വാംശീകരിച്ചു് ചരിത്രത്തിന്റെ ഒരു പടി മുന്നിലേയ്ക്കു കടന്നുകയറുകയും ചെയ്യുന്ന മനുഷ്യന്റെ അവബോധം അവ വസ്ഥാപിതമായ വൈകാരിക സത്യങ്ങൾ ആവിഷ്കരിക്കുകയാണവിടെ. ഇതു് ഒരു സാമൂഹ്യപ്രക്രിയയാണു് അതുകൊണ്ടാണു് എല്ലാ ആസ്വാദകരും കലാകാരന്മാരാണെന്നു പറയാറുള്ളതു്.

മനുഷ്യാവസ്ഥയുടെ ആവിഷ്കാരം

ഒരുകാര്യം ഇവിടെ ഊന്നിപ്പറയേണ്ടതുണ്ടു്. കല മനുഷ്യാവസ്ഥയുടെ ആവിഷ്കാരമാണെന്നതാണു്. അതു സാമൂഹ്യമനസ്സിന്റെ വെളിപാടാണു്. ഭാഷയെന്ന സാമൂഹ്യമാദ്ധ്യമത്തിന്റെ അനുപേക്ഷണീയതകൊണ്ടു സാഹിത്യമാകട്ടെ ജനസമുദായത്തിന്റെ പൊതുവികാരങ്ങളുമായി കുറേക്കൂടി അടുത്തുനില്ക്കുകയും ചെയ്യുന്നു. സ്വന്തം അവസ്ഥയെപ്പററി സ്വയംപൂർണ്ണവും ത്രുക്ഷ്യമായ ബോധം തേടുന്ന ആസ്വാദകനു സാഹിത്യത്തിലൂടെ ലഭ്യമാകുന്ന അനുഭൂതി, അവന്റെ മനസ്സിലെ വ്യക്തവും അവ്യക്തവും, ബോധപൂർവ്വവും അല്ലാത്തതുമായ ആശയപ്രപഞ്ചത്തിന്റെ ഭാഗമാകുന്നു. അതു് അവന്റെ സംസ്കാരത്തിൽ ലയിച്ചുചേരുന്നു. അവന്റെ മനസ്സിൽ അനുസ്യൂതമായി ഉയർന്നുകൊണ്ടിരിക്കുന്ന ധാർമ്മികസമസ്യകൾക്കു വികാരസാധാരണീകരണത്തിലൂടെ ശാന്തിലഭിക്കുന്നു വൈരുദ്ധ്യജടിലമായ, ദുഃഖമയമായ, രാക്ഷസീയമായ ഈ സങ്കീർണ്ണജീവിതത്തിൽപ്പെട്ടു ശിഥിലമായിപ്പോകുന്ന, വിഭക്തമായിപ്പോകുന്ന അവന്റെ വ്യക്തിത്വത്തിനു് ഈ അനുഭൂതി, ഈ ശാന്തി, ഒരു ആന്തരൈക്യം നല്കുന്നു. തന്റെ ജീവിതദുരിതങ്ങൾക്കു പൊതുവായ മനുഷ്യാവസ്ഥയിലുള്ള അടിവേരുകൾ ചൂണ്ടിക്കാട്ടി വ്യക്തിദുഃഖത്തെ സമഷ്ടിയുടെ ദുഃഖമായും, സ്വന്തം സ്വപ്നങ്ങളെ സമുദായത്തിന്റെ സ്വപ്നങ്ങളായും രൂപപ്പെടുത്തുന്നു. ഇരുളിൽ ആത്മാവിനെത്തേടി അലയുകയും ഒരു നവസൗഹൃദബന്ധത്തിനായി കൈകൾ നീട്ടുകയും ചെയ്യുന്ന അനുവാചകനു ലഭിക്കുന്ന ആത്മാവും സൗഹൃദവുമാണു സാഹിത്യം.

സമാശ്വാസകരമായ ഒരു സാംസ്കാരിക വിപ്ലവത്തിനുശേഷം, ഒരു സമൂഹത്തിൽ സാഹിത്യത്തിന്റെ അർത്ഥം ഇതുതന്നെയാകണമെന്നില്ല. ആയിക്കൂടയില്ല ദുഃഖത്തിലൂടെയല്ലാതതന്നെ മാധുര്യം നുകരാൻ കഴിവുള്ള മനുഷ്യാവസ്ഥയിൽ ഒരുപക്ഷേ, സാഹിത്യം പ്രസന്നവും ലളിതവുംപോലുമായിരിക്കും മനുഷ്യനെപ്പോലെ.

ധാർമ്മികസമസ്യകൾ

പക്ഷേ, അതൊക്കെ ഇപ്പോൾ സ്വപ്നങ്ങൾ മാത്രമാണു് നിയതമായ നൈതികമൂല്യങ്ങളുടെ അഭാവം കൊണ്ടു് അഭിശപ്തമായിത്തീർന്നിട്ടുള്ള നമ്മുടെ കാലസന്ധിയിൽ, സ്വാഭാവികമായും, സാഹിത്യം അഗാധമായ ധർമ്മികസമസ്യകൾ ഉൾക്കൊള്ളുന്നു. മനുഷ്യാവസ്ഥയുടെ മൂലികപ്രശ്നം നൈതികമാണല്ലോ. നഗ്നമായ ജീവിതയാഥാർത്ഥ്യങ്ങളും നൈതികമൂല്യങ്ങളും തമ്മിലുള്ള സംഘട്ടനങ്ങൾ, സംഘർഷങ്ങളിലൂടെ മനുഷ്യനു വന്നുചേരുന്ന പുതിയ അപരിചിതത്വവും അന്യതയും, ആയിരം മുഖങ്ങളുള്ള ഇവിടത്തെ സാമ്പത്തികസാമൂഹ്യജീവിതത്തിനിടയിൽ വ്യക്തിജീവിതത്തിനു സംഭവിക്കുന്ന വിഘടനങ്ങൾ; കച്ചവടമാംസര്യത്തിന്റെ സൃഷ്ടിയായ ഞരമ്പിന്റെ വലിഞ്ഞുമുറുക്കങ്ങൾ, ഇവയൊക്കെ ആധുനിക സാഹിത്യസൃഷ്ടിയുടെ അടിത്തറസൃഷ്ടിക്കുന്ന പരമാർത്ഥങ്ങളിൽ ചിലതാണു്. ഈ അടിത്തറയിലാണു് ആസ്വാദകനും സ്രഷ്ടാവും തമ്മിലുള്ള ബന്ധം ഉയർന്നുവരുന്നതു്. എന്തെന്നാൽ, അതു് സമൂഹമനസ്സിന്റെ പൊതുവായ അടിത്തറതന്നെയാണു്. അതു പൊതു പാരമ്പര്യത്തിന്റെയും പൊതു പരിതഃസ്ഥിതികളുടെയും പരോക്ഷസൃഷ്ടിതന്നെയാണു്. സ്വന്തം മനസ്സുമാത്രം യാഥാർത്ഥ്യമെന്നു ഗണിക്കുന്നവർക്കു് ഈ അടിത്തറ അജ്ഞാതമായിരിക്കും. ഏതായാലും ഈ അടിത്തറയുടെ കാര്യം സാഹിത്യചർച്ചയിലൂടെ വെളിച്ചത്തുകൊണ്ടുവരുന്നതു് സാഹിത്യവിദ്യാർത്ഥികളുടെ ഉദ്ദേശത്തിനു ഉത്തരവാദിത്വമാണെന്നു പറഞ്ഞേ പററൂ.

ഭാവുകത്വം സമൂഹത്തിന്റേതു്

ആസ്വാദകർക്കുള്ള ആത്മീയഭാവങ്ങളുടെതന്നെ സ്ഥൂലവും സൂവ്യക്തവും പരിഷ്കൃതവുമായ രൂപാന്തരങ്ങളാണു് സാഹിത്യസൃഷ്ടികൾ. പക്ഷേ, ആസ്വാദകൻ തന്നിയെ എത്തിച്ചേരാത്ത സത്യങ്ങളിലേയ്ക്കു് ഊളിയിടാനുള്ള അപ്രതിരോധ്യമായ ത്വരയാണു സാഹിത്യകാരനെ ആസ്വാദകനിൽനിന്നു വേർതിരിക്കുന്നശക്തി. ഭാഷാസ്വാധീനവും വിജ്ഞാനവിശേഷവും മാത്രമല്ല, കൂടുതൽഭാവാത്മകമായ സത്യബോധം കൂടിയാണു സാഹിത്യകാരനെ സൃഷ്ടിക്കു പ്രേരിപ്പിക്കുന്നതു്. എങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിന്റെ ഭാവുകത്വത്തിൽ നിന്നു സ്വതന്ത്രനാകാൻ സാഹിത്യകാരനു വയ്യ. ആസ്വാദകനും കലാകാരനും തമ്മിലുള്ള ഈ ലാളിത്യാതീതമായ മാനുഷികബന്ധത്തിന്റെ നിറവും മണവുമാണു ഭാവുകത്വം എന്നു പറയാം. സാഹിത്യചരിത്രത്തിലാകെ പൊതുവായ പ്രവണതകൾ കാണുന്നതിന്റെ രഹസ്യം ഭാവുകത്വത്തിന്റെ സാമൂഹ്യസ്വഭാവമാണു്.

സാംസ്കാരികപരിവർത്തനങ്ങൾ തടഞ്ഞുവച്ചിരുന്ന ഭാരതത്തിന്റെ പ്രാചീനകാലഘട്ടത്തിൽ ഭാവുകത്വം സഹൃദയത്വമായിരുന്നു. ധാർമ്മികപ്രശ്നങ്ങൾക്കു് ഉത്തരങ്ങൾ എപ്പോഴും തയാറായിരുന്ന ആ കാലഘട്ടങ്ങളിൽ സത്യാന്വേഷണത്തിന്റെ അന്ത്യം ലളിതമായിരുന്നു പക്ഷേ, ഈശ്വരൻ നഷ്ടപ്പെട്ട, മനസ്സുനഷ്ടപ്പെട്ട, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന, ഈ ധൂമ്രസമൂഹത്തിൽ ഭാവുകത്വവും ചലനവിധേയമാണു്. സാമൂഹ്യപ്രശ്നങ്ങളുടെ ഊന്നലിന്മേലുണ്ടാകുന്ന വ്യത്യാസങ്ങൾകൊണ്ടു് ആസ്വാദകരുടെ മാത്രമല്ല എഴുത്തുകാരുടെതന്നെ ഭാവുകത്വം സ്വന്തം ജീവിതകാലത്തു നഷ്ടപ്പെടുന്നതായി കാണാം. കാലത്തോടൊപ്പം മാറാതെ നില്ക്കുകയും മാററമില്ലായ്മയിൽ ഊററം കൊള്ളുകയും ചെയ്യുന്ന ഹൃദയങ്ങൾക്കു നഷ്ടപ്പെടുന്നതു കാലാനുസൃതമായ ജീവിതവീക്ഷണമാണു്. ഏതു തത്വശാസ്ത്രത്തിൽ വിശ്വസിച്ചാലും കൊള്ളാം, കാലാനുസാരിയായ ജീവിതാവബോധത്തിലേയ്ക്കു് അതിനെ പിടിച്ചുകയററിയില്ലെങ്കിൽ ഫലം മുരടിപ്പാണു്. എല്ലാ ജീവിതവീക്ഷണങ്ങളും ജീവിതപരിതഃസ്ഥിതികളിൽനിന്നു് ഉറഞ്ഞുകൂടുന്നു എന്നതുതന്നെയാണു് ഇതിന്റെ കാരണം. ജീവിതത്തെ പഠിക്കുക എന്നതു് ഈ രീതിയിൽ എത്രമാത്രം അർത്ഥവത്തും പ്രാഥമികവും ആണോ അത്രമാത്രം പ്രസക്തമാണു്, സാഹിത്യം പഠിക്കുക എന്നതു്. സത്യാന്വേഷണത്തിന്റെ പരിണാമങ്ങൾ വിവിധവും വിചിത്രവുമായിട്ടുള്ള ഈ

(ശേഷം 54-ൽ)

പതിനെട്ട്

ഭൂതകാലത്തിൽ നിന്നു സംഭവങ്ങളെ പെറുക്കിയെടുത്തുകൊണ്ട്, അവൾ കഥ തുടർന്നു—

"എനിക്കു കുറെ ഉൽക്കണ്ഠ ഉണ്ടായിരുന്നു. ഇൻസ്പെക്ടറർ എന്റെ വീട്ടിൽ ചെല്ലുമായിരിക്കാം. അവിടെ അനിയത്തിമാർ മാത്രമേ ഉള്ളു. ഇൻസ്പെക്ടറരെ കണ്ടപ്പോൾ, അവർ പേടിക്കും. ഞാൻകൂടെ ഉണ്ടെങ്കിൽ അവർക്കു ഭയമില്ല.

ഇൻസ്പെക്ടറർ അയൽവീട്ടുകാരെ വിളിച്ചുചോദിക്കും, ഞങ്ങൾ വേശകളാണോ എന്നു്. അവർ എന്തു പറയുമോ എന്തോ!

സ്റ്റേഷന്റെ പിറകിലുള്ള മാവിൻചുവട്ടിൽ ഞാൻ ഇരുന്ന ഒരു കോൺസ്റ്റബിൾ എനിക്കു് ഒരു ചായ കൊണ്ടുവന്നുതന്നു. ഞാൻ ചായ കുടിച്ചു. ആ കോൺസ്റ്റബിളിനു് എന്നെ പരിചയമുണ്ടെന്നു പറഞ്ഞു. അച്ഛനേയും അറിയുമെന്നു പറഞ്ഞു. ഞാൻ ബി എ-ക്കാരിയായതുകൊണ്ടു്, ഉദ്യോഗത്തിനു ശ്രമിക്കണമെന്നു് അയാൾ എന്നെ ഉപദേശിച്ചു. ഞാൻ എല്ലാം മൂളിക്കേട്ടു.

ഒന്നരമണിക്കൂർ കഴിഞ്ഞു, ഇൻസ്പെക്ടറർ തിരിച്ചുവന്നപ്പോൾ. ഞാൻ അദ്ദേഹത്തിന്റെ മുറിയിൽ ചെന്നു. സൗഹാർദ്ദതയോടുകൂടി അദ്ദേഹം എന്നെ സ്വീകരിച്ചു—"

'രാജമ്മ വീട്ടിലേക്കു പൊയ്ക്കൊള്ളു. ഇനി അവിടെ ആരും വന്നു ശല്യം ചെയ്യുകയില്ല. വല്ല ശല്യവുമുണ്ടായാൽ, എന്നെ അറിയിച്ചാൽ മതി.'

ഞാൻ കൃതജ്ഞതാപൂർവ്വം തൊഴുതു.

'പിന്നെ—————'— ഇൻസ്പെക്ടറർ എന്തോ പറയുവാൻ ഭാവിച്ചു. അദ്ദേഹത്തിന്റെ മുഖഭാവം മാറി.

മറ്റുള്ളവരുടെ ശല്യത്തിൽനിന്നു് എന്നെ രക്ഷിക്കാമെന്നു് അദ്ദേഹം ഉറപ്പുതന്നു. പക്ഷേ, അദ്ദേഹം എനിക്കു ശല്യമായിത്തീരുമോ?

'മറ്റുവല്ല സഹായവും വേണമെങ്കിൽ ——— ———'—അങ്ങനെ ഒരു സൂചനതന്നിട്ടു്, അദ്ദേഹം എന്നെ ആർത്തിയോടുകൂടി നോക്കി.

'മറ്റു സഹായമൊന്നും എനിക്കു വേണ്ട.' ഞാൻ ദൃഢസ്വരത്തിൽ പറഞ്ഞിട്ടു്, തിരിഞ്ഞുനടന്നു.

റോഡിൽ ഇറങ്ങിയപ്പോൾ, ചെല്ലപ്പണ്ണനെ കണ്ടു. കുറെ അകലെ നോക്കി നിൽക്കുകയാണു്. ഞാൻ ചിരിച്ചു. ചെല്ലപ്പണ്ണനും ചിരിച്ചു. പക്ഷേ, എന്റെ അടുത്തു വന്നില്ല. ഞാൻ നടന്നു. ചെല്ലപ്പണ്ണൻ എന്റെ പിറകിൽ, കുറെ അകന്നുനടന്നു.

വീട്ടിൽ ചെന്നപ്പോൾ, കനകമ്മയും രത്നമ്മയും എന്നെ കാത്തുനിൽക്കുകയാണു്. ഇൻസ്പെക്ടറർ അവരോടു ചെന്ന വിവരങ്ങളെല്ലാം, അവർ വിശദമായി എന്നോടു പറഞ്ഞു.

എനിക്കും ജീവികണം

അവർ വാതിലിൽ മറഞ്ഞുനിന്നുകൊണ്ടാണു, ഇൻസ്പെക്ടറരോടു സംസാരിച്ചതു്.

'മൂന്നുപേരും സ്റ്റേഷനിൽ വരണമെന്നു പറഞ്ഞിട്ടു്, ഒരാൾമാത്രം വന്നതെന്താ?—'ഇൻസ്പെക്ടറരുടെ ആദ്യത്തെ ചോദ്യമായിരുന്നു അതു്.

"ഉടുത്തുകൊണ്ടു വരാൻ തുണി ഇല്ലാഞ്ഞിട്ടു"—കനകമ്മ ഉത്തരം പറഞ്ഞു.

അതോടുകൂടി ഇൻസ്പെക്ടറുടെ ഗൗരവഭാവം മാറി. അദ്ദേഹം ചോദിച്ചു:—

'നിങ്ങൾക്കു ധാരാളം പണം കിട്ടുന്നില്ലേ? രാത്രിയിൽ ഇവിടെ പലരും വരാറില്ലേ?'

'ഞങ്ങൾ പട്ടിണിയാ.'—രത്നമ്മ ഉത്തരം പറഞ്ഞു.

'രാത്രിയിൽ ഇവിടെ വരുന്നവർ നിങ്ങൾക്കു പണം തരുന്നില്ലേ?'

അതിനാരും ഉത്തരം പറഞ്ഞില്ല. ഇൻസ്പെക്ടർ പെട്ടെന്നു മുറിക്കകത്തു കയറി. അദ്ദേഹം ആ വീട്ടുഴുഴവൻ പരിശോധിച്ചു. കനകമ്മയും രത്നമ്മയും പറഞ്ഞതു സത്യമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. അദ്ദേഹം ഇറയത്തേയ്ക്കു് ഇറങ്ങിയപ്പോൾ, പാച്ചിയക്കനും വന്നുചേർന്നു.

പാച്ചിയക്കൻ ഇതൊന്നും അറിഞ്ഞില്ല. ചെല്ലപ്പണ്ണനാണു്, പാച്ചിയക്കനോടു ചെന്നു പറഞ്ഞതു്. പാച്ചിയക്കൻ ഇൻസ്പെക്ടറരോടു പറഞ്ഞു:—

'കൊതിക്കെർവ്വാ! എയമാനനേ—കൊതിക്കെവ്വാ! നോട്ടം നീട്ടിപ്പിടിച്ചോണ്ടു് ഇവടെ ചെലവമ്മാരു വരും. അവമ്മാരു വിചാരിക്കുന്ന കായ്യം ഇവടെ നടക്കുല്ല. അപ്പപ്പിന്നെ, നൊണേം പറഞ്ഞോണ്ടു നടക്കും: ——————— ഈ പെമ്പിള്ളാരു മൂന്നും പഷ്ണിയാ എയമാനനേ. എന്നാലും അവരു ചീത്തവഴിയേ പോകുല്ല. തന്നേം തള്ളേം അവരെ അങ്ങനെയാ വളത്തീതു്.'

പാച്ചിയക്കന്റെ ആ പ്രസംഗം കുറിക്കുകൊണ്ടു. ഇൻസ്പെക്ടർ പോവുകയും ചെയ്തു.

ചെല്ലപ്പണ്ണൻ എല്ലാം അറിഞ്ഞു. വേണ്ടസമയത്തു വേണ്ടതുപോലെ ചെയ്തു. ഒന്നും അറിയാത്തഭാവത്തിൽ പേവുകയുംചെയ്തു.

അതിൽ പിന്നെ രാത്രിയിൽ ആരുടേയും ശല്യം ഉണ്ടായിട്ടില്ല.

ഞങ്ങൾ പിന്നെയുമങ്ങനെ പട്ടിണിയുമായി കഴിഞ്ഞു. ചില സക്കാരുദ്യോഗ

ങ്ങൾക്ക ഞാൻ അപേക്ഷ അയച്ചിരുന്നു. ഞങ്ങളുടെ അയൽക്കാരി ഒരു ടൈപ്പിസ്റ്റും ഉണ്ടെന്നു ഞാൻ മുൻപു പറഞ്ഞതു ദേവ് സാറു് ഓർക്കുന്നുണ്ടോ?''

''ഓർക്കുന്നു. അവൾ നിങ്ങളെ സഹായിക്കുമായിരുന്നോ?''—ഞാൻ ചോദിച്ചു.

രാജമ്മ ചിരിച്ചുകൊണ്ടാണു് ഉത്തരം പറഞ്ഞതു്—

''ഉപദേശങ്ങൾകൊണ്ടാണു സഹായിക്കുന്നതു്. രാജമ്മ നേരിട്ടുചെന്നു പറഞ്ഞാലൊടനേ ഉദ്യോഗം കിട്ടും—അതാണു് അവൾ എനിക്കുതരുന്ന ഉപദേശം. അവളങ്ങനെയാണു് ഉദ്യോഗം മേടിച്ചതെന്നു്. അവൾ എന്നെ ഉപദേശിച്ചതിങ്ങനെയാണു്—

'അവരുടെ ഇഷ്ടത്തിനൊത്തുപോലെ നമ്മളും നിന്നുകൊടുക്കണം. ചിരിക്കണം. തൊട്ടും തടവിയുമെല്ലാം നിക്കണം.'

ചിരിക്കുകയും തൊട്ടും തടവിയും നില്ക്കുകയും മാത്രം ചെയ്താൽ മതിയോ എന്നു ഞാൻ ചോദിച്ചു. അപ്പോൾ അവൾ പറയുകയാണു്—

'പിന്നെ വല്ലതും വേണമെങ്കിൽ, അതുമങ്ങു സാധിച്ചുകൊടുക്കണം രാജമ്മേ. നമുക്കു വല്ല ചേതവുമുണ്ടോ?'

വയർ വീർക്കുകയില്ലേ എന്നു ഞാൻ ചോദിച്ചു. അവൾ പറഞ്ഞു—

'വയറുവീർത്താലു്, ഒട്ടിക്കാൻ മരുന്നൊണ്ടു രാജമ്മ.'

''അവൾ ആരുടേയോ ഏജൻറായി വന്നിരിക്കുകയാണെന്നു് എനിക്കു ബോദ്ധ്യമായി അതിൽപ്പിന്നെ, ഞാൻ അവളോടു സംസാരിച്ചിട്ടില്ല. അവൾ പോകാനായി എഴുന്നേറ്റിട്ടു്, അവസാനമായി പറഞ്ഞ വാക്കുകൾ ഞാൻ ഒരിക്കലും മാക്കുകയില്ല.''

''അതെന്താണു്?''—ഞാൻ കൗതുകത്തോടുകൂടി ചോദിച്ചു.

''അവൾ പറഞ്ഞു—'മൊതലുമൊടക്കില്ലാത്ത കച്ചവടമാ രാജമ്മേ. ഒരിക്കലും നഷ്ടമൊണ്ടാവുല്ല കിട്ടുന്നതെല്ലാം ലാഭമാ. ചെലവാകുന്ന ചരക്കും കയ്യിൽവച്ചോണ്ടിങ്ങനെ പഷ്ണി കെടക്കണോ?'

അവൾ പറഞ്ഞ ആ വാക്കുകൾ. ഇന്നും എൻറെ ചെവിയിൽ മുഴങ്ങുന്നുണ്ടു ദേവ് സാറെ. പക്ഷേ, ————————''

—അവൾ തെല്ലിട മൗനമായിരുന്നിട്ടു തുടർന്നു—

''അന്നെനിക്കു സ്ത്രീയുടെ ചാരിത്രത്തിൽ ദൃഢമായ വിശ്വാസമുണ്ടായിരുന്നു.''

''ആ വിശ്വാസം ഇപ്പോൾ ഇല്ലേ?''—ഞാൻ സഗൗരവം ചോദിച്ചു.

രാജമ്മയുടെ മുഖത്തും ഗൗരവം സ്ഫുരിച്ചു—

''സ്ത്രീയുടെ ചാരിത്രത്തെ സംരക്ഷിക്കേണ്ടതു് ആരാണു്?''

''സ്ത്രീതന്നെ.''

''അല്ല ദേവ്സാറെ—അല്ല. സ്ത്രീയുടെ ചാരിത്രത്തെ സംരക്ഷിക്കേണ്ട മുതലു സ്ത്രീക്കു മാത്രമുള്ളതല്ല, പുരുഷനുംകൂടി ഉള്ളതാണു്. സ്ത്രീക്കുമാത്രം അവളുടെ

♦ ഇറക്കുസംഖ്യ ♦ പലിശയുൾപ്പെടെ

പവൻമാറു സ്വർണ്ണാഭരണങ്ങളായി പാരിതോഷികങ്ങൾ
അടക്കം വാങ്ങാൻ

ഏപ്രിൽ 12-നു മുൻപു് അംഗമാകുക!!

വിശദവിവരങ്ങൾക്കു്:

കേശവ്റെഡ്യാർ സൺസ്
ജൂവലേഴ്സ്, കൊല്ലം.

ചാരിത്രത്തെ ലംഘിക്കുവാൻ കഴിയുമോ?''

''സ്ത്രീയുടെ ചാരിത്രത്തെ ലംഘിക്കുവാൻ പുരുഷനുംകൂടി വേണം.''

''അപ്പോൾ, ചാരിത്രത്തെ സംരക്ഷിക്കാനും പുരുഷൻറെ സഹായം വേണ്ടേ?''

''വേണം.''—ഞാൻ ചിരിച്ചു.

രാജമ്മയും ചിരിച്ചു. അവൾ തുടർന്നു—

''എൻറെ ചാരിത്രത്തെ അപഹരിക്കുവാൻ പുരുഷന്മാർ നടത്തിയ ശ്രമങ്ങളെയെല്ലാം ഞാൻ ചെറുത്തുനിന്നു. ജീവിതത്തെ അവഗണിച്ചു്, ഞാൻ ചാരിത്രത്തെ പുലർത്തി. അന്നു ഞങ്ങളെ സഹായിക്കുവാൻ ചെല്ലപ്പണ്ണനും പാച്ചിഅക്കനും മാത്രമേ ഉണ്ടായിരുന്നുള്ളൂ.''

''ചെല്ലപ്പണ്ണൻ ചിലവിനുള്ള പണം തരുമായിരുന്നോ?''

''ചെല്ലപ്പണ്ണൻ പണം തരുന്നതു്, ഒരു പ്രത്യേക തരത്തിലായിരുന്നു ദേവ്സാറേ.''

''അതെങ്ങനെ?''

''ഒരു ദിവസം രാവിലെ ഞാൻ ഉണർന്നുനോക്കിയപ്പോൾ, ജനലിന്നരികിൽ ഒരു കടലാസുപൊതി കിടക്കുന്നതു കണ്ടു. ഞാൻ അതെടുത്തു തുറന്നുനോക്കി. അഞ്ചു രൂപ ഉണ്ടായിരുന്നു, ആ പൊതിയിൽ. ഒരു എഴുത്തും ഉണ്ടായിരുന്നു.''

''പ്രേമലേഖനമായിരുന്നോ?''

''അല്ല. 'ഈ രൂപ എടുത്തു് അരിവേടിക്കണം. പഷ്ണി കിടക്കരുതു്'. എന്നെ പേടിക്കണ്ട. ഞാൻ ഇവിടെയെങ്ങും വരികയില്ല. ചെല്ലപ്പൻ.'—അതാണു്, ആ കത്തിൽ എഴുതിയിരുന്നതു്. ആ രൂപ കൊടുത്തു് അരിയും ഉപ്പും മുളകുമെല്ലാം മേടിച്ചു. ————— അങ്ങനെ ചിലപ്പോൾ ചെല്ലപ്പണ്ണൻ പൊതി ഇട്ടിട്ടു പോകും.

പാച്ചിയക്കൻ ദിവസവും വരും. ചിലപ്പോൾ നാഴിയോ ഇരുന്നാഴിയോ അരി കൊണ്ടുവരികയും ചെയ്യും. പാച്ചിയക്കനും ചെല്ലപ്പണ്ണനും തമ്മിൽ കാണും. ഞങ്ങളുടെ കഷ്ടസ്ഥിതിയിൽനിന്നു ഞങ്ങളെ കരകേറ്റാൻ പലതും ആലോചിക്കുകയും ചെയ്യും.

ഒരുദിവസം രാത്രിയിൽ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടു, ഞാനും അനിയത്തിമാരും ഉണർന്നു.

'ആരാ?'—ഞാൻ ചോദിച്ചു.

'ഞാനാ, ചെല്ലപ്പൻ. പേടിക്കണ്ട. വിളക്കു കത്തിച്ചിട്ടു് വാതിൽ തുറക്കു.'

'വിളക്കു കത്തിക്കാൻ തീപ്പെട്ടി ഇല്ല.'

ജനാലയിൽക്കൂടി ഒരു തീപ്പെട്ടി അകത്തുവീണു. ഞാൻ വിളക്കു കത്തിച്ചു. വാതിൽ തുറന്നു.

ചെല്ലപ്പണ്ണൻ ഇറയത്തു നിൽക്കുകയാണു്.

'അറിഞ്ഞോ?'—ചെല്ലപ്പണ്ണൻ ചോദിച്ചു.

'എന്തു്?'

'കേസുകൊടുത്തതു് അറിഞ്ഞോ?'

'ആരാ കേസുകൊടുത്തതു്? ആരുടെ പേരിലാ കേസുകൊടുത്തതു്? എന്തിനാ കേസുകൊടുത്തതു്?'

'ചിട്ടിക്കാരൻ അപ്പുക്കുട്ടൻനായർ കേസുകൊടുത്തു. നിങ്ങൾ മൂന്നുപേരും പ്രതികളാ.'

'എന്തിനാ കേസുകൊടുത്തതു്?'

'അപ്പുക്കുട്ടൻനായരുടെ ചിട്ടിയിൽ, രാജമ്മയുടെ അച്ഛൻ ചേർന്നിരുന്നതറിയാമോ? ചിട്ടി പിടിച്ചു് ഈ പുരയിടവും വീടും ഈടുകൊടുത്തു പണം മേടിച്ചതറിയാമോ?''

'അറിയാം.'

'പിന്നെ ചിട്ടിക്കു പണം കൊടുത്തിട്ടില്ലെന്നു് അറിയാമോ?'

'അറിഞ്ഞുകൂടാ.'

'എന്നാലങ്ങനെയാ. ചിട്ടി മുടങ്ങി. അയാളിന്നു കേസുകൊടുത്തു.'

'ഞങ്ങളോടൊന്നു പറഞ്ഞില്ലല്ലൊ.'

'അയാളങ്ങനെയാ.'

'എത്ര രൂപ കൊടുക്കണം?'

'ആയിരത്തിമുന്നൂറു്.'

'എന്തുചെയ്യും?'

ആലോചിക്കണം. ഞാൻ നാളെ വരാം.'

ചെല്ലപ്പണ്ണൻ പോയി.

—o—

ഞാൻ ഇതെഴുതാൻ തുടങ്ങുന്നതുവരെ മോപ്പസാങ്ങിനെ ആലസമായി കിടക്കുകയായിരുന്നു. എഴുത്താരംഭിച്ചതോടെ ഈ തുലികയ്ക്കു പ്രാധാന്യം വന്നിരിക്കുന്നു. തെല്ലകലെ നിസ്സംഗമായ മട്ടിൽ കിടക്കുന്ന ടോർച്ചുലൈറ്ററിന്റെ സ്ഥിതിയും അതുതന്നെ. വിദ്യുച്ഛക്തി ഇല്ലാതെയാവട്ടെ; എന്റെ വീട് ഇരുട്ടിൽ മുങ്ങട്ടെ. ടോർച്ചിന്റെ സ്വിച്ച് അമർത്തപ്പെടുന്നു. വെള്ളിവെളിച്ചം ഇവിടെയാകെ പ്രസരിക്കുന്നു. മുൻപില്ലാത്ത പ്രാധാന്യം ലഭിക്കുകയാണു് ടോർച്ചുലൈറ്ററിനു്. നിങ്ങൾ എത്രയെത്ര സുന്ദരികളെയാണു ദിവസംതോറും കാണുക. ആരെയും നിങ്ങൾ ശ്രദ്ധിക്കാറില്ല. പക്ഷേ, അവരിൽ ഒരുവൾ നിങ്ങളെ സൂക്ഷിച്ചുനോക്കിയാൽ, പുഞ്ചിരിപൊഴിച്ചാൽ അവൾക്കു പ്രാധാന്യം സിദ്ധിക്കുന്നില്ലേ? പേനയിൽ മഷിയില്ലെങ്കിൽ, ടോർച്ചു്ലൈറ്ററിൽ ബാറ്ററിയില്ലെങ്കിൽ, സുന്ദരിക്കു മനഃസമിതിയില്ലെങ്കിൽ നമ്മെ സ്സംബന്ധിച്ചിടത്തോളം അവയെല്ലാം നിഷ്പ്രയോജനങ്ങൾ. സാഹിത്യസൃഷ്ടിയെക്കുറിച്ചും ഇങ്ങനെയാണു് പറയേണ്ടതു്. വാരിയരുടെ കടലാസ്സിൽ സൈ്വരമായി ശയിക്കുന്ന ചെറുകഥയെ നമ്മൾ നേത്രോന്മീലനംകൊണ്ടു സൃഷ്ടിക്കുന്നു. അതു് ഉണർന്നെഴുന്നേല്ക്കുന്നില്ലെങ്കിൽ അതിന്റെ നിശ്ചേതനത്വത്തെക്കുറിച്ചു് എന്തിനു സംശയിക്കണം? ആ വിധത്തിലൊരു നിശ്ചേതനത്വമാണു് ശ്രീമതി റോസി തോമസ്സിന്റെ "ആത്മാവു്" എന്ന ചെറുകഥ വായിച്ചപ്പോൾ എനിക്കു് അനുഭവപ്പെട്ടതു്. (മാതൃഭൂമി ആഴ്ചപ്പതിപ്പു്— ലക്കം 1) ഭിക്ഷയാചിച്ചു ജീവിതം കഴിച്ചുകൂട്ടുന്ന ഒരു വൃദ്ധന്റെയും അയാളുടെ കൂട്ടുകാരിയുടെയും കഥ പറയുന്ന "ആത്മാവിൽ" കഥയില്ല, സംഭവങ്ങളില്ല, ചിത്തവൃത്തിപരങ്ങളായ പോരാട്ടങ്ങളില്ല, ആഖ്യാനത്തിന്റെ വൈദഗ്ദ്ധ്യമില്ല, ഒന്നുമില്ല. ഇത്രമാത്രം ദോഷത്തോടുകൂടിയ വേറൊരു കഥ അടുത്തകാലത്തൊന്നും വേറെ വായിച്ചിട്ടുമില്ല.

'മലയാളനാട്ടി"ൽ (ലക്കം 43) പരസ്യപ്പെടുത്തിയിരിക്കുന്ന ഒരു ചെറുകഥയിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കട്ടെ:—

എം. കൃഷ്ണൻനായർ

"മഞ്ഞിൻപടവുകളിൽ മരണം അരിച്ചിറങ്ങവെ, മരണത്തിന്റെ തിരുച്ചാത്തിൽ, രതിവനികളുടെ വല്ലസങ്കല്പങ്ങൾ ആദിതമസ്സിൽനിന്നും ഏറ്റുവാങ്ങി, വനികളുടെ ഗർഭശ്രോതസ്സുകളിൽ വിളഞ്ഞ വൈഡൂര്യത്തിന്റെ ജനിമൃതിയിൽ, ഖനഭൂമിയുടെ തരിശിടൽക്കത്തെ ശപിച്ചു്, മരവിപ്പിന്റെ കരിമ്പടക്കെട്ടുമായി രമ എത്തി

ഇരുട്ടിന്റെ തടാകജലത്തിലേയ്ക്കു വൈഡൂര്യതാരം ഉരുകിയൊലിച്ചിറ്റിറ്റുവീഴുന്ന ഭയാനകരംഗം നൊട്ടിനുണഞ്ഞു്, ഗർഭജലത്തിൽ തളർന്നയങ്ങി ഗർഭപാത്രദിത്തികളിലെ അർബ്ബുദലിഖിതങ്ങൾ വായിക്കാൻ പാടുപെട്ടു്, പുകമഞ്ഞമുറിയിൽ ഞാൻ കുടുങ്ങി (പുറം 33)

ഈ അർബ്ബുദലിഖിതങ്ങൾ വായിക്കാൻ പാടുപെട്ടു് ഞാൻ ഇവിടെ ഇരിക്കുന്നു; കിടക്കുന്നില്ല. "ഉരുഭംഗം" എന്നാണു് ചെറുകഥയുടെ പേരു്. എഴുതിയതു് ശ്രീ കെ. അരവിന്ദാക്ഷൻ. സാഹിത്യസൃഷ്ടിയിലെ വാക്കുകളെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണു് ഈ വിധത്തിലെഴുതാൻ അരവിന്ദാക്ഷനെയും അദ്ദേഹത്തെപ്പോലുള്ള മറ്റുള്ളവരെയും പ്രേരിപ്പിക്കുന്നതു്. ശരീരത്തിലണിയുന്ന കഞ്ചുകംപോലെ സാഹിത്യഗാത്രത്തിലേക്കു് എടുത്തിടുന്ന ഉടുപ്പല്ല വാക്കുകൾ വികാരംതന്നെ വാക്കുകളായി മാറുകയാണു്. അതിനാൽ വാക്കുകളുടെ സമാഹാരമോണു് സാഹിത്യസൃഷ്ടി. ഈ മൗലികതത്ത്വം ഇന്നാട്ടിൽ കൃത്രിമരചനയിൽ മുഴുകുന്നവർ മനസ്സിലാക്കുന്നില്ല

"ചേരുന്ന സൗരഭമെഴും ചെറുകാറ്റു-
വീശി
വാരുറ്റ രണ്ടു മുകിലിൻ ശകലങ്ങൾ-
തമ്മിൽ
ചേരുന്ന ചന്ദ്രകരചുംബിതമുഖത്തു-
നിന്നു
ചാരുസ്മിതം; തനുവിറകമ്പിത-
മായിടുന്നു;
വല്ലിക്കുമേൽ തല ചുരുണ്ടു-
തഴച്ചുലഞ്ഞോ-
ളിരുകളിലൂടെ വിഴുപ്പുജലം അടിഞ്ഞുകൂടവെ രമ കരുതി: 'എന്റെ സ്റ്റാറക്കാലിയും എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു." (പുറം 53)

ഇവിടെ കലയില്ല. കുട്ടികളെ കാമവികാരത്തിലേയ്ക്കു തള്ളിവിടുന്ന പദപ്രയോഗങ്ങളേയുള്ളു. കല പ്രകാശമാണു്. കലാരാഹിത്യം അന്ധകാരവും. അരവിന്ദാക്ഷൻ അന്ധകാരം വ്യാപിപ്പിക്കുന്നു.

ചങ്ങമ്പുഴയുടെ രമ പ്രേമഗാനത്തിലെ രണ്ടു വരികൾ:—

"പട്ടാരിഞാൻ നേരെയാക്കാമതാ
ഞെട്ടി ദൂരത്തൊഴിഞ്ഞുകഴിഞ്ഞുനീ"

ഇനി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ചില വരികൾ:—

"കാമനിച്ചോന്നു നള്ളിയപോലു-
ള്ളാനണക്കഴിയുമ്മയാചിക്കേ,
വീണതൻ കടംപോലാം നിതംബം
വീണരുമുന്ന വേണികുചംബം
വാരി, ഞാനെന്റെ മാറിലാലജ്ജ

വിത്തം, വിദ്യ, രോഗം

രല്ലിദ്ധകാന്തിയൊടഴിഞ്ഞു,
കീഴ്നേഴഞ്ഞു;
ചില്ല്ൽപ്പതിഞ്ഞു പവഴങ്ങൾ;—
തെളിഞ്ഞു തിങ്കൾ
ത്തെല്ലിൽപ്പളുങ്കുപൊടി; യങ്ങനെ—
നിന്നിതല്ല."

എന്ന രണ്ടു ശ്ലോകങ്ങളുടെ കലാഭംഗി ആരു നിഷേധിക്കാനാവും" ആ ഭംഗി ലഭിച്ചതിനു ഹേതു എന്താണു്? വികാരം വാക്കുകളായി മാറിയിരിക്കുകയാണു് വിടെ. അതല്ല അരവിന്ദാക്ഷന്റെ കഥയിലെ സ്ഥിതി:

"വെണ്ണക്കൽത്തൂണുകൾക്കിടയിലെ ആദിശക്തിയുടെ, പാവ്വതിയുടെ, അമ്പലത്തിൽ, എന്റെ ദിവ്യമുഖപൂജിച്ചു, (ധന്യം) തുക്കണ്ണുമുറങ്ങു, സംഹാരരുദ്രനായി, പ്രപഞ്ചശക്തി ഏറ്റുവാങ്ങി അഗ്നിസ്തംഭലിംഗങ്ങൾ വിതറുമ്പോൾ ഞാൻ പിറുപിറുത്തു. "എന്റെ ഇറക്കാലിയുടെ നഷ്ടം പൂർത്തിയായിരിക്കുന്നു." ചന്ദ്രകോശങ്ങളുടെ രോമത്തെ കോരുകുണ്ടുകളെ സ്വന്തമാക്കി
ഉമ്മവെച്ചോൻ ചെറുപൊടരോമ
ച്ചെമ്മിയന്നതൽച്ചെന്നിയിൽ, ചു-
ണ്ടിൽ."

വെർജിലിനാൽ നയിക്കപ്പെട്ട നരകത്തിന്റെ രണ്ടാമത്തെ വലയത്തിലെത്തിയ ദാന്തേ, ഫ്രാൻസിസ്കയുടെ പ്രേമകഥ കേട്ടു ബോധശൂന്യനായി വീഴുന്നതു "ഡിവൈൻ കോമഡി"യിലെ അഞ്ചാമത്തെ സർഗ്ഗത്തിൽ വർണ്ണിച്ചിട്ടുണ്ടു. ഗൃഹോടമകളായ ഫ്രാൻസിസ്കയെ ധീരനെങ്കിലും അംഗഭംഗമുള്ള ഒരുവൻ വിവാഹം കഴിച്ചു. ഫ്രാൻസിസ്കയുടെ ഭർത്താവിന്റെ അനുജനും സുന്ദരനുമായ പയോവ്രായിനെ സ്നേഹിക്കുകയാണുണ്ടായതു്. അയാൾ വിവാഹിതനായിരുന്നുവെന്നതു് അവരുടെ പ്രേമത്തിനു തടസ്സം വരുത്തിയില്ല. വഞ്ചിക്കപ്പെട്ട ഭർത്താവു് ഫ്രാൻസിസ്കയെയും അവളുടെ കാമുകനെയും (1285-ൽ) കൊന്നുകളഞ്ഞു. നരകത്തിൽ

(ശേഷം 50-ൽ)

ഒരു പുലരിയിലാണു യാത്ര പുറപ്പെട്ടതു്. മറെറാരു പുലരിയിലേയ്ക്കുള്ള യാത്ര.

യാത്രയാക്കുവാൻ എല്ലാവരുമുണ്ടായിരുന്നു ഉമ്മറത്തു്. അവർ, ഉത്സാഹപൂർവ്വം ഭാരമുള്ള പെട്ടി കതിരപ്പുറത്തുവച്ചുകെട്ടുന്ന അയാളെ നോക്കി വിഷാദം പങ്കിട്ടു.

ഒരുക്കങ്ങൾ പൂർത്തിയായപ്പോൾ അയാൾ എല്ലാവരേയും നോക്കി, ഒരിക്കൽ കൂടി. ആഗ്രഹങ്ങൾ പ്രകടിപ്പിച്ച അമ്മ. ജ്യേഷ്ഠൻ. ചെറിയ പെങ്ങൾ ആഗ്രഹങ്ങൾ പറയാൻവയ്യാത്ത, അമ്മയ്ക്കു പിന്നിൽ ഉച്ചച്ചൂടിൽ നിൽക്കുന്ന പെങ്ങന്മാർ.

യാത്ര ഒരിക്കൽക്കൂടി പറഞ്ഞു് അയാൾ കതിരയെ തൊട്ടുതലോടി.

കതിരപ്പുറത്തുള്ള യാത്ര. അമ്മ വീണ്ടും പറഞ്ഞു: തിരക്കേറിയ പട്ടണത്തിലേക്കാണു പോകുന്നതു്. നല്ലവണ്ണം മനസ്സിരുത്തണം

അയാൾ അതു സമ്മതിച്ചു ചാടിക്കയറി. കണ്ണുകൾ പാതി മറയ്ക്കപ്പെട്ട കതിര പുറപ്പെട്ടു.

അയഞ്ഞുകിടക്കുന്ന കടിഞ്ഞാണിൽ പിടിച്ചുകൊണ്ടു്, പായുന്ന കതിരപ്പുറത്തിരിക്കുമ്പോൾ പ്രതിഷേധിക്കുന്ന മുഖങ്ങൾ കണ്ടു. കതിരയെ വാങ്ങിയതിൽ സന്തോഷമുള്ള ആരുമില്ല വീട്ടിൽ. വാഹനസൗകര്യങ്ങൾ ഇത്രയധികമുള്ളപ്പോൾ കതിര ഒരു പ്രാരബ്ധമാണു് എന്നാണു് എല്ലാവരുടേയും പക്ഷം കതിരകളും കതിരപ്പന്തയങ്ങളും ധാരാളമുള്ള ഈ സ്ഥലത്തു താമസം തുടങ്ങിയതുമുതലുള്ള തന്റെ അഭിലാഷമാണിതു് എന്നു പക്ഷേ, അവരാരും മനസ്സിലാക്കുന്നില്ല. അതുകൊണ്ടു തന്നെ മററുള്ളവരുടെ അവജ്ഞ സ്വാഭാവികം എന്നു കരുതിക്കൊണ്ടു സൗകര്യമായപ്പോൾ കതിരയെ വാങ്ങുകയും ചെയ്തു.

ഒരു യോദ്ധാവിന്റെ ഗൗരവത്തോടെ അയാൾ കതിരയെ തെളിച്ചു. തന്റേയും പെട്ടിയുടേയും ഭാരം ചുമക്കുന്ന കതിരയിൽനിന്നും അയാൾ, പട്ടണത്തിലെത്തിയാൽ വെട്ടിപ്പിടിക്കേണ്ട ഭൂവിഭാഗങ്ങളിൽ വീണു. ഏതു ദുഷ്കരമായ യാത്രയായാലും ലക്ഷ്യത്തിലെത്തുന്നതുവരെ ഈ കതിര തന്റെ യാത്രയ്ക്കു കൂട്ടുണ്ടാവുമെന്ന ബോധം അയാൾക്കു് ആത്മവിശ്വാസം നൽകി

തിരക്കിന്റെ ചുഴിയിൽ പട്ടണം, ചിലന്തിവലയിലെ നൂലുകൾപോലെ നിരത്തുകൾ. ഭാവിപോലെ ദുരൂഹമായ വഴികൾ. പോകേണ്ട വഴി ഏതാണെന്നു പിടികിട്ടാതെ കുഴങ്ങി അയാൾ. ഉത്സാഹംകൊണ്ടു തളർച്ചയറിയാതെ കുതിക്കുന്ന കതിര പക്ഷേ, അയാളേയും കൊണ്ടു് ഒരു വഴികാട്ടിയെപ്പോലെ മുന്നോട്ടുനീങ്ങി.

പട്ടണത്തിന്റെ തിരിക്കിൽ ഊളിയിട്ടപ്പോൾ അയാളുടെ കണ്ണുതെളിഞ്ഞു. ധൈര്യം അയാളുടെ മനസ്സിൽ ഒരു രജതരേഖയുളവാക്കി. അയാൾ പതുക്കെ പുതിയ ഭൂമികൾ വെട്ടിപ്പിടിക്കുവാൻ തുടങ്ങി ഒററയ്ക്കു്. കതിര പുതിയ സഞ്ചാരപഥങ്ങൾ തെളിയിച്ചു.

പിന്നീടയാൾ കച്ചവടക്കാരനായി അയാൾക്കു് ഒരു പൂച്ചയെപ്പോലെ രാത്രി കാഴ്ച ലഭിച്ചുതുടങ്ങി. നിറയുന്ന കീശയിലേക്കു നോക്കി അയാൾ സൈലാസ് ചാർനറെപ്പോലെ ശുഢമായി ആനന്ദിച്ചു.

പതുക്കെ അയാളിൽ സൃഷ്ടിയുടെ പരിണാമപ്രക്രിയ നടന്നുകൊണ്ടിരുന്നു; അയാളറിയാതെ. അയാളുടെ ജീവിതം ഒരു യുദ്ധവിമാനത്തേക്കാൾ ധൃതിനിറഞ്ഞതും സാഹസം നിറഞ്ഞതുമായി രാത്രികളിൽ അയാൾ ഒരു സിംഹമായി ഇരയെ വേട്ടയാടി. പാമ്പായി ഇണയെ വരിഞ്ഞുമുറുക്കി. കാററായി പരാഗപതനം നടത്തി. അപ്പോഴെല്ലാം വിട്ടുപിരിയാതെ അയാളോടൊപ്പം കതിരയുമുണ്ടായിരുന്നു.

ഉയരങ്ങളിലേക്കുള്ള ഓരോ യാത്രയ്ക്കിടയിലും അയാൾ ചിലപ്പോൾ മനസ്സിൽ തളർന്നുവീണു. വെളിച്ചം കുറഞ്ഞ ആ സമയങ്ങളിൽ അന്ധകാരത്തിൽ നിൽക്കുന്ന അമ്മയേയും ജ്യേഷ്ഠനേയും കണ്ടു, ജ്യേഷ്ഠത്തിമാരേയും അനിയത്തിയേയും കണ്ടു. അവരുടെ കാത്തിരിപ്പു്. അവരുടെ പ്രതീക്ഷകൾ.

കഥ

മുണ്ടൂർ സേതുമാധവൻ

ഓരോ തവണ തിരിഞ്ഞുനോക്കുമ്പോഴും അയാൾ ഭീരുവായി സ്വയം ചോദിച്ചു: തെററു് എവിടെയാണു്?

കൂട്ടുതൽ നേരം തിരിഞ്ഞുനോക്കാൻ കതിര സമ്മതിയ്ക്കാറില്ല. വർദ്ധിച്ച ഉത്സാഹത്തോടെ, ആദ്യത്തെ സവാരിപോലെ അതു അയാളേയു കൊണ്ടു് പാഞ്ഞു.

പട്ടണത്തിൽ ഇപ്പോൾ അയാൾ അറിയാത്ത ധനികരില്ല: കാണാത്ത സ്ഥലങ്ങളില്ല: യാത്ര ചെയ്തിട്ടില്ലാത്ത വീഥികളില്ല: കാർമ്മേഘം കണ്ട തുമ്പിയെപ്പോലെ അയാൾ പട്ടണത്തിൽ പറന്നുനടന്നു:

ചെവിയോർത്തുകിടക്കുന്ന രാത്രിയുടെ കനത്ത മൂകതയിൽ ഉഷ്ണക്കാററു് വീശുന്ന താഴ്ന്ന ഭൂമികളിൽ ഒരു നദിയായി പ്രവഹിക്കുമ്പോൾ വീണ്ടും അയാൾ മുന്നിൽ കാണുന്നു: വീടു്. വീട്ടിൽ എണ്ണയില്ലാതെ കരിയുന്ന വിളക്കുകൾ. വിവർപ്പിൽക്കുളിച്ചു തളർച്ചയോടെ കടപ്പാടുകളെപ്പററി കുററബോധത്തോടെ ചിന്തിക്കുന്നതിന്നിടയിലും അയാൾ യാത്രതുടർന്നു. കതിര പറക്കുന്നു. മസ്തിഷ്കത്തിൽ ചിന്തയുടെ ചൂടേറുന്ന നിമിഷങ്ങളിൽ യാത്രയുടെ വേഗം കുറയ്ക്കുവാൻ അയാൾ ആഗ്രഹിച്ചു. പക്ഷേ, കതിര തളർന്നില്ല: ഓരോ യാത്രകഴിയുമ്പോഴും അതു് ഒരു മാൻകിടാവിന്റെ കൗതുകത്തോടെ ചാടിത്തിമർത്തു: താനിനിയും കണ്ടിട്ടില്ലാത്ത പുതിയ പാതകൾ കാണിച്ചുകൊടുത്തു് അതു അയാളെ അത്ഭുതപ്പെടുത്തി:

യാത്ര തുടരുന്നതോടൊപ്പം കതിര വളർന്നുവന്നു അതു് ഒരു ലക്കുമില്ലാതെ വളർന്നു് ആകാശമുട്ടിനിന്നു. കതിര അയാളെ വിഴുങ്ങി:

മേടച്ചൂടിൽനിന്നും ഇടവത്തിന്റെ കണ്ണീർപ്പുഴയിലെത്തിയപ്പോഴേക്കു് അയാൾ തളർന്നുപോയി, തീരെ. നട്ടുച്ചവെയിലിൽ മേഹാലസ്യപ്പെട്ടു കിടക്കുന്ന ഗ്രാമപ്പെരുവഴിയിൽ താൻ ഒററയ്ക്കു നില്ക്കുന്നതായി അയാൾ സ്വപ്നം കണ്ടു.

(ശേഷം 16-ൽ)

കാക്കനാടന്റെ ലേഖനം

മന ഭജനശക്തി പാദയോസ്തേന-
ഭക്തി-
ന്ന ച വിഷയവിരക്തി ധ്യാന-
യോഗേ ന സക്തി
ഇതി മനസി സദാഹം ചിന്തയന്നാദ്യ-
ശക്തേ
തവ വചന പുഷ്പൈരർച്ചനം-
സംചിനോമി.

ആദിഗുരു ശ്രീശങ്കരാചാര്യരുടെ ശ്രീചക്രപൂജയിലെ ആദ്യത്തെ ശ്ലോകമാണ് മുകളിൽ ഉദ്ധരിച്ചത്. ആദിശങ്കരൻ മനുഷ്യനാവുന്ന എല്ലാ അറിവുകളും നേടി, പണ്ഡിതന്മാരെയൊക്കെ മത്സരങ്ങളിൽ വെന്നു, സർവ്വജ്ഞപീഠം കയറിയ ആളാണ്. ആ സർവ്വജ്ഞന്റെ വാക്കുകൾ കേൾക്കുക:— എനിക്ക ഭജനശക്തിയില്ല; നിന്റെ പാദാരവിന്ദങ്ങളിൽ ഭക്തിയില്ല; വിഷയകാര്യങ്ങളിൽ വിരക്തിയില്ല; ധ്യാനയോഗത്തിൽ താല്പര്യമില്ല. ഇതേക്കുറിച്ച് എല്ലായ്പ്പോഴും ചിന്തിക്കുന്ന ഞാൻ, ആദിപരാശക്തി, നിനക്കു സുന്ദര പദങ്ങളുടെ പുഷ്പങ്ങൾ അർച്ചന ചെയ്യുന്നു.

തന്റെ പൂർണ്ണമായ അജ്ഞത അംഗീകരിക്കുകയാണ് സർവ്വജ്ഞപീഠം കയറിയ ഗുരു. ദേവീസങ്കല്പത്തിനു മുൻപിൽ താൻ നേടിയതൊന്നും അറിവുകളായിരുന്നില്ലെന്ന ബോധം, തന്റെ അയോഗ്യതകളെക്കുറിച്ചുള്ള ബോധം അദ്ദേഹത്തിൽ ഉണരുന്നു. അത്ഭുതാവഹവും നിഗൂഢവും മനോഹരവുമായ പ്രപഞ്ചങ്ങളും പ്രപഞ്ചശക്തികളും മനുഷ്യന്റെ അന്വേഷണതല്പരയുടെ മുൻപിൽ ഒരിക്കലും കീഴടങ്ങാത്ത ശക്തിദുർഗ്ഗങ്ങളായി എക്കാലവും നിലനിന്നുപോന്നിട്ടുണ്ട്. ഇന്നും നിലനില്ക്കുന്നു. മനുഷ്യൻ എത്രയൊക്കെ പഠിച്ചാലും എത്രയൊക്കെ ഗവേഷണം നടത്തിയാലും അവൻ ഒന്നും മനസ്സിലാക്കുന്നില്ല. അവൻ നേടിയ അറിവുകളുടെ ദീപശിഖകൾക്ക ഭേദിക്കാനാവാത്തത്ര ഇരുട്ട്, അവന്റെ അറിവുകളുടെ കനത്തമതിൽക്കെ തുളയ്ക്കാനാവാത്തത്ര കട്ടിയുടിയ യവനിക പ്രപഞ്ചരഹസ്യങ്ങളെ പൊതിഞ്ഞുനില്ക്കുന്നു. മനുഷ്യന്റെ ഈ പരിമിതി, ഈ കഴിവുകേട് മനസ്സിലാക്കിയിട്ടാണ്, പണ്ഡിതന്മാരിൽ പണ്ഡിതനായിരുന്ന ആദിശങ്കരൻ തന്റെ കഴിവുകേട് ഉണർത്തിച്ചുകൊണ്ട് 'രുചിരവചന പുഷ്പം' അർച്ചന ചെയ്തുകൊണ്ട് സ്തുതി ആരംഭിക്കുന്നത്. സ്വന്തം അറിവുകേടും പരിമിതിയും അംഗീകരിക്കുവാൻ മഹത്തുക്കൾ തയ്യാറാവുന്ന എന്ന പരമാർത്ഥത്തിനു നിദർശകമാണിത്.

*

മറ്റാണ്, പക്ഷേ, നമ്മിൽ അനേകം ആൾക്കാരുടെ സമീപനം.

എന്റെ ഒരു യുവസുഹൃത്ത് ഈയിടെ വികാരരഹിതനായി എന്നോട പറഞ്ഞു: "എങ്കിലും സാറേ, സാറാണോ ഇങ്ങനെ പറയുന്നത്?" സാറിൽനിന്നു ഞാൻ തൊതിക്കും പ്രതീക്ഷിച്ചില്ല."

അദ്ദേഹത്തിന്റെ കണ്ണുകൾ കലങ്ങിയിരുന്നു. തൊണ്ടയിൽ ഞരമ്പുകൾ തുറിച്ചുനിന്നിരുന്നു. അദ്ദേഹം ആകെ വികാരാധീനനായിരുന്നു. ഒട്ടുനേരത്തെ സംസാരം അദ്ദേഹത്തിന്റെ ശബ്ദംവരെ മാറിമറിച്ചിരുന്നു.

അദ്ദേഹത്തിന്റെ ദുഃഖത്തിനു കാരണം ഒന്നേ ഉള്ളൂ. വളരെ ലളിതമായ ഒരു കാരണം. 'ദൈവം ഇല്ല' എന്നു ഞാൻ പറയുന്നില്ല.

ഞാൻ അദ്ദേഹത്തോട് 'ദൈവം ഉണ്ട്' എന്നും പറഞ്ഞില്ല. പക്ഷേ, 'ദൈവം ഇല്ല' എന്നു അദ്ദേഹം ശഠിച്ചപ്പോൾ അങ്ങനെ ശാഠ്യം പിടിക്കരുത് എന്നു ഉപദേശിച്ചതേ ഉള്ളൂ.

എന്റെ സുഹൃത്ത് സമർത്ഥനാണ്. ബുദ്ധിമാനാണ്. പരീക്ഷകൾ റാങ്കോടുകൂടി പാസ്സായവനാണ്. ധാരാളം വായിക്കും. വായിക്കുന്നതു മനസ്സിലാക്കും. നല്ല തോതോടെ സംഗതികളെ സമീപിക്കുമ്പോൾ, അശ്രദ്ധകൊണ്ടുണ്ടാവുന്ന ഒരപകടത്തിൽ എന്റെ യുവസുഹൃത്തിനെപ്പോലെ നമ്മിൽ പലരും ചെന്നുചാടുന്നു. ഈ അവബോധത്തിനു അതിന്റേതായ യുക്തിയുണ്ട്; ആ യുക്തിക്ക പ്രത്യക്ഷത്തിൽ നിരക്കാത്തതെന്തോ കാണുന്ന എന്തിനെയും നിഷേധിക്കാനുള്ളൊരു വ്യഗ്രത നമ്മിൽ വളരുന്നു.

നമ്മുടെ നാട്ടിൽ പ്രചരിക്കുന്ന യുക്തിവാദം എന്ന അയുക്തികവാദം ഈ അപകടത്തിനു കൂട്ടുനിൽ വഴിവയ്ക്കുന്നു.

യുക്തി ഒരു വാദമല്ല, ഒരു ബോധമാണ്.

നൂറ്റാണ്ടുകളായി മനുഷ്യൻ നേടിയ അറിവുകൾ ഉൾക്കൊണ്ടു് ആ അറിവുകളുടെ അടിസ്ഥാനത്തിൽ മുമ്പോട്ടുപോവാൻ നമ്മെ സഹായിക്കുന്ന ഉപകരണമാണ്, വെളിച്ചമാണ യുക്തിബോധം. ഇനിയും നാം ചെന്നെത്തിയിട്ടില്ലാത്ത പ്രപഞ്ചരഹസ്യങ്ങളുടെ അന്ധകാരജാലികമാ

യുക്തി എന്ന ബോധം

വനാണ്. വിനയസമ്പന്നനാണ്. ഒക്കെയാണ്. പക്ഷേ,...

അദ്ദേഹം വിശ്വസിക്കാൻ തയ്യാറാവുന്നില്ല. അതിനു വേണ്ടത്ര കാരണങ്ങൾ അദ്ദേഹത്തിന്റെ പക്കലുണ്ടാവണം.

അവിടെയാണ് അപകടം.

നമുക്കു കുറെ അറിവുകളുണ്ട്. ആ അറിവുകളുടെ അടിസ്ഥാനത്തിലാണ് നാം പ്രശ്നങ്ങളെ നേരിടുന്നത്. തലമുറകളായി നമുടെ ഉള്ളിൽ കുടികൊള്ളുന്ന പരമ്പരാഗതമായ സംസ്കാരം, അതിൽ നിന്നു രൂപംകൊണ്ട ചില ധാരണകൾ, ചില ബോധങ്ങൾ, ചില ബിംബങ്ങൾ ഇവ നമുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ അടിസ്ഥാനപരമായ പങ്കു വഹിക്കുന്നു. ഈ പരമ്പരാഗതസംസ്കാരത്തെ ആജ്ജിതസംസ്കാരംകൊണ്ടു നാം പരിപോഷിപ്പിക്കുന്നു. ഈ രണ്ടു സംസ്കാരങ്ങളും ചേർന്ന ഒരു അവബോധമാണ നമുടെ പെരുമാറ്റങ്ങളെ നയിക്കുന്നതും നിയന്ത്രിക്കുന്നതും. ഈ അവബോധത്തെ വളച്ചൊടിച്ചു വ്യാ

പന്തയം

(13-ൽനിന്നും തുടർച്ച)

കതിര പാഞ്ഞുകൊണ്ടേയിരുന്നു: കതിരയുടെ വേഗം വെയിലിന്റെ ചൂട്ടുപോലെ കൂടിക്കൊണ്ടിരുന്നു. സ്വയം നിയന്ത്രിക്കാൻ അയാൾ ശ്രമിച്ചു. വെള്ളത്തിലെ അലകളെ പിടിക്കാനുള്ള ശ്രമംപോലെ അതു് നിഷ്പ്രയോജനമായി.

യാത്രക്കിടയിൽ വഴിക്കുവെച്ചു് ഏതോ ചെറുപ്പക്കാർ ഒരിക്കൽ കതിരയ്ക്കു വിലപറഞ്ഞു. നീളമുള്ള കാലുകളും പറക്കാനുള്ള കരുത്തുമുള്ള ആ മൃഗത്തെ എന്തുവിലകൊടുത്തും വാങ്ങാൻ ചെറുപ്പക്കാർ തയ്യാറായിരുന്നു അയാൾ പക്ഷേ, വിൽക്കാൻ തയ്യാറായിരുന്നില്ല.

ഈ കതിരയില്ലെങ്കിൽപ്പിന്നെ ഞാനില്ല.

ഒരിക്കലും അവസാനിക്കുകയില്ലെന്നതോന്നലുണ്ടാക്കുംവിധം യാത്രകൾ തുടർന്നു. കതിരയുടെ കളമ്പടിക്കിടയിൽ ജനിക്കുകയും മരിക്കുകയും ചെയ്യുന്ന പകലുകൾ. രാത്രികൾ. ഋതുക്കൾ. ദിക്കുകൾ.

പാത നീണ്ടു, വീണ്ടും, ദുർഘടം പിടിച്ച ഈ യാത്ര ഒരിക്കലും തന്നെ ലക്ഷ്യത്തിലെത്തിക്കുകയില്ലെന്നു്. അയാൾക്കു തോന്നി. ആ ചിന്ത അയാളെ ചകിതനാക്കി. അയാൾ തണലും വിശ്രമവും കൊതിച്ചു. ജലവും ജീവിതവും കൊതിച്ചു.

പക്ഷേ, യാത്ര തുടരുകതന്നെ ചെയ്തു. മണലാരണ്യത്തിലൂടെ. വേശ്യയായ കാററിന്റെ സ്പർശനത്തിൽ മുഖം പൊള്ളി. അയാൾ തളർന്നു.

കതിര കതിച്ചുപാഞ്ഞു. എങ്ങോട്ടെന്നില്ലാതെ. എത്ര ശക്തിയിൽ കടിഞ്ഞാൺ പിടിച്ചിട്ടും ഫലമുണ്ടായില്ല. ആകർഷണവലയം ഭേദിച്ച ബഹിരാകാശവാഹനം പോലെ കതിര പാഞ്ഞു. വായിൽനിന്നു് നരയും പതയും വന്നു.

അവസാനം, ഏതോ മൃതമായ തഴ്വരയിൽവെച്ചു് അയാളുടെ പിടിയററു. പൊള്ളുന്ന, നഗ്നമായ മണ്ണിൽ അയാൾ.

അപ്പോൾ, തിരക്കുപിടിച്ച യാത്രയ്ക്കും എത്താൻ കഴിയാത്ത ലക്ഷ്യത്തിനുമുപരി അയാളിൽ നിറഞ്ഞുനിന്നതു്, പണ്ടെന്നോ യാത്രപറഞ്ഞു പിരിഞ്ഞ അമ്മയായിരുന്നു. ജ്യേഷ്ഠനും പെങ്ങന്മാരുമായിരുന്നു. തളർച്ചയിൽ തകർച്ചയിൽക്കിടന്നു് അപ്പോൾ അയാൾ പ്രാർത്ഥിച്ചു. മറെറാരു ജന്മത്തിനുവേണ്ടി.

—o—

മാക്കി, ആ വാദത്തിന്റെ അടിസ്ഥാനത്തിൽ സ്പർശവേദ്യമോ ദർശനവേദ്യമോ അല്ലാത്ത എല്ലാററിനെയും തള്ളിപ്പറഞ്ഞു്, നിഷേധിച്ചു മനസ്സിനെ ഒരു നിശ്ചലജലപ്പരപ്പാക്കുന്നതിനുപകരം നമ്മുടെ അറിവുകേടുകളെ അറിഞ്ഞു്, പരിമിതികളെ അറിഞ്ഞു്, കൈവശമുള്ള പരിമിതമായ അറിവുകൾ കൂടുതൽ അറിവുകൾ നേടാനും അജ്ഞതയുടെ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കുന്നതിനുമുള്ള ആയുധങ്ങളായി ഉപയോഗിച്ചു മുന്നോട്ടു നീങ്ങുവാൻ, അങ്ങനെ ജീവിതം കൂടുതൽ ധന്യവും അർത്ഥപൂർണ്ണവും ആക്കുവാൻ!

ആദിഗുരുവിന്റെ മഹദ്വിനയം നമുക്കു മാർഗ്ഗദർശകമായെങ്കിൽ.

—o—

ഹോമിയോപ്പതി

വീട്ടിലിരുന്നു് മലയാളത്തിൽ മംഗിയായി പഠിക്കാം. പ്രായോഗിക പരിശീലനവും നൽകുന്നതാണു്. വിശദവിവരങ്ങളടങ്ങിയ പ്രോസ്പക്ടസിനെഴുതുക.

ഡയറക്ടർ,
ഇൻഡ്യൻ ഹോമിയോ മിഷൻ,
കോട്ടയം.

ഒന്നാംകിട സാഹിത്യകാരന്മാർ!
ഒന്നാംകിട ചിത്രകാരന്മാർ!
ഒന്നിച്ചണിനിരക്കുന്നു.

1972 മലയാളനാട്

വാർഷികവിശേഷാൽപ്രതി
മേയ്മാസത്തിൽ പുറത്തുവരുന്നു!

പേജ്: 300 വില രൂ: 5-00

ഒററപ്രതി രജി: പോസ്ററുവഴി 6-25

പരസ്യത്തിനു്
ഏററവും പററിയ മാദ്ധ്യമം.

നിങ്ങളുടെ കോപ്പികൾ മുൻകൂട്ടി ബുക്കുചെയ്യുക!

മാനേജർ,
മലയാളനാട്
വാർഷിക വിശേഷാൽപ്രതി,
കൊല്ലം.

ഒരൊററ പാത. അതു് മുന്നിൽ നിവരുന്നു. ചെങ്കൽപ്പാതയുടെ ഇരുപുറത്തും കയ്യാലകൾ. ചുവപ്പു പടർന്ന തോതങ്ങൾ. തോയങ്ങൾ പാർക്കുന്ന വളപ്പുകളിലെ തോതങ്ങൾ കണ്ണിമ തുറന്നു. ഒററയ്ക്കു വലയുന്ന കോമുട്ടി. ഇലകളിൽ തെള്ളിയ ചുവപ്പുപാടുകളിൽ കോമുട്ടി കണ്ണുറപ്പിച്ചു. കേശവന്റെ വഴി കോമുട്ടിയുടേതല്ല. ആശ്രമത്തിലെത്തുന്ന ചെങ്കൽപ്പാത നിവരുന്നു, കോമുട്ടിയുടെ പാത നിവരുന്നു.

ഇനി തെക്കോട്ടില്ല. മുളമ്പാടം മുളമ്പാടമായ ഒതുങ്ങും. ഒടുവിൽ കോമുട്ടി അവിടെനിന്നിറങ്ങിപ്പോന്നതു് ഓർമ്മയുണ്ടു്. ചാമ്പേട്ടൻ ചുണ്ടടച്ചു വിതുമ്പി ചാമ്പേട്ടനു കോമുട്ടിയോടു് ഈറയില്ല. നിയ്യ് പോവരുതു്, കോമുട്ടി. ചാമ്പേട്ടനുതന്നെയും പേടിയാണു്. ജാന്വമ്മ നിവരുന്നതു് ഏതു കട്ടിൽക്കാലിൽ! കോമുട്ടിക്കും അറിയില്ല. ചാമ്പേട്ടൻ വിതുമ്പുന്നതെന്തിനു്.

കടലിൽ ഒടുങ്ങാനാഞ്ഞ ചാമ്പേട്ടൻ പാടൊടുക്കാൻ കടൽപ്പാടിലെത്തിയതു് ജാന്വമ്മയുടെ കാലിൽക്കാലിൽ കോമുട്ടി കിടക്കുന്നതു കണ്ടിട്ടാണു്. രാമാനെ അവന്റെ തള്ളയുടെ വിരലിൽ കോർത്തു വിട്ടതു കോമുട്ടിയായിരുന്നു. ഇല്ലെങ്കിൽ അവൻ കടലിൽ ഒടുങ്ങുമായിരുന്നു.

കണ്ണു തുടച്ചുകൊണ്ടാണു് ചാമ്പേട്ടൻ കോമുട്ടി ഇറങ്ങിപ്പോകുന്നതു കണ്ടതു്. നിനക്കു മറുപിള്ള കിടക്കുന്നതു ആളാങ്ങല്ലൂരാണു്. എനിക്കു മുളമ്പാടത്തും ചാമ്പേട്ടൻ നാവൊഴിച്ചു: "എനിക്കു കേശവന്റെ മാളം"

കോമുട്ടി തെണ്ടിപ്പാളയം വിട്ടോടിയതു ചാമ്പേട്ടനോടു പകുത്തായിരുന്നില്ല. പകൽ കത്തിത്തുള്ളുന്ന നേരം. വെളുത്ത തോലുള്ള ചമനും കവിളിൽ പാഞ്ഞുപരന്ന ഓയുരെ തെണ്ടികളും കോമുട്ടിയുടെ മുടിക്കെട്ടിൽ കടന്നുപിടിച്ചു. കേശവന്റെ തെണ്ടികൾ.

ഇവർ നിന്നെ കൊല്ലും

ചാമ്പേട്ടൻ കിടക്കുന്നിടത്തുനിന്നു മെയ്യുയർത്തിയില്ല. നാവൊഴിച്ചു: "ഇവർ നിന്നെ കൊല്ലും" അപ്പോഴേയ്ക്കും വെളുത്ത ചമൻ കോമുട്ടിയുടെ അരക്കെട്ടിൽ വിരൽ കുത്തി. "നിന്റെ പൊന്നെടുക്കാതെ ചമൻ നിന്നെ വിടില്ല" എന്നിട്ടും ചാമ്പേട്ടൻ മുഖമുയർത്തിയില്ല. കോന്നൻ കൈയെടുത്തപ്പോഴും ചാമ്പേട്ടൻ ഒച്ചയനക്കിയില്ല.

കൊരുന്ന്യോടന്റെ ഉള്ളുരുകി. അരക്കെട്ടിൽ പിടിയിട്ട വിരലുകളെത്രു. കോലയയ്ക്കപ്പുറത്തുനിന്നും ചാമ്പേട്ടന്റെ അറയിൽ തെണ്ടികൾ വന്നുവീണു. വന്നവർ വന്നവർ കൊരുന്ന്യോടന്റെ അരക്കെട്ടിൽ വിരലുടക്കി. "പൊന്നഴിക്കു്, പൊന്നഴിക്കു്."

മുളമ്പാടം തെണ്ടിപ്പാളയത്തിൽ, കേശവന്റെ അരമനയിൽ, നട്ടുച്ചയ്ക്കു് ഇരുളുറിയടിഞ്ഞ പായക്കൊട്ടിലിനകത്തു്, കൊരുന്ന്യോടത്തു കോമുട്ടിയെ ഓയുരെ തെണ്ടികൾ വളഞ്ഞു. വെളുത്ത ചമൻ ഓയുരെ തെണ്ടികൾക്കു് ഓരംനിന്നു. ചാമ്പേട്ടന്റെ ചുണ്ടനങ്ങിയില്ല.

ഇടിത്തീപോലെ കോമുട്ടി കാളിപ്പടർന്നു ചമന്റെ വെള്ളപ്പാടു വിടർന്ന മുഖത്തു വാൾത്തലയൊന്നു തൊട്ടു കോമുട്ടിയുടെ വാൾത്തല. വെളിച്ചപ്പാടിന്റെ വാൾക്കൂർപ്പു്. നേർത്തൊരു പോറൽ പോറലിന്നാഴം. പുരപ്പുറത്തു കാവൽത്തേട്ടകളുണ്ടായിരുന്നു. മാടന്റെ തേട്ടകൾ പുരപ്പുറത്തു് ഒച്ചപ്പടപ്പുകളുടെ പിടപ്പു്. ചാമ്പേട്ടൻ അനക്കം ചത്തമട്ടിൽ തറയിൽ തലയടിച്ചു.

ഒരുവനും കോമുട്ടിയുടെ ഉടൽ തൊട്ടില്ല. പൊന്നുപൊതിഞ്ഞിരുന്ന അരക്കെട്ടിനു് ഇളക്കം തട്ടാതെ, ഈടാർന്ന താളം നാട്ടും കാൽച്ചിലമ്പിനു നൂനം തട്ടാതെ, ചുണ്ടു കോടാതെ, കണ്ണു വാടാതെ, കോമുട്ടി പുറത്തോടി. നട്ടുച്ചയുടെ വാൾ അവനു തേട്ടി. ഇരുണ്ട പകൽ. പകലിന്റെ നടു. നടു തണുത്ത പകൽ തണുക്കുന്ന നട്ടുച്ച.

കറുത്തുതുടുത്ത ചാണകത്തറയിൽ തെണ്ടികൾ കിടന്നു മുരണ്ടു. അവർ ഉറക്കെയുറക്കെ ചിരിച്ചു. അലറിച്ചാർത്തു. കോമുട്ടി ഓടിപ്പോകുന്നേയ്, കോമുട്ടി കേശവനെ വിട്ടോടിപ്പോകുന്നേയ്...

കോമുട്ടി തുടരം തോടിച്ചാടി. തോരത്തു ചാടി. പാളയത്തിനു പുറത്തൊതുങ്ങി. ചാമ്പേട്ടന്റെ കണ്ണു നനയുന്നതു കണ്ടു. കോമുട്ടിക്കു പുളപ്പു തോന്നി. ഓ

നീണ്ടകഥ

ആറു്

കൊരുന്ന്യോടത്തു കോമുട്ടി

ടി. ആർ.

യുരെ തെണ്ടികളുടെ കറുത്ത പുണ്ണു വട്ടച്ച കോലൻകൈകളിൽ നേർത്ത ചോരവരമ്പുകളിൽ ചോരപ്പോരു മൊട്ടിട്ടു. ഇരുളിന്റെ ഇളംനിഴലിൽ ചോരപ്പാടുകൾ ചുട്ടുമിന്നി. കോമുട്ടിയുടെ വിരൽക്കൂർപ്പു് തള്ളിപ്പാളിയ ചോരച്ചാലുകൾ ഇരുട്ടിനു താളം താങ്ങി. ഇരുട്ടു തെണ്ടികളുടെ കറുത്ത കൈയോതുകൾക്കു താളം തട്ടിക്കൂട്ടി. താളത്തിനു മുച്ചുവെച്ചു. മുച്ചുവിടർന്ന കാളിപ്പാളലിനു കോരിച്ചൂടു കിട്ടി. ചോരച്ചൂടു്. കൊരുന്ന്യോടൻ താടിപ്പാവിയ ചോരച്ചൂടു്.

പാതയിൽ ഇറങ്ങിയോടിയ കോമുട്ടിക്കു തെയ്യം കിട്ടി. തെയ്യട തെയ്യട നീട്ടം രണ്ടു്, തെയ്യട തെയ്യട ചാട്ടം രണ്ടു്, തെയ്യട തെയ്യട ചോട്ടം...രണ്ടു്...

താളം പാതി കൊട്ടിക്കഴിഞ്ഞപ്പോൾ കോമുട്ടി കുന്നിൻചെരിവിലെ പാതയിലെത്തിയിരുന്നു.

കോമുട്ടി ഇളംമുട്ടംകവലയിൽ നിന്നു തരിച്ചു ഷെൽട്ടറിൽനിന്നിറങ്ങിയോടിയതു്, ഒതുങ്ങിയതു് ഇളംമുട്ടംകവലയിൽ. അവിടെ തങ്ങിയിരുന്നതു ചേന്നൻ

ചേന്നൻ.

നെനക്കു് ആളോളെ കൊന്നു മടുത്തോ കോമുട്ട്യേ.

നെനക്കു് ആളോളെ കൊന്നു മടുത്തില്ലേ കോമുട്ട്യേ. ചേന്നൻ കളത്തട്ടിൽനിന്നിറങ്ങിയോടിവന്നതു മുളംപാടംകവലയിൽ. അവിടെ ചേന്നൻ മാത്രം നില്ക്കുന്നു. കരളുകുറുകി കേശവനോടിയതു കോമുട്ടിയെ പേടിച്ചായിരുന്നു. ഇപ്പോൾ ചേന്നൻ കേശവന്റെ കള്ളിയിൽ നില്ക്കുന്നു. ചേന്നൻ ചുവന്നുതുടുത്ത കോമുട്ടിയോടു്. 'നെനക്കു് ആളോളെ കൊന്നുമടുത്തോ...'മടുത്തില്ല, ചേന്നാ, കോമുട്ടിക്കു ചോരക്കുഴലോടുന്ന തടിയുണ്ടു്. തടി പൊതിയുന്ന തോലും തോലിൽ മുളമ്പാടം തെണ്ടിപ്പാളയത്തിന്റെ പാടുമുണ്ടു്.

ചേന്നൻ ഉരിയാടിയില്ല. അവനോർത്തു. അക്കം പത്താവുമ്പോൾ കോമുട്ടിക്കു തിരിയും, ചേന്നന്റെ മൊഖത്തെ മൊഴനിന്റെ വെള്ളാളായിരുന്ന മൊഴയാണു്. ആളാങ്ങല്ലൂരിൽ ചേന്നന്റെ മറുപിള്ളയെങ്ങുമില്ല ഒരിടത്തും ചേന്നന്റെ മറുപിള്ളയില്ല ചേന്നനു തള്ളയില്ല ഉടയോരില്ല ആരുമില്ല കോമുട്ടീ, ചേന്നൻ കളത്തട്ടു വിട്ടോടി

വാളൊതുക്കുന്ന കോമുട്ടിയെ കടഞ്ഞാണു കേശവൻ ഓടിയതു്. പിന്നെ ചേന്നൻ! ഇപ്പോൾ കളത്തട്ടുവിട്ടോടിയ, കാവൊഴിഞ്ഞോടിയ ചേന്നൻ കോമുട്ടിയുടെ മുന്നിൽ. പിച്ചച്ചട്ടിയില്ല കോമുട്ടീ, നിന്റെ പിടിയരി എനിക്കുവേണ്ട.

"ഞാൻ കളത്തട്ടുവിട്ടു വന്നതാണു്"— കോമുട്ടിയുടെ കാതിൽ ചേന്നൻ കുരുത്തം നാട്ടി.

ഒടുവിലത്തെ കാഴ്ച. ആളാങ്ങല്ലൂർ പടികടന്നു പുറത്തുചാടിയ കോന്നനു കോമു

ട്ടി. പടി കൊട്ടിയടച്ചു പുറത്തു പൂകിയ കോമുട്ടിക്കു ചേന്നൻ തുണ. പുതിയ സ്വാമിവന്ന വെളുപ്പാണ്. നന്ദിയങ്കാട്ടെ സ്വാമി. ചേന്നാ, നമുക്കൊരുമിച്ചു തയ്യട തയ്യട പാടിപ്പാകം വരുംകാലത്തിൽ നന്ദിയങ്കാട്ടാശ്രമത്തിൽ വാരംകോരാം. വാരം കോരാം.

ചേന്നൻ നാവൊഴിച്ചു: നെൻെറ മറുള ആളാങ്ങല്ലൂരല്ലേ? നെനക്ക് നന്ദിയങ്കാട്ട് ഒതുങ്ങാനാവ്വോ?

ചേന്നൻെറ ഇടംകണ്ണിലും ഇടംകൈയിലും കളത്തട്ടിൻെറ പാടുവീണിരുന്നു. ഇരുളടിയുന്ന നേരമായി. ഉച്ചയ്ക്ക് തുടങ്ങിയ ഓട്ടം കോമുട്ടിയെ മുളമ്പാടം കവലയിൽ എത്തിച്ചു. ഉച്ചയ്ക്ക് കാവുവിട്ടോടിയപ്പോൾ ചേന്നൻ കളത്തട്ടിൽ കിടന്നിരുന്നു. അറുപതാണ്ട് നീണ്ട കിടപ്പ്. ഒടുവിൽ ചേന്നൻെറ ഉടലൊരു വടുവായി. കളത്തട്ടിൻെറ വടു. കാവ് ചേന്നൻെറ ഉള്ളിലാളി.

തിരിവിൽ നിന്നു തിരിയുന്ന കോമുട്ടിക്ക് ചേന്നൻെറ വരവ് ചൂടേകി. മറുള തേടിപ്പോകൂ എന്നലറിക്കൊണ്ടാണ് ചേന്നൻ വന്നതു്. ചേന്നന് മറുളയില്ലത്രെ നാരായണസ്വാമിയ്ക്ക് മറുളയില്ലത്രേ. നീ ആളാങ്ങല്ലൂര്ന്ന് ഇറങ്ങി. എനിക്കവിടെ കിടപ്പുറയ്ക്കുന്നില്ല. നിന്നെത്തേടി ഇവിടെയെത്തി.

കിഴട്ടുകിഴവൻ കിതച്ചിരുന്നു. ചേന്നൻെറ മുഖത്തെ മുഴയും കണ്ണിലെ ചെളിയും കോമുട്ടി വിരൽകൊണ്ടു തൊട്ടു. ഇദാണ് കോമുട്ട്യേ നിനക്ക് ചേന്നനെ മറക്കാനാവ്വോ?

ചേന്നൻ കുന്നിൻചെരിവിലായിരുന്നു. മോന്തി മുപ്പത്തായം കരിനക്കിയ വാനം ആളാങ്ങല്ലൂരും മുളമ്പാടത്തും ഇരുളെറിഞ്ഞു. വഴിത്തിരിവിലെ കൂന്താലിയിൽ ചേന്നൻ കാലുനീട്ടിയിരുന്നു. ഇനി രാവാണ്. കടുത്ത പേടോതിയ രാവ്. ചേന്നൻ ഇനിയെങ്ങും പോവുന്നില്ല. കോമുട്ടിയുടെ പക്കത്തെത്തി. ഇനിയെങ്ങും പോവുന്നില്ല. ചേന്നന് കൂന്താലിയിൽ കത്തിത്തീരാം. കുന്നിൻചെരിവിൽ പോലിഞ്ഞമരാം. കോമുട്ടിയുടെ കണ്ണിലടരാം

തെക്കത്തെ പാട്ടും, ഓയുരെപ്പാട്ടും, തെയ്യട, തെയ്യട, കോമുട്ടിപാട്ടും, ചേന്നാ, ചേന്നാ, പാട്ടിൽപ്പടരൂ, ചേന്നാ...

കോമുട്ടിയുടെ നാഡികൾ അഴിഞ്ഞുലഞ്ഞു. കണ്ണുകൾ അമ്പുപോലെ പാഞ്ഞു. മേനി വില്ലുപോലെ വളഞ്ഞു. ഉള്ളിലെ കിടപ്പ് ഒതുക്കാനായില്ല. ഒതുക്കാനായില്ല. ചേന്നനെത്തിയിരിക്കുന്നു. കാവു വിട്ട്, കളത്തട്ടുവിട്ട് കാടം താണ്ടി, തോടും താണ്ടി, കോമുട്ടിയുടെ മുന്നിലൊരു കൂന്താലിയിൽ, കൂനുവീണ കുന്നിൻമാറിൽ ചേന്നനടയുന്നു. കോമുട്ടിയിൽ പടരാനെത്തിയ ചേന്നൻ. കോമുട്ടിയുടെ താളം പടർന്നു. ഉടയാടയഴിയുംമട്ട് തുള്ളിച്ചാർത്തി. ചേന്നൻ തൊഴുതു. ആളാങ്ങല്ലൂർ കോമുട്ടിയെ തൊഴുതു. ചേന്നൻ ആളാങ്ങല്ലൂരിൻെറ മുതുകൊടിച്ചു.

കോമുട്ടി കാലൂററി കൈകൊട്ടി തുള്ളി. ദെന്താദ് കോമുട്ട്യേ. നിയ്യറിയണുണ്ടോ? കാവു കത്തും. ഈ ചേന്നൻ കാവു വിട്ടു. ഇനി കാവും കളത്തട്ടും ആളാങ്ങല്ലൂരും കത്തിയടയും ദ് നോക്ക്. ചേന്നനും അടയാൻ വന്നതാണ്. ഈ കൂന്താലിയിൽ ചേന്നൻ അടയും.

കോമുട്ടി എല്ലാം മറന്നു തുള്ളി ഒന്നും ഉള്ളിലേറിയില്ല വെളുത്ത വെളിവുണർന്നില്ല. കാവും കാടും കത്തിപ്പടരും കോമുട്ടി തുള്ളിപ്പടരും. മുളമ്പാടം കത്തും. നന്ദിയങ്കാട്ടും കത്തിത്തീരും. കുന്നിൻചെരിവ് തീയിലാളാതെ തണുപ്പിൽ തങ്ങും. കോമുട്ടിക്കും, ചേന്നനും ചുററും തണുപ്പ്. ചുററിനു ചുററും ചൂടും തീയും.

ചേന്നൻ കൈയുയർത്തി. കോമുട്ടി ആട്ടംനിർത്തി. ഇടം തോണ്ടി പാടം കണ്ടു. ചേന്നൻെറ വാക്കുകൾ കോമുട്ടി കേട്ടു. അവൻ ഞെട്ടിപ്പാളി. രാമോരനെവിടെ കോമുട്ടി?

കോമുട്ടി ഉണർന്നുതിരിഞ്ഞ് വലംകൈ വിരലുകൾ വാളോടെ പൊക്കിക്കാട്ടി. രാമോരൻ വിരലുകളിൽ! ചേന്നന് തിരിഞ്ഞോ, ചേന്നന് തിരിഞ്ഞോ രാമോരൻ വാൾത്തമ്പിൽ കുടുങ്ങി...കോമുട്ടിയുടെ കണ്ണലഞ്ഞു. ചേന്നൻെറ കണ്ണിൽ പക പാറുന്നില്ല. ചേന്നനു നടുക്കമില്ല.

എനിക്കറിവായി വെളിച്ചപ്പാടേ, നിയ്യെന്നക്കം പാത്താട്ടത്താടാക്കി. അക്കം പത്തായി. നിനക്കും അക്കം പത്താവും. ആർക്കും ഒടുക്കം അക്കം പത്താവും. ചോരയായി വാളിൽ തൂങ്ങാതെ ചവററില കടന്നിട്ടെന്താവാനാണ്. പിന്നെ, നമ്മളൊക്കെ വാളാവും. വാളും, വാളിലെ ചോരയും രാമോരൻെറ ഒടുക്കം കോമുട്ടീ, നിനക്കും അക്കം പത്താവും നിയ്യും ഒടുക്കം വാളാവും. വാളിലെ ചോരയാവും. ഓയുതെ തെണ്ട്യോളിവിടെ കുടിവെച്ചതു് വെറുതെയല്ല. നിനക്കും അക്കം പത്താക്കാൻ വന്നവർ, വന്നവർ...

കോമുട്ടിയുടെ ചെവി ചേന്നൻെറ വാക്കുകളിൽ ചികഞ്ഞു. നാരായണസ്വാമി വരത്തനാണ്. വന്നവർ, വന്നവർ കോമുട്ടിക്ക് അക്കം പത്താക്കാൻ വന്നവരാണ്.

"അദ്യോചേന്നാ.സ്വാമി എന്നെ തടുക്കോ?"

ചേന്നൻ പെട്ടെന്ന് ചുണ്ടഴിച്ചു:—

"സാമി വരത്തനാണ്. വന്നവർ, വന്നവർ കൊരുന്ന്യോടൻെറ വഴി തടുക്കും.ഇന്ന് പുലരിച്ചോപ്പേറിയ നേരത്തു വന്നവർ കൊരുന്ന്യോടനു വഴിയൊരുക്കി. ഇന്ന് അന്തിച്ചോപ്പേറിയ നേരത്തു വന്നവർ വന്നവർ നിനക്ക് വഴികുരുക്കും. നിയ്യ് അക്കം പത്താവും."

കൊരുന്ന്യോടന് നില്ക്കാൻ എളുതായില്ല. മുളമ്പാടത്തേയ്ക്കു കടവു കടക്കാനാവില്ല. ആളാങ്ങല്ലൂർക്ക് വരമ്പു കടക്കാനാവില്ല. നന്ദിയങ്കാട്ടു പൂകാൻ ചെങ്കൽപ്പാത നിവരുന്നു. രാമോരൻെറ ചോരയുടെ തിടുക്കമുള്ള, കോന്നൻെറ ചോരയുടെ കരുത്തുള്ള ചെങ്കൽപ്പാത ഇടംവലം ചുററാതെ നെടുനീളത്തിൽ നിവരുന്നു. നാരായണസ്വാമിയുടെ ഉടൽപോലെ, ജാനമ്മയുടെ മാറുപോലെ നിവരുന്ന പാത.

"കോമുട്ട്യേ, നിയ്യ് നന്ദിയങ്കാടെത്തണം."

—•—

ശ്രാധമായ ദുഃഖം അനുഭവപ്പെട്ടു. ഇതാ കട്ടെ, ഇന്നോ ഇന്നലെയോ ആയി മാത്രമുള്ളതുമല്ല.

കുട്ടികൾക്കു സുഖക്കേട്ട്. ഭക്ഷണത്തിനു തൊരുക്കം. ഉടുക്കാൻ വസ്ത്രങ്ങളുടെ കാര്യം ബുദ്ധിമുട്ട്. എല്ലാറ്റിനും പുറമെ ചുറുപാടും വഷളച്ചുവരുന്ന കടം. പരിചയമുള്ള എല്ലാവരിൽനിന്നും കിട്ടാവുന്നിടത്തോളം കടം വാങ്ങിക്കഴിഞ്ഞിരിക്കുന്നു

"ഇതാ ഒരു രണ്ടു ദിവസംകൂടി കഴിഞ്ഞാൽ മതി. ഒരു സ്ഥലംവരെ ഒന്നു പോയിവരണ്ടു. പിന്നെ ഒന്നിച്ചു തീർത്തുതന്നേക്കാം..." ദിവസങ്ങൾ പലതായി പറഞ്ഞുതുടങ്ങിയിട്ട്.

ഇതു പറയുമ്പോൾ തനിക്ക് ഒരിടത്തേക്കു പോകാനുണ്ടെന്നും പോയാൽ തന്റെ കാര്യമെല്ലാം ശരിപ്പെട്ടുമെന്നും അയാൾക്കു തോന്നിയിരുന്നു. പക്ഷേ, എവിടെയ്ക്കാണെന്നോ, എപ്പോഴാണെന്നോ അറിയുകയുമില്ല. ആലോചിച്ച് ആലോചിച്ച് അയാൾ കഴഞ്ഞി.

എവിടെനിന്ന് ആരോട് വാങ്ങി ഈ കടമല്ലം കൊടുത്തുതീർക്കും? അയാൾ അസ്വസ്ഥനായി. ഉറക്കം വരാതെ തിരഞ്ഞും മറിഞ്ഞും കിടന്നു.

ഈ അസ്വസ്ഥതകളിൻ മുങ്ങിത്താഴ്ന്ന തിരിഞ്ഞുമറിയവെ, താനെങ്ങിനെ ഇവക്കു മദ്ധ്യേ വന്നുപെട്ട എന്നാലോചിച്ചു വിഷമിച്ചു.

തനിക്കുതന്നെ അജ്ഞാതമായ എന്തോ ഒന്നിനെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഈ തിരിച്ചിൽ ഏവിടെനിന്ന് എപ്പോൾ ഇതാരംഭിച്ചുവെന്നോ എപ്പോൾ എവിടെവെച്ച് അവസാനിക്കുമെന്നോ അറിയാതുള്ള ഈ ചുറ്റൽ. അവിരാമമായ ഈ പ്രയാണം. പക്ഷേ—

എന്തിനു"? എന്തിനുവേണ്ടി?

ഭക്ഷണത്തിനുശേഷം മാലിനിയും കുഞ്ഞും കിടക്കുന്നതിന്നരികെ ഒരിക്കലും വരാത്ത ഒരതിഥിയെ കാത്തു് എന്നപോലെ, അയാൾ കണ്ണടച്ച് അകലേക്കു നോക്കി കിടന്നു.

നിദ്ര കടന്നുവരാൻ മടിച്ച കണ്ണുകളിൽ മാലിനിയുടെയും കുഞ്ഞുങ്ങളുടെയും ശോഷിച്ച രൂപങ്ങൾ തെളിഞ്ഞുനിന്നു.

പാവം, മാലിനി. എന്തൊരു തങ്കക്കുടം, പോലിരുന്ന പെൺകുട്ടി. തുടുത്ത കവിൾത്തടങ്ങളും ചുവന്ന ചുണ്ടുകളും കടഞ്ഞെടുത്തതുപോലുള്ള ശരീരവും. എല്ലാം എത്രയേറെ മാറിപ്പോയിരിക്കുന്നു ഇപ്പോൾ. തന്റെ കൂടെ കൂടിയിരുന്നില്ലെങ്കിൽ അവൾ ഈവിധത്തിലാവുമായിരുന്നോ?

എന്നാണിനി അവളൊന്നു നന്നായി കണ്ടതു. കുട്ടികളുടെ വിഷമങ്ങൾ തീരുക?

വയറുനിറയെ ഭക്ഷണം കഴിച്ച്, കോഴുത്തുതടിച്ച ശരീരവുമായി, പുതിയ ഉടുപ്പുകളണിഞ്ഞു, പുസ്തകസഞ്ചിയും തോളിൽ തൂക്കി, എന്റെ ഓമനക്കുട്ടന്മാർ, എന്റെ കൊച്ചു കരുമാടികൾ...

ഓ എന്നു കാണും. എന്നു കാണും?

മുണ്ടകപ്പാടത്തുകൂടി കോൺമുറിച്ചോടി തഞ്ഞുവീണു കാൽമുട്ടുകളിൽനിന്നു ചോര പൊടിഞ്ഞു, അടികൊണ്ടു—

തന്റെ കുട്ടിക്കാലത്തെപ്പറ്റി ഓർമ്മയിൽ പരതിനോക്കി. വെറും ഒരു ജിജ്ഞാസ. തനിക്കറിയാവുന്ന ഓരോമുക്കിലും മൂലയിലും അയാൾ ആ കുട്ടിയെ അന്വേഷിച്ചലഞ്ഞു.

മുണ്ടും ഷർട്ടും ധരിച്ചു, ടൌസറും മുറിക്കയ്യൻകുപ്പായവും ധരിച്ചു, പട്ടംകോണകമുടുത്തു, തുണിത്തൊട്ടിലിൽ കിടന്നു കൈവിരൽ വലിച്ചുമ്പിക്കുടിച്ചു—

ഒപ്പട്ടെന്നു, വളരെ പെട്ടെന്നു് അയാളിലേയ്ക്കു തന്റെ അമ്മയെക്കുറിച്ചുള്ള ചിന്ത കടന്നുവന്നു. ഏറെനേരം അമ്മയെപ്പറ്റി മാത്രം ഓർത്തുകിടന്നു. അവ്യക്തമായ ആ രൂപത്തിലേയ്ക്കു നോക്കിക്കിടക്കെ അമ്മയെ കാണണമെന്നു തോന്നി.

അമ്മയെ കാണണം. അമ്മയെ കണ്ടാൽ എല്ലാം ശരിപ്പെട്ടും.

അയാൾക്ക് അത്ഭുതം തോന്നി. വളരെക്കാലമായി താൻ അമ്മയെ കാണണമെന്നു കരുതി കാത്തിരിക്കുകയായിരുന്നു

രാമചന്ദ്രൻ. തിരുർ

രാത്രി.

ഇപ്പോൾ സമയം എത്രയായി എന്നറിഞ്ഞുകൂടാ.

സമാധാനവും സ്വസ്ഥതയുമില്ലാത്ത മറൊരു ദിവസവും കൂടി ഇതാ കടന്നുപോകുന്നു. ഒരുപക്ഷേ, കടന്നുപോയിക്കാണും. ഇതു് മറൊരു അസ്വസ്ഥതയുടെ ദിനമാകാം.

ചിന്താമഗ്നനായി താടിക്കു കൈകൊടുത്തു കിടക്കയിൽ കമിഴ്ന്നുകിടക്കുകയായിരുന്ന അയാൾ; ഉറക്കം വരാതെ.

എന്നെങ്കിലുമൊരിക്കൽ ഈ ദുരിതങ്ങളിൽനിന്നൊക്കെ കരകയറാൻ പറ്റുമെന്നു തോന്നാറുണ്ട്. പക്ഷേ, അതു് എപ്പോഴെന്നോ എങ്ങിനെയെന്നോ അറിയുകയുമില്ല.

സന്തോഷത്തിന്റെ ഒരു നേർത്ത ശലാകപോലും കണ്ണെത്താവുന്നിടത്തെങ്ങും ഇല്ലെന്നോർത്തപ്പോൾ അയാൾക്ക് അത്യ

എന്ന് ഇപ്പോഴാണ മനസ്സിലായതു്. ഒട്ടും തന്നെ വൈകിച്ചുകൂടാ ഇനി.

തൊട്ടടുത്തുകിടന്നുറങ്ങുന്ന മാലിനിയേയും കഞ്ഞിനേയും ഉണർത്താതെ, താഴെ കിടക്കുന്ന സണ്ണിമോനെയും ബാബുമോനെയും ഉണർത്താതെ മെല്ലെ അയാൾ എഴുന്നേറ്റു.

ധൃതിയായി അത്യാവശ്യം പ്രഭാതകർമ്മങ്ങൾ നിവ്വഹിച്ചു് എത്തിയപ്പോഴേയ്ക്കും ബാബുമോൻ ഉണർന്നിരിക്കുന്നു. ആരുമറിയാതെ വേഗം പോയിവരണമെന്നു കരുതിയതാണു്.

അധികം താമസിക്കാതെ സണ്ണിമോൻ ഉണർന്നു. ഇളയകുഞ്ഞുണർന്നു. ഇപ്പോഴിതാ മാലിനി.

ഒക്കെ പിഴച്ചു. ആലോചിച്ചതിനെല്ലാം അട്ടിക്കും മീട്ടയും തെറ്റും ഇനി. താമസിഷ്കാനാണെങ്കിൽ ഒട്ടുംതന്നെ സമയമില്ല.

"എവിടേയ്ക്കാണു്, ഇത്ര നേരത്തെതന്നെ?" മാലിനി.

"നേരത്തെയോ. അസ്സലായി. ഇപ്പോൾ തന്നെ നേരം വൈകിയിരിക്കുന്നു."

"എങ്ങോട്ടപോകാൻ?"

"അത്യാവശ്യമായൊരിടംവരെ.വേഗം തന്നെ തിരിച്ചുവരും."

"മോൾക്കു പനിക്കു കുറവൊന്നുമില്ല. ആരെയെങ്കിലും കാണിച്ചു മരുന്നു വാങ്ങേണ്ടതല്ലെ. പണമാണെങ്കിൽ—"

"എല്ലാം ശരിയാവും. പോയിവരട്ടെ."

ദൈന്യതയാന്ന മുഖങ്ങൾ അയാളെ യാത്രയയയ്ക്കാൻ നിന്നു. മാലിനിയുടെ ഒക്കത്തിരുന്നു ചിരിക്കുന്ന ക്ഷീണിച്ച കുട്ടിയുടെ കവിളിൽ അയാൾ പതുക്കെ തലോടി.

"മോളെ, അച്ഛൻ വരുമ്പോൾ മോൾക്കു മരുന്നു്, ഉടുപ്പു്, മിഠായി, അമ്മയ്ക്കു സാരി...മ്ഹ്..."

ഭാര്യയും മക്കളും നോക്കിനില്ലെ ഇല്ലിപ്പടി കടന്നു വഴിയിലേയ്ക്കിറങ്ങി. ഒരുവട്ടംകൂടി തിരിഞ്ഞുനോക്കി. പഞ്ചായത്തു റോഡിൽ കയറിയപ്പോൾ സമയം അല്പം വൈകിയോ എന്നു സംശയം. ബസ്സുവരുന്ന സമയം കൃത്യമായറിയില്ല. വേഗം നടന്നു.

ബസ്സു പോയിട്ടില്ലെന്നറിഞ്ഞപ്പോൾ സമാധാനമായി. വെയിറ്റിംഗ് ഷെഡിന്റെ കോൺക്രീറ്റുചുവരിൽ ചാരിനിന്നു ബീഡികത്തിച്ചു. നേരം പ്രകാശമാകുന്നു.ധൃതിയായി നടന്നതിനാല വാ വല്ലാത്ത ഉഷ്ണംതോന്നി. ഷർട്ടിന്റെ മാറത്തെ ബട്ടണഴിച്ചു് അകത്തേയ്ക്കു കാറ്റുതിവിട്ടു.

അഞ്ചോ ആറോ പേർ ചുറ്റും നില്ലുന്നുണ്ടു്. എല്ലാവരും ബസ്സു കാത്തുനില്ലുന്നവർ. അവരിൽ കണ്ണുടവച്ചു. അല്പം കഷണ്ടികയറിയ ഒരു മദ്ധ്യവയസ്കൻ അയാൾക്കരികെ ഭീതിചാരി നിന്നിരുന്നു.

റോഡിന്നു മറുവശത്തെ ചായക്കടയിൽ ആളുകൾ വന്നു കയറിത്തുടങ്ങി. എത്തിയവർ എത്തിയവർ കയ്യും മുഖവും കഴുകി ചായയുടെയും പൂട്ടിന്റേയും മണം ഒഴുകിപ്പരന്നു.

ചുറ്റും നിന്നവരിൽ മുഖംനിറയെ മസൂരിക്കുരുക്കൾ പൊട്ടിയുണ്ടായ പാടുകളുള്ള ഒരു യുവതി അയാളെ സൂക്ഷിച്ചുനോക്കി. അവൾ അയാളുടെ ദൃഷ്ടിയിൽ പെട്ടു. വടിവൊത്ത ശരീരം. ഇറക്കംകുറഞ്ഞ ജാക്കറ്റും ഇറക്കിയുടുത്ത സാരിയും. ശരീരത്തിൽ ഭംഗിയുള്ള മടക്കുകൾ, വളവുകൾ. അയാൾ അവളുടെ ശരീരത്തിന്റെ ഭാഗങ്ങളിലേയ്ക്കു കണ്ണിമയ്ക്കാതെ നോക്കിനിന്നു. അവൾ ചുണ്ടു കടിച്ചുഞെരിച്ചു. അയാളെ നോക്കി ചിരിച്ചു. അയാളും ചിരിച്ചു.

അടുത്തുനിന്ന കണ്ണടക്കാരൻ ഒരു അഞ്ചുരൂപാനോട്ടു അയാൾക്കുനേരെ നീട്ടിക്കാണിച്ചു ചോദിച്ചു:

"ചേഞ്ചുണ്ടോ അഞ്ചുരൂപാക്കു്. ചില്ലറയില്ലെങ്കിൽ കൺഡക്ടർ ഇറക്കിവിട്ടും."

പോക്കറ്റിൽ കയ്യിട്ടുനോക്കി, അയാൾ പറഞ്ഞു:

"ചേഞ്ചില്ലല്ലോ."

പൊടുന്നനെ അയാൾ ഓർത്തു. തന്റെ പക്കൽ പണമില്ലല്ലോ. പിന്നെ എങ്ങനെ ബസ്സിൽ കയറിപ്പോവും. ഇറങ്ങേണ്ട സ്ഥലം പറഞ്ഞാൽ കൺഡക്ടർ ചാർജ്ജ് ആവശ്യപ്പെടും. കൊടുത്തില്ലെങ്കിൽ അവിടെത്തന്നെ പിടിച്ചിറക്കും.

തനിക്കു പറ്റിയിരിക്കുന്ന അമളിയോർത്തു നിരാശ തോന്നി. വിഡ്ഢിത്തമാണല്ലോ പറ്റിയിരിക്കുന്നതു്. എന്തുചെയ്യും ഇനി. എല്ലാം പിഴച്ചു. എന്തെ

(ശേഷം 42–ൽ)

ഉടൻ പ്രസിദ്ധീകരണം ആരംഭിക്കുന്നു.

കെ. എൽ. മോഹനവർമ്മയുടെ

ഏറ്റവും പുതിയ നോവൽ

ആരണ്യപർവം

നഗരത്തിന്റെ തിരക്കിനിടയിൽ ജീവിതത്തിന്റെ അർത്ഥമന്വേഷിച്ചു് അർത്ഥശൂന്യതയിലെത്തിച്ചേർന്ന ശ്രീധരന്റെയും രമയുടെയും വികാരതീവ്രമായ കഥ!

(1972 ഏപ്രിൽ 23 മുതൽ)

അടുത്തുതന്നെ പ്രസിദ്ധീകരണമാരംഭിക്കുന്നു.

വി. കെ. എൻ. എഴുതുന്ന

പയ്യന്റെ കുത്തുകൾ

നിങ്ങൾക്കു ചിരിക്കാൻ,

ചിന്തിക്കാൻ

*

ശ്രദ്ധേയമായ മറ്റൊരു പംക്തികൂടി

എനിക്കിഷ്ടപ്പെട്ട ദമ്പതികൾ

കർമ്മനിരതനായ ഒരു ഡോക്ടർ

—ബാലഗോപാൽ

ഒരു പുത്രൻ ആരോഗ്യസംവിധാനത്തിന് ആവിഷ്കരണം നൽകിയ ഡാക്ടർ, സമൂൽകൃഷ്ണനായ ഒരു മനുഷ്യസ്നേഹി, സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കതീതമായി ചിന്തിക്കുന്ന മഹാമനസ്കൻ എന്നീ നിലകളിൽ ഡോക്ടർ പൈയോളം അതിശയിപ്പിക്കുന്ന വ്യക്തിപ്രഭാവമുള്ള മറ്റൊരു ഡാക്ടർ കേരളത്തിൽ വിരളമാണ്. ഒരു ഉറുമ്പിനെപ്പോലും ഉപദ്രവിക്കാതെ ശാന്തനായി, ഏതവസ്ഥയിലും അക്ഷോഭ്യനായി, ആത്മാർത്ഥത കൈമുതലാക്കി, ശാന്തസ്വഭാവത്തിൽമാത്രം സംസാരിക്കാനറിയുന്ന ഡാക്ടർ പൈയുടെ ജീവിതം നമ്മുടെ ഡാക്ടറെന്മാർക്ക്, പ്രത്യേകിച്ചും യുവ ഡാക്ടറെന്മാർക്ക് മാതൃകയായി തീരേണ്ടതാണ്.

കോളേജിലെ ഒരു വ്യവസായപ്രമുഖനായിരുന്ന, ദിവംഗതനായ ശ്രീ ഗുണപൈയുടെ രണ്ടാംഭാര്യയിലെ ദ്വിതീയപുത്രനാണ് ഡാക്ടർ കെ നാരായണപൈ. ചെറുപ്പത്തിലേ തന്റെ സഹജീവികളോട് ഒരനുകമ്പയും ആദരവും വളർത്തിയെടുത്ത ശ്രീ നാരായണ പൈ ഹൈസ്കൂൾ വിദ്യാഭ്യാസം തീരുന്നതുവരെ തന്റെ ക്ലാസ്സിലെ ഒരു ശരാശരി വിദ്യാർത്ഥിയായി മാത്രം ഒതുങ്ങിനിൽക്കുകയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ അന്ത്യത്തിൽ ഈ. എസ്. എൽ. സി. ക്ക് അവസാനത്തെയുണ്ടായ തോൽവിയും തന്റെ ജാവിതയെ കുറിച്ച് ഒരു ജ്യോത്സ്യന്റെ പ്രവചനവും ആ ബാലനെ വല്ലാതെ വേദനിപ്പിച്ചു. ആ വേദനയിൽനിന്നും ഉടലെടുത്ത ആത്മാഭിമാനവും, കഠിനാധ്വാനവും അദ്ദേഹത്തെ ഇന്നത്തെ നിലയിൽ എത്തിച്ചു. ജാവിയിൽ ഒരദ്ധ്യാപകനായി തീരുമെന്ന പ്രവചനം താൻ ഒരു ഉത്തമ ഡാക്ടറാകുകയെന്ന ആഗ്രഹത്തിൽനിന്നും വളരെ വിദൂരമായതിനാൽ ഏതാഗ്രഹം കഠിനാധ്വാനം കൊണ്ടു സാധിക്കുമെന്ന് മനസ്സിലാക്കിയ ആ യുവാവു കഠിനപരിശ്രമിച്ചു. പക്ഷേ, പിൽക്കാലത്തു തന്നെക്കുറിച്ചുള്ള പ്രവചനം അക്ഷരപ്രതി ശരിയായിത്തന്നെ പുലരുമ്പോൾ അദ്ദേഹം വിചാരിച്ചിരുന്നുകാണുമോ...

ഇന്നു കേരളത്തിലെ മെഡിക്കൽവിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്യുന്ന അവരുടെ "പൈസാർ" എന്നു കളിത്തഴമ്പോലെ അവരെ പഠിപ്പിക്കുന്ന, ഒരു ഡാക്ടറുടെ ചുമതലാബോധത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്ന പ്രഗത്ഭനായ ഒരധ്യാപകനാണ്. തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജിൽനിന്നും ബി. എ. ബിരുദം സമ്പാദിച്ചശേഷം അദ്ദേഹം മദ്രാസ് മെഡിക്കൽ കോളേജിൽ എം. ബി ബി. എസ്സിനു ചേർന്നു. കോളേജ വിദ്യാഭ്യാസകാലത്തു പഠനത്തിൽ മാത്രം അദ്ദേഹം തന്റെ ശ്രദ്ധ ഒതുക്കി നിർത്തിയിരുന്നില്ല. കായികപ്രാധാന്യമുള്ള വിദ്യാർത്ഥിസംഘടനാരംഗത്തും അദ്ദേഹം അതിവ തൽപ്പരനായിരുന്നു. വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി സമരരംഗത്തു ഇറങ്ങുവാനും അവരെ നയിക്കുവാനും നിയന്ത്രിക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു.

എം. ബി ബി എസ്സ് ബിരുദം നേടിയശേഷം തിരുവനന്തപുരം ഗവൺമെന്റ് ആശുപത്രിയിൽ ഒരു ഡോക്ടറായി തന്റെ ഔദ്യോഗികജീവിതം ആരംഭിച്ചു. ജനറൽ ആശുപത്രിയിൽ ജോലിനോക്കിവരവെയാണ് അദ്ദേഹം ജസ്റ്റിസ് നാരായണറാവുവിന്റെ ഇളയപുത്രിയായ ശ്രീമതി ജയന്തിഭായിയെ വിവാഹംകഴിച്ചത്. തന്നെപ്പോലെതന്നെ മനുഷ്യസ്നേഹവും, വിശാലമായ കാഴ്ചപ്പാടും ഉള്ള ആ സ്ത്രീരത്നത്തെ തന്റെ ജീവിതസഖിയാക്കിലഭിച്ചുവെന്നതിൽ അദ്ദേഹത്തിന് അഭിമാനത്തിനു വകയുണ്ട്. ശ്രീമതി ജയന്തി പൈയുമായി സംസാരിക്കാൻ ഇടവന്നിട്ടുള്ള ഏതാനും വ്യക്തികൾക്കും അവരുടെ ഹൃദയവിശാലത മനസ്സിലാകും. വീട്ടിലെ



ഡാ. പൈ

ഒരു കാര്യത്തിനും ഭർത്താവിനെ അലോസരപ്പെടുത്തുകയില്ലെന്നു മാത്രമല്ല, കർമ്മനിരതനായ തന്റെ ഭർത്താവിനു കൂടുതൽ ഉത്തേജനവും ആത്മവിശ്വാസവും പകർന്നു കൊടുക്കുവാനും, അദ്ദേഹത്തിന്റെ കാര്യത്തിൽ അതിശ്രദ്ധ ചെലുത്തുവാനും അവർക്കുള്ള കഴിവു് ഒന്നു വേറെതന്നെയാണു്. അവർക്കിന്നു രണ്ടാൺകുട്ടികളുണ്ടു്. കൃഷ്ണാനന്ദും രാജീവും ഈ പുത്രൻ പിതാവിന്റെ കാൽപടികൾ പിൻതുടർന്നു് ഒരു ഡോക്ടറായി, രണ്ടാമത്തെ പുത്രൻ പഠിക്കുന്നു. വിദ്യാഭ്യാസാനന്തരം ഈ അദ്ദേഹത്തെ ചേർത്തല വടക്കൻ പറവൂർ എന്നീ ഗവണ്മെന്റാശുപത്രികളിൽ സേവനത്തിനായി നിയോഗിക്കപ്പെട്ട ചേർത്തല ഗവണ്മെന്റാശുപത്രിയിൽ ജോലി നോക്കിവരവേ ഉപരിപഠനത്തിനായി അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചു. എഡിൻബറോ സർവ്വകലാശാലയിൽനിന്നും എം. ആർ. സി. പി. ബിരുദവും ഡി. റ്റി. എം. എച്ചും. ഡിപ്ലോമയും കരസ്ഥമാക്കി മടങ്ങിവന്ന കുറച്ചുനാൾ വടക്കൻ പറവൂർ ഗവണ്മെന്റാശുപത്രിയിൽ പ്രവർത്തിച്ചു വടക്കൻ പറവൂരിൽ നവീനരീതിയിലുള്ള ഒരു ആശുപത്രി സ്ഥാപിക്കുവാൻ ഡാക്ടർ പൈ ചെയ്ത സേവനങ്ങൾ അവിടത്തെ നാട്ടുകാർ ഇന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കാറുണ്ടു്. അതിനിടയിൽതന്നെ താനൊരു പ്രഗത്ഭനായ ഡാക്ടറാണെന്നു തെളിയിച്ച അദ്ദേഹത്തെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെഡിസിൻ അസ്സോസിയേറ്റു പ്രൊഫസറായി നിയമിക്കപ്പെട്ടു. തന്നെ സേവനത്തിനായി നിയോഗിക്കപ്പെട്ട സ്ഥലങ്ങളിലെല്ലാം തന്റേതായ ഒരു വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടു് നാലു കൊല്ലമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെഡിസിൻ ഡയറക്ടർ പ്രൊഫസറായി ഉദ്യോഗിക്കുന്നു. കേരളത്തിനു പുറത്തുള്ള ഒരു ഡസനിലേറെ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര മെഡിക്കൽ പരീക്ഷകളുടെ പരീക്ഷകനായി ചെല്ലേണ്ടതുമാണു്, വളർന്നുകൊണ്ടിരിക്കുന്ന മെഡിക്കൽസയൻസിനെക്കുറിച്ചു് കൂടുതൽ കൂടുതൽ മനസ്സിലാക്കുന്നതിനും, എന്തിനേയും അതിനെ മനുഷ്യനന്മയ്ക്കായി വിനയോഗിക്കാനുള്ള മനസ്സും ചുരുങ്ങിയ കാലംകൊണ്ടു് ഡോക്ടർ പൈയ്ക്കു കൈവന്നിട്ടുണ്ടു്. ഈ കഴിവുകൾ നാട്ടുകാരുടെ ഇടയിലും പല കോൺഫറൻസുകളിലും സംബന്ധിക്കേണ്ടതുകൊണ്ടു് ഇന്നു് വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ വിരളമായേ അദ്ദേഹത്തിനു സമയം കിട്ടാറുള്ളൂ. മാനിലാ, സോവിയറ്റു് യൂണിയൻ, ജപ്പാൻ, മലയാ എന്നീ രാജ്യങ്ങളിൽവച്ചു നടത്തപ്പെട്ട മെഡിക്കൽ കോൺഫറൻസുകൾക്കു് ഇൻഡ്യയെ പ്രതിനിധീകരിക്കുവാൻ അദ്ദേഹം നിയോഗിക്കപ്പെട്ടിട്ടുണ്ടു്.

ഇരുപത്തിനാലു മണിക്കൂറും പണിയെടുക്കുന്ന ഒരു മനുഷ്യനെയാണു് നാം ഡാക്ടർ പൈയിൽ കാണുന്നതു്. നിമിഷങ്ങൾ അദ്ദേഹം അലസനായിട്ടിരിക്കില്ല. സ്വന്തം ശാരീരികാസുഖങ്ങൾക്കോ മനോവേദനകൾക്കോ അദ്ദേഹത്തെ കർമ്മവിമുഖനാക്കുവാൻ കഴിയില്ല. ജീവിതത്തിന്റെ ദുഃഖക്ഷണങ്ങളെയും കർമ്മനിരതനായിട്ടാണു് അദ്ദേഹം നേരിടുക. അദ്ദേഹത്തിന്റെ ഒരു ദിവസം പരിശോധിക്കുന്നതുതന്നെ ഒരു കാണികയും ചെയ്യും. അതിരാവിലെ എഴുന്നേറ്റു പ്രാതൽകൃത്യങ്ങൾ കഴിഞ്ഞു് എട്ടുമണിയോടുകൂടി മെഡി

ക്കൽ കോളേജാശുപത്രിയിലേക്കു തിരിക്കുന്ന അദ്ദേഹം അവിടത്തെ ജോലികളെല്ലാം തീർത്തുവരുമ്പോഴേക്കും അഞ്ചുമണി കഴിയും. അതുകഴിഞ്ഞു് വീട്ടിലെത്തുമ്പോൾ നമ്മുടെ നാട്ടിൻപുറങ്ങളിലെ ക്ഷേത്രങ്ങളിലെ ഒൻപതാം ഉത്സവത്തിന്റെ പ്രതീതി ജനിപ്പിക്കുമാറു് രോഗപീഡിതരുടെ ഒരു വലിയ കൂട്ടം അദ്ദേഹത്തെയും കാത്തു് വീട്ടിലെ കൺസൽടിക്കു് റൂമിലും, വരാന്തയിലും, മുററത്തും, റോഡിലുമായി നിൽക്കുന്നുണ്ടായിരിക്കും. ഡാക്ടർ പൈയുടെ വളർച്ചയുടെ സ്പന്ദനം അവിടെ തുടിക്കുന്നു. പലപ്പോഴും ഉച്ചഭക്ഷണത്തിനു് വൈകുന്നേരത്തെ ലഘുഭക്ഷണത്തിനു് വേണ്ട സമയം ലഭിക്കാത്ത അദ്ദേഹം യാതൊരു മുഷിച്ചിലും കൂടാതെ അവിടെ തടിച്ചുകൂടിയിരിക്കുന്ന രോഗികളെ ഓരോരുത്തരെയായി പരിശോധിക്കുവാൻ തയ്യാറാകുന്നു.

"പൈഡാക്ടർ പരിശോധിച്ചു കഴിഞ്ഞപ്പോഴെക്കും തന്റെ സുഖക്കേടു് പകുതി കുറഞ്ഞതുപോലെ തോന്നുന്നു." വെന്നു് പലരും പരിശോധന കഴിഞ്ഞു്, അദ്ദേഹത്തിൽ നിന്നു് ഉപദേശവും വാങ്ങി പുറത്തുവന്നു പറയുന്നതു് ഈ ലേഖകനു കേൾക്കാൻ ഇടവന്നിട്ടുണ്ടു്. ഡാക്ടർ പൈയുടെ സ്നേഹനിർഭരമായ പെരുമാററത്തിന്റെ ഹൃദയവികാരം ഇവിടെ പ്രതിഫലിക്കുന്നു. അർദ്ധരാത്രിയുടെ അവസാനയാമത്തിലും തന്റെ പരിശോധന

ക്കുവേണ്ടി പല ദൂരസ്ഥലങ്ങളിൽ നിന്നു് കഷ്ടപ്പെട്ടും അലഞ്ഞു വന്നെത്തി കാത്തുനില്ക്കാറുള്ളവർക്കും മററും ഒരിക്കലും നിരാശപ്പെടേണ്ടിവരില്ല മനുഷ്യരുടെ കഷ്ടപ്പാടുകളെക്കുറിച്ചു് തികച്ചും ബോധവാനായ, ഹൃദയാലുവായ ആ ഡോക്ടർ "ഇനി നാളെയാവട്ടെ"യെന്നു് ഒരിക്കലും പറയാറില്ല വൈകുന്നേരം ആദ്യമായി തന്റെ പരിശോധനയ്ക്കു് വിധേയനാകുന്ന രോഗിയോടും അവസാനം വിധേയനാകുന്ന രോഗിയോടും, യാതൊരു സമനിലയും തെററാതെ ഒരേ സ്നേഹവൃഷ്ടി ചൊരിയുന്ന ആ കരുണാർദ്രനായ ഡോക്ടർ തന്റെ കൺസൽടിങ്ങു് കോംപ്ലക്സിന്റെ അവസാനവിളക്കും കെടുത്തിയ ശേഷം തനിക്കും ഒന്നു വിശ്രമിക്കണമല്ലോയെന്നു് പെട്ടെന്നോർത്തു് തന്റെ ശയനമുറിയുമായി ഏതാനും മണിക്കൂർ സമ്പർക്കം പുലർത്താനായി അങ്ങോട്ടുകടന്നു ചെല്ലുമ്പോൾ അന്നത്തെ തപാലിൽ വന്നിരിക്കുന്ന അസംഖ്യം മെഡിക്കൽ ജെർണൽസു് അദ്ദേഹത്തെയും കാത്തു് അവിടെ കിടപ്പുണ്ടായിരിക്കും. മെഡിക്കൽ സയൻസിന്റെ ദൈനംദിനവളർച്ചയെക്കുറിച്ചു് തികച്ചും ബോധവാനാകുവാൻ അതു മുഴുവൻ വായിച്ചു തീർത്തിട്ടെ ഉറങ്ങുയെന്നു ശഠിക്കുന്ന ഡാക്ടർ പൈ ഒരത്ഭുതംതന്നെയല്ലേ?

പാടത്തെ കർഷകനും, തെരുവിലെ ചുമട്ടുതൊഴിലാളിയും, ബുദ്ധിജീവിയും,

ശ്രീകാളി ചാത്തൻസേവയുടെ മഹത്തായ നേട്ടങ്ങൾ!

ഓം ശക്തി

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി.

ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായ അനുഭവം.

മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്കു് ആരാധനയിൽ വിശ്വസിക്കുന്നവർക്കു് സമീപിക്കാം. തൃശ്ശൂർവന്നു് അന്തിക്കാടു പോകുന്ന ബസ്സിൽക്കയറി അന്തിക്കാടു ഹൈസ്കൂളിനു മുൻവശം ഇറങ്ങി സ്വല്പം തെക്കോട്ടു നടന്നാൽ ബോർഡു് കാണാവുന്നതും അവിടെനിന്നു പടിഞ്ഞാട്ടു് 2 ഫർലോങ്ങു് നടന്നാൽ മഠത്തിൽ എത്താവുന്നതുമാണു്. വരാൻ സാധിക്കാത്തവർ നിർദ്ദേശത്തിനു് സ്റ്റാമ്പുസഹിതം എഴുതുക.

ററി. എസു്. വേലായുധൻ S. K. C. S മഠം. P. O. അന്തിക്കാടു്, തൃശ്ശൂർ

ബലാബലം

എന്റെ സാമ്രാജ്യത്തിൽ
എന്റെ സ്വപ്നങ്ങൾക്കു
വർണ്ണമേകാൻ വന്നുദിച്ച
പൂവേ, മദിരോത്സവ-
കന്യയാം താമരപ്പൂവേ!
കിഴക്കും പടിഞ്ഞാറു-
മിന്നുഷസ്സിൻ പ്രകാശം;
പകൽനേരമെങ്ങനെ
രണ്ടു സൂര്യന്മാർ?
ഇരുദിങ്മുഖത്തും?
ഒന്നു മറെറാന്നിൻ
പ്രതിബിംബമോ? യുഗ-
ധർമ്മപ്രതിഭാസ മായാ-
വിലാസമോ?
(ഞാനറിവീല:)
ഞാനിന്നലെ പാടുപെട്ടെന്റെ
മനസ്സിൻ വിശാലപ്രപഞ്ചമാം
താമരപ്പൊയ്കയിൽ,

എന്റെ വിഷാദമാമോളങ്ങളിൽ
വിരിയിച്ചതത്രേ
ചെറുതാമൊരിപ്പുഷ്പം,
മറെറാരു സൂര്യൻ
കവന്നെടുക്കാൻ വന്നു
നില്ക്കവേ; കാലം തുഷാര-
കണങ്ങളായ് ചിന്നിച്ചിതറവേ,
പദ്മദളങ്ങൾ കൊഴിയവേ;
വെള്ളിടി വാനത്തിലുടഗ്നി-
ബിന്ദുക്കൾ വീഴ്ത്തവേ
ഞാനറിവേൻ;
ഏകസൂര്യൻ—
ഭവദേവനാമെന്റെ
പൂവിൻ നാഥനേകനാണല്ലോ!

—കെ. വാസുദേവൻനായർ

—o—

രാഷ്ട്രീയക്കാരനും, ഉദ്യോഗസ്ഥപ്രമുഖനും, വ്യവസായമുതലാളിയും ഡാക്ടർ പൈയുടെ ചികിത്സയ്ക്കായി അദ്ദേഹത്തിന്റെ വീട്ടിൽ കാത്തിരിക്കുന്നു. ഇവരെയെല്ലാം ഒരേദൃഷ്ടിയിൽ വീക്ഷിക്കുവാൻ കഴിയുന്ന അദ്ദേഹം അവർ ചികിത്സകഴിഞ്ഞു കൃതജ്ഞതാപൂർവ്വം സമ്മാനിച്ചു പോകുന്ന പൊതിയുടെ ഘനം അന്വേഷിക്കാറില്ല അതു തുറന്നുനോക്കാൻപോലും മിനക്കെടാറില്ലയെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. കേരളത്തിൽ തന്റെ പരിശോധനയ്ക്കു വിധേയനാകുന്നതിനു് ഒരു നിശ്ചിതഫീസു് വച്ചിട്ടില്ലത്ത, ഫീസു് ആവശ്യപ്പെടാത്ത പ്രശസ്തി നേടിയ ഒരു ഡാക്ടർ ഡക്ടർപൈ അല്ലാതെ മററാരുമില്ലെന്നു് ഉറക്കെ പറയാൻകഴിയും.

ഡാക്ടർപൈയുടെ ധന്യസേവനങ്ങളെ അംഗീകരിക്കാനും, ആദരിക്കുവാനും നാം മറന്നില്ലെന്നതു് ഒരു ഭാഗ്യമാണു്. അദ്ദേഹത്തിന്റെ പ്രഗല്ഭത മനസ്സിലാക്കിയ സർക്കാർ, സർവ്വീസിൽനിന്നും ഏതാനും മാസങ്ങൾക്കുള്ളിൽ വിരമിക്കേണ്ടിയിരുന്ന അദ്ദേഹത്തിനു മൂന്നുകൊല്ലത്തേയ്ക്കു ഫോണററ ഡോക്ടറായി മെഡിക്കൽകോളേജിൽ തുടരുവാൻ അനുവദിച്ചതു സമുചിതമായ ഒരു സദുദ്യമംതന്നെ. എത്ര പ്രഗത്ഭന്മാരേയും സർക്കാർ സ്ഥാപനങ്ങളിൽ ഒരു കാരണത്താലും റിട്ടയർമെന്റിനുശേഷം തുടരുവാൻ അനുവദിക്കരുതെന്ന പുതുനിയമം പ്രാബല്യമുള്ള ഇന്നു ഡാക്ടർ പൈയെ മെഡിക്കൽകോളേജിൽ തുടരാൻ അനുവദിച്ചതിനു് എതിരായി ചില അപശബ്ദങ്ങൾ ചില കോണുകളിൽനിന്നും ഉയർന്നുകേട്ടു. അഗാധപാണ്ഡിത്യംകൊണ്ടും, പ്രായോഗികപടുത്വംകൊണ്ടും, ആത്മാർത്ഥതകൊണ്ടും, സ്ഥിരോത്സാഹംകൊണ്ടും, കർമ്മനിരതത്വംകൊണ്ടും നേടിയെടുത്ത അദ്ദേഹത്തിന്റെ ഈ അർഹതയിൽ മററുള്ള

വർ കണ്ഠിതപ്പെട്ടിട്ടു കാര്യമില്ല. സർക്കാർസർവ്വീസിൽനിന്നും വിരമിക്കുന്നുവെന്ന് അറിഞ്ഞതുമുതൽ ഇൻഡ്യയിലെ പല സ്വകാര്യമെഡിക്കൽ കോളേജുകളും വൻകിട സ്വകാര്യആശുപത്രികളും, അർദ്ധഔദ്യോഗിക സംഘടനകളും, W. H. O.; U. N. I. C. E. F. എന്നീ ലോക സംഘടനകളും അദ്ദേഹത്തിന്റെ സേവനത്തിന്നുവേണ്ടി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏതെല്ലാം മണ്ഡലങ്ങളിൽ തന്റെ പ്രവൃത്തിരംഗം ഒതുക്കിനിർത്തണമെന്ന് ഇതുവരെ അദ്ദേഹം തീരുമാനിച്ചിട്ടില്ലായെന്നാണ് അറിയുന്നത്.

പേരിനോ, പ്രശസ്തിക്കോ വേണ്ടായാതൊരു പ്രകടനങ്ങളും കൂടാതെ, താനെന്നൊരുജീവി ഇങ്ങിനെ ലോകത്തുണ്ടെന്നു പോലും അറിയരുതെന്നുള്ള ഭാവത്തോടെ നിശ്ശബ്ദനായി ജീവിതം കഴിയ്ക്കുന്ന, തനിക്കെതിരെയുള്ള ഏതു് ആരോപണവും, വിമർശനവും ഒരു പുഞ്ചിരിയോടെ അഭിമുഖീകരിക്കുവാൻ തയ്യാറാകുന്ന ഡാക്ടർ പൈ രോഗപീഡിതരുടെ ഒരാത്മാർത്ഥസുഹൃത്താണ്. അവരുടെ വികാരങ്ങളെ ശരിക്കും പഠിക്കുവാനും മനസ്സിലാക്കാനും അദ്ദേഹത്തിനു കഴിയും. അവരെ സുഖപ്പെടുത്തുവാനും സാന്ത്വനപ്പെടുത്തുവാനും നഷ്ടപ്പെട്ട അവരുടെ ജീവിതവിശ്വാസം പടുത്തുയർത്തുവാനും അവർക്കുവേണ്ടി തന്റെ സുഖസൗകര്യങ്ങൾ പോലും ഉപേക്ഷിച്ചു മുഴുവൻസമയവും ചിലവഴിക്കാനും തയ്യാറായിനിൽക്കുന്ന അദ്ദേഹത്തെ എത്ര പ്രശംസിച്ചാലും അധികമാകയില്ല. സ്വാർത്ഥതയുടെ കരിനിഴൽ പുരളാത്ത കർമ്മോൽസുകതയുടേതായ ഇത്തരം വ്യക്തിത്വങ്ങൾ കേരളത്തിലപൂർവ്വമാണ്. വിശ്വമഹാകവിഗോയ്ഥേയെക്കണ്ട് ലോകത്തെ കിടിലം കൊള്ളിച്ച നെപ്പോളിയൻ അറിയാതെ പറഞ്ഞുപോയ ഒരു വാചകമുണ്ട്. അതായിരിക്കും അനാരോഗ്യത്തിന്റെ ഈറ്റില്ലമായ കേരളത്തിനും ഡാക്ടർ പൈയെ കാണുമ്പോൾ പറയുവാൻകഴിയുക "ഇതാ ഒരുമനുഷ്യൻ."(ഡോക്ടർ)"

—o—

ലോക്സഭയിലേയ്ക്കു നടന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ തലശ്ശേരിനിയോജക മണ്ഡലത്തിലെ മത്സരം പലതുകൊണ്ടും ആകർഷകമായിരുന്നു പ്രധാനമായും മൂന്നു യുവജനങ്ങൾ തമ്മിലായിരുന്നു മത്സരം. അതിലെ രാൾ പിരിച്ചുവിടപ്പെട്ട സഭയിലെ ഒരംഗവുമായിരുന്നു. മത്സരത്തിൽ ഐക്യമുന്നണിസ്ഥാനാർത്ഥിയും അഖിലേന്ത്യാ യുവജനഫെഡറേഷൻ സിക്രട്ടറിയുമായ സി. കെ. ചന്ദ്രപ്പൻ തകർപ്പൻവിജയം നേടി. കടുത്ത എതിരാളിയായ മാർക്സിസ്റ്റ്സ്ഥാനാർത്ഥിക്കുപോലും നിഷേധിക്കാനാവാത്ത രാഷ്ട്രീയപാരമ്പര്യം ചന്ദ്രപ്പനു കൈമുതലായിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ സർവ്വ കള്ളപ്രചാരവേലകളെയും അതിജീവിച്ചു വിജയപീഠം കയറാൻ തലശ്ശേരിക്കാരനല്ലാത്ത അദ്ദേഹത്തിന്നു സാധിച്ചു.

1952 മുതൽ സ: ചന്ദ്രപ്പൻ കേരളത്തിൽ വിദ്യാർത്ഥിഫെഡറേഷന്റെ അറിയപ്പെടുന്ന നേതാവായിരുന്നു. പുന്നപ്ര-വ

ലേഖകൻ

വിദ്യാർത്ഥി–യുവജന
നേതാക്കളെപ്പററി

സി. കെ ചന്ദ്രപ്പൻ

ലോകസഭാംഗമായ യുവജനനേതാവ്

യലാർ സമരത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന സി. കെ. കുമാരപ്പണിക്കരുടെ മകനാണ് ചന്ദ്രപ്പൻ. ചേർത്തല സ്കൂളായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാലപ്രവർത്തനരംഗം. പുന്നപ്രവയലാർ സമരത്തിനുശേഷം ആലപ്പുഴയിലെ ജില്ലയിലാകെ നിരോധനനിയമം നിലവിലിരുന്ന കാലത്തു കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ സന്ദേശവാഹകനായി ചന്ദ്രപ്പൻ പ്രവർത്തിക്കുകയുണ്ടായി. ചേർത്തലയിൽനിന്നു വിദ്യാഭ്യാസം പൂർത്തിയാകുമ്പോഴേക്കും അദ്ദേഹം അറിയപ്പെടുന്ന ഒരു വിദ്യാർത്ഥിനേതാവായിത്തീർന്നിരുന്നു.

വിദ്യാർത്ഥിസമരങ്ങളിൽ പങ്കെടുത്തതിന് ആലപ്പുഴ എസ്. ഡി കോളേജിൽനിന്നു ചന്ദ്രപ്പനെ പുറത്താക്കി. പിന്നീട് എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്നു. അവിടെനിന്നും പുറത്താക്കപ്പെട്ടു. തുടർന്നു ചിററൂർ കോളേജിൽ പഠനമാരംഭിച്ചു. ഇക്കാലത്തു ചന്ദ്രപ്പൻ ഗോവാ വിമോചനസമരസേനാനിയായി ബെൽഗാമിലെത്തി, ഡാങ്കേയുടെയും ഖാദിൽക്കറുടെയും നേതൃത്വത്തിൽ നടന്ന സമരത്തിൽ പങ്കെടുത്തു. 1957-ൽ കേരളവിദ്യാർത്ഥിഫെഡറേഷൻ ജനറൽ സെക്രട്ടറിയായി. യൂണിവേഴ്സിററി കോളേജിൽ എം. എസ്സ്സി ചേർന്നെങ്കിലും പഠനം പൂർത്തിയാക്കാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. വിദ്യാർത്ഥിഫെഡറേഷൻ സെക്രട്ടറി എന്ന നിലയിൽ കേരളത്തിലുമനീളം സഞ്ചരിച്ചു സംഘടനാപ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 1963-ൽ കേരളയുവജനഫെഡറേഷൻ സെക്രട്ടറിയായി. പിന്നീടു അദ്ദേഹം അഖിലേന്ത്യാസെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. തൊഴിലില്ലായ്മവിരുദ്ധസമരത്തിന്റെ സംഘടനെന്നനിലയിൽ ആറുപ്രാവശ്യം ചന്ദ്രപ്പൻ യു. പി., ദൽഹി, ബംഗാൾ ജയിലുകളിൽ കഴിഞ്ഞിട്ടുണ്ട്.

വിദേശരാഷ്ട്രങ്ങളിലേക്കുള്ള പ്രതിനിധിസംഘങ്ങളിൽ പലതിലും ചന്ദ്രപ്പൻ അംഗമായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും നന്നായി പ്രസംഗിക്കുന്ന ഈ യുവജനനേതാവ് ആരേയും ആകർഷിക്കത്തക്ക വ്യക്തിത്വത്തിന്റെ ഉടമസ്ഥനാണ്. പാർലിമെന്റുമെംബറെന്ന നിലയിൽ ചന്ദ്രപ്പന്റെ തുടക്കം പ്രതീക്ഷകളെ കവച്ചുവെക്കുന്ന തരത്തിലായിട്ടുണ്ട്. ഈ ചെറുപ്പക്കാരൻ പലതുകൊണ്ടും ഭാവിയുടെ വാഗ്ദാനമാണ്.

—എൻ. സി. മമ്മൂട്ടി

—o—

നോവൽ-പതിനാറ്

ദൗഭം



അഞ്ജന താമസസ്ഥലത്തു മടങ്ങിയെത്തിയപ്പോൾ, വൈകി.

മുഴുവൻ വഴിയും നടക്കുകയായിരുന്നു.

ബസ്സുവരാൻ വൈകിയപ്പോൾ ടാക്സിവിളിക്കാമെന്നു വെങ്കി പറയുകയുണ്ടായി. എന്തുകൊണ്ടോ, "വേണ്ട നടക്കാം" എന്നു പറയാനാണ് അവൾക്കു തോന്നിയതു്.

വേർകടലിന്നുകൊണ്ടു നടന്നു.

കുറെ നടന്നപ്പോൾ വിശന്നു.

വഴിയിൽക്കണ്ട ഒരു റെസ്റ്ററണ്ടിൽ കയറാമെന്നു വെങ്കി നിർദ്ദേശിച്ചു. ഗ്ലാസ്ഡോർ തള്ളിക്കൊണ്ടു ഭാര്യാഭർത്താക്കന്മാരെപ്പോലെ, അവർ അകത്തുകടന്നു. സോഫ്ററ് ലൈററിഗും പൈപ്പ്ഡ്മ്യൂസിക്കും ഉള്ള ഒരു കൊച്ചു റെസ്റ്ററണ്ട്.

ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ വെങ്കി അഞ്ജനയെ ഉററു നോക്കിക്കൊണ്ടിരുന്നു. ആ നോട്ടത്തെപ്പററി അവൾ ബോധവതിയായിരുന്നു. സ്നേഹമാണോ ആ കണ്ണുകളിൽ? ശരീരബന്ധത്തിന് ഒന്നാം സ്ഥാനം നല്കാത്ത സ്നേഹം? ആ നോട്ടത്തിൽ തീർച്ചയായും കാമമില്ല. ഇതേമട്ടിലാണു ആദ്യം ചിത്രം വരയ്ക്കാനിരുന്നുകൊടുത്തപ്പോൾ വെങ്കി നോക്കിയതു്.

റെസ്റ്ററണ്ടിൽനിന്നിറങ്ങിനടന്നപ്പോൾ വെങ്കി ചിന്താധീനനാകുന്നതായിതോന്നി. അവളുടെമുതുകിൽ അയാൾ തൊട്ടു, തൊട്ടില്ലെന്നപോലെ കൈചേർത്തു. ഗൗരവമുള്ള കാര്യങ്ങളെപ്പററി സംസാരിക്കാൻ അയാൾ ഒരുമ്പെട്ടു.

താമസസ്ഥലത്തെത്തിയപ്പോൾ വിയർത്തിരുന്നു. കോണിപ്പടിയുടെ ലാൻഡിംഗിൽ അവർ അല്പനേരം നിന്നു. അപ്പോൾ വെങ്കി അവളുടെ കരം ഗ്രഹിച്ചു. കൈപ്പത്തിയിൽ ഒന്നമർത്തി. ഒരു തലോടലിനെപ്പോലെ മൃദുലമായ അമർത്തൽ.

മന്ദഹാസത്തോടെ 'ഗുഡ്നൈററ്' പറഞ്ഞുകൊണ്ടു വെങ്കി അയാളുടെ മുറിയിൽ കടന്നു. അപ്പോൾ കുറെ മിനിററുകൾക്കുമുമ്പ്, അയാൾപറഞ്ഞ വാക്കുകൾ അവൾ ഓർത്തുപോയി — മറെറല്ലാവരും വിട്ടുപോയാലും നിനക്കു ഞാനുണ്ട്.

അഞ്ജന തന്റെ മുറിയുടെ കതകിൽ മെല്ലെ അമർത്തി. കതകു തുറന്നു. മാണിക്കം തളർന്നുറങ്ങുകയാണ്. ഭാഗ്യം.

തറയിൽ പായവിരിച്ച് അഞ്ജന കിടന്നു.

ഉറങ്ങാനായില്ല.

വെങ്കി പറഞ്ഞ കാര്യങ്ങൾ അവളുടെ മനസ്സിൽ തങ്ങിനിന്നു. വെങ്കിയുടെ വാചകങ്ങൾ പുതിയൊരു ജീവനോടെ മനസ്സിൽ അലതല്ലി.

റെസ്റ്ററണ്ടിൽനിന്നിറങ്ങിക്കഴിഞ്ഞപ്പോൾ പൊടുന്നനവെ വെങ്കി ചോദിച്ചു—ഒരു സ്റ്റാറാകുന്നില്ലെങ്കിൽ നിനക്കു കടുത്ത നിരാശ തോന്നുമോ? ഒരു ഫിലോസഫറെപ്പോലെയാണ് അയാൾ തുടർന്നു സംസാരിച്ചതു്. കടുത്ത മത്സരമുള്ള സിനിമാരംഗത്തിൽ വിജയിക്കാനും വിജയം നിലനിറുത്താനും പ്രയാസമാണ്. ഒന്നാം നിരയിലെത്തുക ഏതാണ്ടസാധ്യംതന്നെ. മേലേക്കിടനടിയായി അംഗീകരിക്കപ്പെട്ടാൽ നല്ലതു്. അതു സംഭവിച്ചില്ലെങ്കിൽ, ഒരു മൂന്നാംകിടക്കാരിയായി ഈ രംഗത്തു വിഹരിക്കാൻ ഭാവമുണ്ടോ? അതൊരു ട്രാജഡിയായിരിക്കും. ജീവിതത്തിന്റെ അന്തിമലക്ഷ്യം വിജയമാണെന്നു വിശ്വസിച്ചാൽ ഏതൊരു തുറയിലായാലും, തോൽവി കനത്ത ട്രാജഡിക്കു കളമൊരുക്കുന്നു; കലയുടെ രംഗത്തു പ്രത്യേകിച്ചും.

"എന്റെ കാര്യംതന്നെ നോക്കൂ"— വെങ്കി ആത്മകഥയിലേക്കു കടന്നു.

ഞാൻ പഠിക്കാൻ മിടുക്കനായിരുന്നു. ഇന്റർമീഡിയററുവരെ എനിക്കു സ്കോളർഷിപ്പുണ്ടായിരുന്നു. കോളേജിൽ ഞാനൊരു ചിത്രകാരനായി അറിയപ്പെട്ടു. അതൊരന്തസ്സായിരുന്നു. കോളേജ് വളപ്പിലെ ചിത്രകാരനായി അറിയപ്പെട്ടപ്പോൾ തന്നെ തുടർന്നു പഠിക്കുകയും ഒരു ഡിഗ്രി സമ്പാദി

മലയാററൂർ രാമകൃഷ്ണൻ

ക്കുകയും ചെയ്തിരുന്നെങ്കിൽ, എന്തെങ്കിലും ചെറുകിടജോലി നേടുകയും, മാന്യനായി, സമൂഹം അംഗീകരിക്കുന്ന പ്രവൃത്തി സമയത്ത് ഒരു വെള്ളക്കോളർ ജോലി നോക്കുകയും, ഒഴുവുസമയത്ത് ഹോബിയെന്ന നിലയിൽ ചിത്രരചന നടത്തുകയുമാകാമായിരുന്നു. പക്ഷേ, ഞാനൊരു ജീനിയസ്സാണെന്ന് എനിക്കു തോന്നി — അഖിലഭാരത പ്രശസ്തനാകേണ്ട ചിത്രകാരൻ. വീട്ടുകാർ എതിർത്തിട്ടും ഞാൻ ജോളേജു വിട്ടു; ബോംബെയിലെ ആർട്ട്സ്കൂളിൽ ചേർന്നു, അന്നത്തെ സ്വപ്നങ്ങളെന്തായിരുന്നെന്നറിയാമോ? മത്തീസിനെയും ഗൊഗാനെയും വാൻഗോയെയും, സെസാനെയും പോലെ ഒരു ഇൻടർനാഷനൽ ഐതിഹ്യമാകാൻ കഴിഞ്ഞില്ലെങ്കിലും, ഒരു ഹെബ്ബാറോ, ഗുജ്റാളോ, ലക്ഷ്മൺപൈയോ എങ്കിലുമാവാൻ കഴിയില്ലേ? കഴിയും. എന്റെ ചിത്രങ്ങൾക്കു നാഷനൽ അവാർഡു കിട്ടും. ഞാൻ പാരീസ് ബയനാലിലും വിയന്നീസ് ട്രൈനാലിലും ചിത്രങ്ങൾ പ്രദർശിപ്പിക്കും. അങ്ങനെ വളർന്നു, മോഹങ്ങൾ. എന്നിട്ടെന്തായി? ഞാൻ എന്റെ ഡിപ്ലൊമ നേടി. ഞാൻ പടങ്ങൾ വരച്ചു. പക്ഷേ. ഞാനൊരു ജീനിയസ്സല്ലെന്നു ക്ഷണത്തിൽ തെളിഞ്ഞു. ഒരു പ്രദർശനത്തിൽ പങ്കെടുത്ത എന്റെ ചിത്രങ്ങളെപ്പററി ഒരു നിരൂപകൻ നിശിതമായെഴുതി. അന്നെനിക്ക് ദേഷ്യം തോന്നി. ഇന്നു ഞാൻ അംഗീകരിക്കുന്നു, നിരൂപകൻ സത്യസന്ധനായിരുന്നെന്ന്. അയാൾ എഴുതിയതെന്തെന്നോ? "ആർട്ടിസ്റ്റ് വെങ്കി ഈസ് ജസ്റ്റ് എ കോംപിററൻറു് പെയിൻറർ." ജീനിയസ്സല്ല. എന്നെങ്കിലുമൊരു ജീനിയസ്സാകുമെന്ന് ആ ചിത്രങ്ങൾ വിളിച്ചോതിയില്ല. ജസ്റ്റ് എ കോംപിററൻറു് പെയിൻറർ! അത്രയെങ്കിലുമാണല്ലോ എന്നു ഞാൻ സമാധാനിച്ചു. ട്രാജഡിയുടെ തുടക്കമായിരുന്നു അതു്. ഒടുവിൽ ഞാനെവിടെച്ചെന്നെത്തി? സിനിമാസ്റ്റുഡിയോകളിലെ ആർട്ട് ഡിപ്പാർട്ട്മെൻറിൽ. അവിടെ എന്തൊരു തിരക്കാണെന്നോ! ജസ്റ്റ് കോംപിററൻറു്" ചിത്രകാരന്മാർ അവിടെ കൂന്നില്ക്കുകയാണ്. അവിടെയെങ്കിലും ഞാൻ ഒന്നാംകിടക്കാരനായോ? ഇല്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു. എന്തുകൊണ്ടു? ഞാൻ ജീനിയസ്സല്ലെന്നും ചിത്രകലയിൽ അസാമാന്യവിരുതുപോലും എനിക്കില്ലെന്നുമുള്ള സത്യത്തോട് ഞാൻ പൊരുത്തപ്പെടാൻ നിശ്ചയിച്ചതുകൊണ്ട്. എന്റെ കൂടെപ്പഠിച്ചവരും, ഇന്ന് സർക്കാരാഫീസുകളിലും കമ്പനികളിലും അഞ്ഞൂറും അറുനൂറും രൂപ ശമ്പളം വാങ്ങുന്നവരുമായ ഗൃഹസ്ഥന്മാരായ സ്നേഹിതന്മാരുടെ അണികളിൽ എനിക്ക് ചേരാമായിരുന്നു—കലയുടെ ചൊറിച്ചിൽ ഉണ്ടാകാതിരുന്നെങ്കിൽ. നിനക്കും കലയുടെ ചൊറിച്ചിലുണ്ട്- അതുകൊണ്ടാണു ചോദിച്ചതു, സ്റ്റാറായില്ലെങ്കിൽ കടുത്ത നിരാശ തോന്നുമോ എന്ന്.

ഇമ്മട്ടിൽ വെങ്കി ഉപന്യസിച്ചപ്പോൾ അഞ്ജനയ്ക്ക് ചോദിക്കണമെന്നു തോന്നി: നിങ്ങളല്ലേ തുടങ്ങിവച്ചതു്? നിങ്ങളല്ലേ എന്നെ പ്രേരിപ്പിച്ചതു്? നിങ്ങളല്ലേ പറഞ്ഞതു്, എന്റെ സൗന്ദര്യം ആ പൊളിഞ്ഞ കെട്ടിടത്തിൽ ഒതുങ്ങിനില്ക്കേണ്ടതല്ലെന്നും എന്റെ മുഖം ജനലക്ഷങ്ങൾക്ക് കാണാനുള്ളതാണെന്നും? സിനിമാക്കിറുക്ക് കത്തിവച്ച നിങ്ങൾ ഇപ്പോഴെന്തെ, ഇങ്ങനെ ചോദിക്കുന്നതു്?

പക്ഷേ അഞ്ജന ഒന്നും ചോദിച്ചില്ല. വെങ്കിയുടെ അരികുചേർന്ന് അവൾ നടന്നു. നടക്കുമ്പോൾ വെങ്കി തുടർന്നു:—നിനക്കറിയാമോ ഡയറക്ടർ പ്രസാദ് ഒരു പരാജയമാണെന്ന്? ഈ ചിത്രത്തിലൂടെ പ്രസിദ്ധനാകുമെന്ന് അയാൾ കരുതുന്നു. പാവം! ഈ വ്യവസായത്തിലെ പ്രമുഖന്മാർ കരുതുന്നതു മറിച്ചാണ്. പ്രസാദ് ഒരു കോംപിററൻറ് ഡയറക്ടറാണെന്നുപോലും അവർ സമ്മതിക്കാൻ ഭാവമില്ല. അയാൾ കൈകാര്യം ചെയ്യുന്ന കഥ മോശമാണെന്നാണു കേൾവി— എന്തോ! എനിക്കറിഞ്ഞുകൂടാ. പടം പുറത്തുവരുമ്പോഴറിയാം നിന്റെ അഭിനയം നന്ന്. ഇന്നു റഷസ് കണ്ടപ്പോൾ ഞാൻ അഭിമാനഭരിതനായി. പക്ഷേ പടം പൊളിഞ്ഞാൽ നിന്നെ ആരും ഓർത്തുകൊള്ളണമെന്നില്ല. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. ഞാൻ നന്മനേരുന്നു. ഈ പടം തകർപ്പൻപടമാവട്ടെ. താരപദവിയിലേക്കുള്ള പാത നിനക്കൊരുക്കിത്തരട്ടെ. ഏററവുമധികം സന്തോഷിക്കുന്നവൻ ഞാനായിരിക്കും. മറിച്ച്, നീ ഒരു താരമാകുന്നില്ലെങ്കിൽ, എന്റെ കുട്ടീ, അപകടമൊന്നും കാണിക്കരുതു് എന്തുബുദ്ധിമുട്ടുണ്ടായാലും എന്നോടു പറഞ്ഞോളൂ. മറെറല്ലാരും നിന്നെ വിട്ടുപോയാലും നിനക്കു ഞാനുണ്ട്.

ഒടുവിൽ പറഞ്ഞതിന്റെ ആവർത്തനമായിരുന്നോ ലാൻഡിംഗിൽവച്ചു വെങ്കി സമ്മാനിച്ച പട്ടുപോലുള്ള കൈയമർത്തൽ?

വെങ്കി മുമ്പൊരിക്കലും ഇങ്ങനെ വാചാലനായിട്ടില്ല. അയാൾ പറഞ്ഞകാര്യങ്ങൾ അയവിറക്കിക്കൊണ്ടു പരുക്കൻ തറയിൽ അഞ്ജന ഉരുണ്ടു.

തന്റെ ശരീരത്തിൽ ആദ്യം സ്പർശിച്ച വെങ്കി.

വെങ്കിയുടെ മുറിയിൽ മേഡലിംഗിനു പോകാതിരുന്നെങ്കിൽ, നഗ്നയായി ഇരുന്നുകൊടുത്തില്ലായിരുന്നെങ്കിൽ, മാണിക്കം കരുക തള്ളിത്തുറക്കാതിരുന്നെങ്കിൽ, രക്ഷ കർത്തൃസ്ഥാനമുപേക്ഷിച്ച് അയാൾ കാമഭ്രാന്തനാകാതിരുന്നെങ്കിൽ...

അങ്ങനെ എത്രയെത്ര 'എങ്കിൽ'!

അതെല്ലാം സംഭവിച്ചു.

മാണിക്കം തന്നെ വില്പനച്ചരക്കാക്കി. അങ്ങനെ എത്തിരാജിന്റെ കയ്യിലെത്തി പ്രസാദിനെ പരിചയപ്പെട്ടു.

മുമ്പേതന്നെ വില്പനച്ചരക്കായി അധഃപതിച്ചില്ലായിരുന്നെങ്കിൽ, സിനിമയിൽ അവസരം കിട്ടാൻമാത്രമായി താൻ ശരീരം പണയപ്പെടുത്തുമായിരുന്നോ?

ഇല്ല.

ഹോട്ടലിൽവച്ചു ഡിക്രൂസിനെയും പ്രസാദിനെയും കണ്ടതു യാദൃച്ഛികമായിരുന്നല്ലേ?

ഒരാളോടു മാത്രമേ മമതതോന്നിയിട്ടുള്ളൂ. എത്തിരാജിനോട്—സ്ഥിരം മിസ്ട്രസ്സ് പദം വാഗ്ദാനംചെയ്ത മനുഷ്യൻ. മോണിക്കയ്ക്കുവേണ്ടി തള്ളിപ്പറഞ്ഞ മനുഷ്യൻ. ആ മുഹൂർത്തത്തിൽ തന്റെ ട്രാജഡി ആരംഭിച്ചുവോ? മനസ്സ് പ്രസാദിനോടു തന്നെ ബന്ധിക്കുന്ന ഒഴികളൊന്നും തീർത്തിട്ടില്ല ഒരു കരിയറിനു വേണ്ടി താൻ വഴങ്ങുകയാണ്.

ഒരതിർത്തിവരെ.

പ്രശസ്തയാകുന്നതുവരെ.

പ്രശസ്തയായാൽ, പണം കുന്നുകൂടിയാൽ താൻ സന്മാർഗ്ഗത്തിന്റെ അവതാരമായിരിക്കും. ചെളിക്കുണ്ടിൽ ഇറങ്ങാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ അപ്പോഴുണ്ടാവില്ല.

പ്രശസ്തയായില്ലെങ്കിൽ?

അപകടമൊന്നും കാണിക്കരുതെന്ന് വെങ്കി പറയാൻ കാരണമെന്തു്? തന്റെ ചിത്രം ആവർത്തിച്ചാവർത്തിച്ചു റിരയ്ക്കുന്ന വെങ്കി.

വെങ്കി ഭയപ്പെടുന്നപോലെ, തോററ ജീനിയസ്സിന്റെ ട്രാജഡിയൊന്നും തനിക്കുണ്ടാവില്ല.

ജീനിയസ്സാണെന്ന് എന്നെങ്കിലും തോന്നിയിട്ടുവേണ്ടേ! "ജസ്റ്റ് എ കോ പിററൻറ് ആക്ട്സ്സ്" എന്നുപോലും തോന്നിയിട്ടില്ല. ഗ്ലാമർ മോഹിച്ചാണീ രംഗത്തിൽ കാലുന്നാൻ സാഹസപ്പെട്ടതു്. വിജയിച്ചാൽ ലഭ്യമാകുന്ന ഭൗതികമായ നേട്ടങ്ങളെക്കുറിച്ചേർക്കുമ്പോൾ കണ്ണഞ്ചിപ്പോകുന്നു.

മാളികകൾ. ഇംപോർട്ടഡ് കാറുകൾ. വി. ഐ. പി. കളുമായുള്ള ചങ്ങാത്തം. സ്വീകരണങ്ങൾ. പൊന്നാടകൾ.

നഷ്ടപ്പെടാനുള്ളതിവയൊക്കെയാണ്.

സിനിമയുടെ ചരിത്രമെഴുതുമ്പോൾ തന്റെ പേരു് അതിലുൾപ്പെടണമെന്നൊന്നും മോഹിക്കുന്നില്ല. പക്ഷേ, പണവും പ്രശസ്തിയും കൈവന്നില്ലെങ്കിൽ? ലക്ഷ്യങ്ങൾ ചെഞ്ചായം തേച്ച ആ കൊച്ചുളി പോലെ ചതഞ്ഞുപോയെങ്കിൽ?

വെങ്കിയെന്താ പറഞ്ഞതു്? നിനക്കു ഞാനുണ്ട്.

ഇടക്കാലത്തു് അകന്നുനിന്ന വെങ്കി ഈ രാത്രിയിൽ എത്ര അടുത്തിരിക്കുന്നു!

മനസ്സു സ്നേഹത്തിന്റെ പട്ടുനാരുകൾ നിർമ്മിക്കയാണോ?

ഉറങ്ങാനാവാതെ അവൾ എഴുന്നേററിരുന്നു.

താഴെ ആളുകൾ ഉണരുന്നു.

ഒടിയിലുള്ള സെപ്ററിക്കായ ലിംഫ് ഗ്രന്ഥികൾ സമ്മാനിച്ച നീരിന്റെ വേദനമൂലം മാണിക്കം ഞരങ്ങുകയും മൂളുകയും ചെയ്യുന്നു.

അയാൾ ഉണരാതിരിക്കട്ടെ.

—o—

ഗ്രന്ഥനിരൂപണം

വസന്തപൗർണ്ണമിയിൽ പുത്ത പാല

കഴിഞ്ഞ നാല് ദശകങ്ങളായി കാവ്യജീവിതവൃത്തി അവല ബിച്ചുപോരുന്ന ശ്രീ: പലാനാരായണൻനായരുടെ തിരഞ്ഞെടുത്ത 112 കവിതകളാണ് ഈ കൃതിയിലുള്ളത്. ശ്രീ പാലായെപ്പറ്റി ഗൗരവപൂർണ്ണമായ ഒരു പഠനം ആരെങ്കിലും നടത്തിയിട്ടുള്ളതായി കണ്ടറിവില്ല. ആകെക്കൂടിയുള്ളത് അദ്ദേഹത്തിന്റെ കൃതികൾക്ക് പ്രചരം എഴുതിയിട്ടുള്ള അവതാരികകളാണ്. അവതാരികകൾക്ക് അവയുടേതായ പരിമിതികളുണ്ട്. കവിയുടെ മുഖത്തുനിന്നു കണ്ണടുക്കാതെ ഉള്ള അത്തരം വിലയിരുത്തലുകൾക്ക് നല്ല പഠനങ്ങളുടെ സ്ഥാനം നല്ലതന്നെ സംശയമില്ലല്ലോ.

പുറമ്പലത്തിൽവന്ന ഭാണിയടിച്ചു മടങ്ങുന്നവക്ക് സമീപിക്കാൻ പോലും സാധിക്കാതെ നടയടച്ചിരിക്കുന്ന കവിപ്രഭുതിയ കവിതകൾ ഇക്കാര്യത്തിൽ അല്പം വ്യത്യസ്തത പുലർത്തുന്നുണ്ട്. ഇന്നിങ്ങോട്ടുള്ള മലയാളകവിതയിൽ സംഭവിച്ച പരിവർത്തനം നേരാംവണ്ണം ഉൾക്കൊള്ളാൻ പാലാക്കു കഴിഞ്ഞിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

പാലായുടെ വളർച്ചയുടെ വിവിധഘട്ടങ്ങളെ വെളിപ്പെടുത്തുന്ന കവിതകളാണ് ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഗാന്ധിജിയുടെ വധം മുതൽ കോട്ടയത്തെ സുഭദ്രന്റെ ക്രൂരമായ കൊലപാതകംവരെയും ഗ്രാമോദ്ഗമം മുതൽ ചന്ദ്രായനംവരെയും ഉള്ള വിഷയങ്ങൾ ഉൾപ്പെടുത്തി കാലത്തെ സമഗ്രമായി ഉൾക്കൊള്ളുവാൻ ശ്രീ. പലാ ശ്രമിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുണ്ടായ തകർച്ചയെപ്പറ്റി എഴുതിയതിനെ ഇവിലപിക്കുന്ന 20-ൽ പരം കവിതകൾ ഈ സമാഹാരത്തിലുണ്ട്. നഷ്ടസൗഭാഗ്യസ്മൃതിയാണ് മറേറതൊരു കവിയെയുംപോലെ പാലായെയും സ്പർശിച്ചിട്ടുള്ള ഒരു വികാരം. 'തമസോ മാ ജ്യോതിർഗമയ' എന്ന ആദ്യകവിത ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അപൂർണ്ണതയെച്ചൊല്ലിയുള്ള ഖേദമാണ്. വഞ്ചിയകലാപങ്ങൾ, ഗാന്ധിജിയുടെ വധം, ബുദ്ധനേതാക്കന്മാരുടെ അരങ്ങേറ്റം, പുത്തൻതലമുറയുടെ മോഹഭംഗം ഇങ്ങിയവയെക്കെ ഈ കവിതയിലുണ്ട്.

"നാട്ടുകാരദ്ധ നികൃ-
ഉന്മാമടിമത്ത-
ക്കോട്ടയിലഷ്ടഗ്രഹ-
ബാധയിൽ കരുങ്ങവേ,
ശീഘ്രമായ് രഹസ്യമായ്
സംബന്ധാലോചിപ്പു
വ്യാഘ്രസുകരവൃന്ദം;
നൂതന പ്ലാനിംഗ്രമായ്."

പൗർണ്ണമി —പാലാ നാരായണൻനായർ
പ്രസാധകർ: സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം
വില ക. 12-50

പാലായുടെ റിയലിസ്റ്റിക് കവിതകളുടെ പൊതുസ്വഭാവം ഉദാഹരിക്കുന്നതാണ് ഉദ്ധൃതഭാഗം. നാട്ടുകാർ അടിമത്തക്കോട്ടയിൽ കട്ടുങ്ങിക്കിടക്കുന്നു. വ്യഗ്രങ്ങളും സുകൃങ്ങളും സംബന്ധാലോചന നടത്തുന്നു. അതും ശീഘ്രവും രഹസ്യവുമായി. ഇവിടെ വ്യാഘ്രസുകരവൃന്ദത്തിനു് എന്താണു പ്രസക്തി? ആദ്യത്തെ പാദം "ശീഘ്രം" എന്നു തുടങ്ങിപ്പോയതുകൊണ്ടാണു് ഈ വ്യാഘ്രത്തിന്റെ ആക്രമണമുണ്ടായതെന്നതിൽ തർക്കമില്ല.

പട്ടിണികിടക്കുന്ന
നാട്ടുകാർ, പരദ്രവ്യം
പട്ടിപോലപഹരി-
ച്ചെന്തിനു ജീവിക്കുന്നു
(അഹംബ്രഹ്മാസ്മി)

കൃഷിപോഷണത്തിനു
മഴയുംവേണം, മഴ-
പൊഴിയാനിടയുൻ
കാട്ടുകളെങ്കും വേണം.
ഏട്ടുകൾ ചവയ്ക്കുന്ന
വിപ്ലവക്കാരാ സപ്ത-
ക്കാട്ടുകൾ ദുരാചാര-
ക്കൂട്ടുകളെന്നോ ചെന്നു?
(വനം)

തുടങ്ങി ഇത്തരത്തിൽപ്പെട്ട ഒട്ടേറെ ഉദാഹരണങ്ങൾ പാലാക്കവിതകളിൽനിന്നു നിഷ്പ്രയാസം എടുത്തുകാട്ടാം. ഏട്ടുകൾ ചവയ്ക്കുന്ന വിപ്ലവക്കാരാ എന്നു തുടങ്ങുന്ന ഭാഗം വൈലോപ്പിള്ളിയുടെ 'സർപ്പക്കാട്ടുകൾ'യെ ഉദ്ദേശിച്ചെഴുതിയതാകാം. എന്നാൽ സർപ്പക്കാട്ടുകൾ തുടർക്കണമെന്നു വൈലോപ്പിള്ളിയും നിർദ്ദേശിക്കുന്നതുമെന്നു പാലായും പറയുമ്പോൾ സർപ്പങ്ങൾപോലും വൈലോപ്പിള്ളിയുടെ രാഗമേ ചേരൂ. അതുപോലെ ചേരുപുഴ ബസ്സുപകരക്കവിത വൈലോപ്പിള്ളിയുടെ കവിത വായിച്ചാൽ അതിന്റെ വേദന നാം അനുഭവിക്കും പാലാക്കവിതയിലൂടെ ആ അനുഭവം കാണുകയും ചെയ്യും.

തനി റിയലിസ്റ്റിക് മാതൃകയിൽനിന്നു വിട്ടുപോകുമ്പോൾ പാലായുടെ കവിത ഹൃദ്യതരമാകുന്നതായി തോന്നുന്നു. അതുകൊണ്ടാണു് കതിർകാണാക്കിളി, വിഷുപ്പുലരി തുടങ്ങിയ കവിതകൾ ഇതിനുദാഹരണങ്ങളാണു്.

താണുയരുന്ന ഭൗതികസമ്പത്തുകളുമായി മരമാരാളികുടിച്ചുണ്ടുൽപ്പിടിയ
താരവളയം നിറയെ ശൈവല
നിലസരോവര സൈകതമെത്തി,
കവികളിലോരോ യുവമിഥുനങ്ങളിൽ
ലവിരളകൗതുക കൗമാരങ്ങളിൽ
ധ്വനികലകവിതാ കാന്തിവിടർത്തണം,
മണ്ണിതജ്യോതിസ്ഫുരിതനിലാവേ.
(അനുതകല)

1965-ൽ വടക്കഹിയിൽവച്ചു നടത്തപ്പെട്ട ഹിന്ദിസമ്മേളനത്തിൽ സംബന്ധിക്കാൻ പോയതിനെ അനുസ്മരിച്ചുകൊണ്ടു് എഴുതിയ ഒരു കവിതയാണു് "ഉത്തരായണം". ഒരു വർഷകാലത്തിന്റെ ആരംഭത്തിൽ യാത്രതുടങ്ങിയ കവി ചെങ്കോട്ട കടന്നതോടെ അന്തരീക്ഷമാകെ മാറുന്നതായുള്ള വർണ്ണനയോടെ കവിത ആരംഭിക്കുന്നു. വരണ്ട തമിഴ്നാട്ടുകടന്നു തെലുങ്കാനാപാടങ്ങളുടെ മധ്യത്തിലെത്തിയപ്പോൾ കവി പകൽക്കിനാവു നെയ്തു.

"കൊയ്തെടുക്കുമ്പോൾ കിട്ടും കേരളത്തിനും വീതം." തുടർന്നു് ചരിത്രപ്രസിദ്ധമായ നിരവധി സ്ഥലങ്ങൾ കടന്നു് കവിയും സംഘവും ഡൽഹിയിൽ ചെന്നെത്തുന്നു. അവിടത്തെ കാഴ്ചകളെക്കെ ഒട്ടൊരുപ്പിയോടെ വർണ്ണിക്കുന്നു. ഒടുവിൽ,

"എന്തിനു സ്വതന്ത്രമായ-
ഭാരതം, നിരാശയ്ക്കോ
ചിന്തയിൽ കരുങ്ങി ഞാൻ
മടങ്ങിപ്പോ മമ്പോഴും."

എന്ന വ്യർത്ഥചിന്ത കവിക്കുണ്ടാകുന്നു. 1965-ലാണു് ഈ കവിത എഴുതിയതെന്നു കാണുന്നു.

എന്നാൽ,

"ദൂരെ നിന്നലകെട്ടുന്ന
പാംസുധാരയിൽ നക്സൽ
ബാരിതൻ ദുർഗ്ഗന്ധങ്ങ-
ളുള്ളപോലന്നേ തോന്നി."

എന്ന വരികൾ 1965 ൽ എഴുതപ്പെട്ട ഒരു കവിതയിൽ ഉണ്ടാകാൻ തരമില്ല. നക്സൽബാരി ജനശ്രദ്ധയെ ആകർഷിക്കാൻ തുടങ്ങിയതു് പശ്ചിമബംഗാളിൽ ഐക്യമുന്നണി അധികാരത്തിൽവന്ന

പുനലൂർ ബാലൻ

1967-നു ശേഷമാണ്. തന്മൂലം ഈ വരികൾ ശ്രീ. പാലാ പിന്നീട് എഴുതിച്ചേർത്തതായിരിക്കാം.

അഗ്നിപുഷ്പം, മണിനാദം, മഴ, ദുഃഖജ്വാല തുടങ്ങിയ കവിതകൾ മരുഭൂമിയിൽ കണ്ടെത്തുന്ന ഓസ്സിസുകൾപോലെ ആസ്വാദ്യങ്ങളാണ്. കോട്ടത്തല സുരേന്ദ്രന്റെ ജീവിതവും മരണവും ചിത്രീകരിക്കുന്ന "അമ്മയുടെ മകൻ" എന്ന കവിതയിൽ അവശ്യം ഉണ്ടായിരിക്കേണ്ട വികാരം നിലനിർത്താൻ കവിക്കു കഴിഞ്ഞിട്ടില്ല. പാലായെ സ്പർശിക്കാതെ ഒരു വിഷയവും കടന്നുപോകാൻ അദ്ദേഹം അനുവദിക്കിലെന്നു തോന്നുന്നു. ഇത്ര വിഷയവൈവിധ്യം പുലർത്തുന്ന കവി മലയാളത്തിൽ വേറെയില്ല.

ഈ ഗ്രന്ഥത്തിൽ വസന്തപൗർണ്ണമി എന്നപേരിൽ ശ്രീ. സി. പി. ശ്രീധരൻ ദീർഘമായ ഒരവതാരിക എഴുതിച്ചേർത്തിട്ടുണ്ട്. അവതാരികാകാരൻ സ്വന്തം ഔദ്ധത്യവും അധികൃതത്വവും പ്രകടിപ്പിക്കാൻ നടത്തിയിട്ടുള്ള ഒരു ശ്രമമാണിത്. അവതാരികയിൽ ഒരിടത്ത് അദ്ദേഹം ഇപ്രകാരം പറഞ്ഞുകാണുന്നു:

"കവിതാശക്തിയിൽ അദ്വിതീയനായ ഒരു കേരളീയമഹാകവിയുടെ (പി. കുഞ്ഞിരാമൻനായരുടെ) നേരേ സഹൃദയലോകവും നിരൂപകരും കാണിച്ച ഉദാസീനതയെയും അദ്ദേഹത്തെക്കുറിച്ചും അദ്ദേഹത്തിന്റെ കവിതകളെക്കുറിച്ചും അവർ വച്ചുപുലർത്തിയ ധാരണകളെയും അടിയോടെ പിടിച്ചുകുലുക്കി ഒരു പുനരവലോകനത്തിനു പ്രേരിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് "താമരത്തോണിക്ക് സുദീർഘമായ ഒരവതാരിക ഞാനെഴുതിയതു്. അതു് ഏറെക്കുറേ സഫലമായെന്നു പിന്നീടുള്ള അനുഭവങ്ങൾ തെളിയിച്ചു. അതേപോലെ തെററുധാരണകളുടെ ധൂമവലയത്തിൽപെട്ട പ്രതിഭാധനനായ മറെറാരു മേജർകവിയുടെ സൃഷ്ടികളെ സമഗ്ര വലോകനംചെയ്യേണ്ട ഭാരമാണിപ്പോൾ കൈവന്നിരിക്കുന്നത്."

(പേജ് 3–4)

പി. കുഞ്ഞിരാമൻനായരെപ്പററി കേരളീയസഹൃദയലോകവും നിരൂപകരും പുലർത്തുന്ന ധാരണകളെ അടിയോടെ പിടിച്ചുകുലുക്കണമെന്ന ആഗ്രഹം മി. ശ്രീധരനുണ്ടാകുന്നതു മനസ്സിലാക്കാം. കാരണം ആഗ്രഹങ്ങൾ പലപ്പോഴും കുതിരകളാകാറുണ്ടല്ലോ എന്നാൽ അതു സഫലമായി എന്ന വിശ്വാസം ഒരു പ്രത്യേകതരം പക്ഷിയുടെ വിശ്വാസമാണ്. കുഞ്ഞിരാമൻനായരെ ശരിയായ ഒരു പീഠത്തിൽ പിടിച്ചിരുത്തിയശേഷം മി: ശ്രീധരൻ ഇപ്പോൾ പാലായുടെ സ്ഥാനം കണ്ടെത്താൻ ശ്രമിക്കുകയാണ്. ഈ സ്ഥാനം നൽകുന്നതിനുവേണ്ടി അദ്ദേഹം നടത്തുന്ന ശ്രമങ്ങൾ ഏററവും മിതമായി പറഞ്ഞാൽ പാലയ്ക്ക് അവമാനകരമാണ്.

"ശ്രീ: പാലാ നാരായണൻനായർക്കു മലയാളസാഹിത്യത്തിലുള്ള സ്ഥാനമെന്താണ്? പ്രകൃതിതന്നെ അതു നിർണ്ണയിച്ചുവച്ചിട്ടുണ്ടോ എന്നൊരു സംശയം. മഹാകവി ജി ശങ്കരക്കുറുപ്പ്, വെണ്മണിക്കുളം ഗോപാലക്കുറുപ്പ്, പി കുഞ്ഞിരാമൻനായർ, ബാലാമണിയമ്മ, ഇടശ്ശേരി ഗോവിന്ദൻനായർ, വൈലോപ്പിള്ളി ശ്രീധരമേനോൻ എന്നിവർക്കു ശേഷമാണു ശ്രീ: പാലായുടെ ഷഷ്ഠിപൂർത്തിയെന്നതു് ഒരു യാദൃച്ഛികസംഭവമല്ല. ഇച്ചെന്നവരുടെ നിരയിൽ അടുത്തസ്ഥാനം ശ്രീ: പാലായ്ക്കു് അവകാശപ്പെട്ടതാണ്." (പേജ് 4)

ശ്രീ: പാലായ്ക്കു 60 വയസ്സു തികഞ്ഞ ഉടനെ അദ്ദേഹത്തിനു കവികളിൽ ഏഴാം സ്ഥാനമാണത്രെ! മുപ്പുമുറയനുസരിച്ചു് കവികളെ മുമ്പന്മാരാക്കുന്നതു് എന്തുതരം സാഹിത്യനിരൂപണമാണ്? മഹാകവികളെ ആക്കാനും നിക്കാനും ഊററും പെററ ഒരു ചെസ്സർഫീൽഡ്സ്പ്രഭുവായി പുനരവതരിക്കാനാണ് ശ്രീധരന്റെ ശ്രമമെന്നു തോന്നുന്നു. ഏ. ബാലകൃഷ്ണപിള്ളയുടെ ചരമംമുമ്പുള്ള വിടവുനികത്തുകയും വേണമല്ലോ.

പ്രൊഫസ്സർ എൻ. കൃഷ്ണപിള്ളയെ എതിർത്തുകൊണ്ട് അവതാരികാകാരൻ പറയുന്നു:

"ചങ്ങമ്പുഴശൈലിയെന്നു നാം പൊതുവേ വിശേഷിപ്പിക്കുന്ന ലളിതകോമള പദാവലികലിതമായ കവനശൈലിയുടെ ഉപജ്ഞാതാവ് യഥാർത്ഥത്തിൽ ചങ്ങമ്പുഴയല്ല പാലായാണെന്നു ഞാൻ മുൻപൊരവസരത്തിൽ വ്യക്തമാക്കുകയുണ്ടായി."

ഇന്ദ്രജാലം, ഇന്ദ്രജാലം

ശ്രീകുമാർ

എരിഞ്ഞെരിഞ്ഞിതു കരിഞ്ഞൊടുങ്ങട്ടെ,
അനന്തശൂന്യതേ വരികിൽ നീ മാത്ര
മാട്ടവിലെൻ കരതലങ്ങളിൽ തുടിച്ചിട്ടുന്ന ശക്തി തന്നലകളിൽക്കൂടി
പ്പടർന്നു കേറുക.

ഇതാവരുന്നു ഞാനൊരു കരത്തിലെൻ
തുടിച്ചിടും മനസ്സുതന്വാതിലിൻ
പഴുതുകൾ പറേറയടച്ചുവാൻപററു-
മുത്തരുദ്യാവകം;

മെഴുകുകിട്ടുഞ്ഞല്ലുതേ തിരഞ്ഞു ഞാ-
നൊരിക്കലും ദ്രവിച്ചിടാതെപോകുവാ-
നഴുക്കുചാലുകൾ, കടന്നൽതിണ്ണകൾ
മുഖത്തൊക്കെ കുഷ്ഠ കട്ടുള്ളരീകര
വികൃതമായ്ത്തീർന്ന മുഖങ്ങളായിരം,
ഇറിച്ചുപൊങ്ങിയ, കരപ്പുണങ്ങിയ,
തൊരിക്കൽ ചഞ്ചലമൊത്രയോപേക്ഷ
വിരുന്നൊരുക്കിയ മിഴികളായിരം,
തമസ്സിൽക്കൽ നിരുദ്ധധീനമായ് ലോകം
മയങ്ങവെ ചെറുനിശ്വാസങ്ങൾക്കുള്ളിൽ
വിലപേശിക്കയ്യാൽ പിടിച്ചുവാങ്ങിട്ടും
പണത്തുട്ടിൻസ്വരം; കിലുകിലാരവം,
തകർത്തുപെയ്തിട്ടും മഴയ്ക്കൊരുനാളിൽ
കടല്ക്കരയടിഞ്ഞുവന്നൊരു ശവ;
മുളിഞ്ഞപേശികൾ, തുടുത്തകൺകളിൽ
മിഴിനീർച്ചുഴികൾ, തകർന്നസ്വപ്നങ്ങൾ
വിലങ്ങുകൾ, കറുത്തുണങ്ങിയ രക്ത-
ക്കഫക്കട്ട; മുഖത്തടിച്ച പാടുകൾ,
തൊഴിച്ചരേഖകൾ, കടിച്ചുകീറിയ
തതാവും നെഞ്ചകം...
വികാരശൂന്യമെൻ സിരകളിലറ-
പ്പുണർന്നുവോ മുഖം ചുളിഞ്ഞുവോ? സർവ്വ-
ചരാചരങ്ങളേ ഇതാവരുന്നു ഞാൻ
ക്ഷമാപണം ചൊല്ലാൻ, കരിശിലേ-
റുവാൻ
എരിഞ്ഞെരിഞ്ഞിതു കരിഞ്ഞൊടുങ്ങട്ടെ,
വരികരികിലെൻ പ്രിയതമേ പ്രള-
യകാലത്തിൻമുഖമുയർത്തി മോഹന
പരാശക്തിക്കെന്നെയടിമയാക്കുക.

—o—

എന്നുവച്ചാൽ ചങ്ങമ്പുഴ പാലായെയാണ് അനുകരിച്ചതെന്നർത്ഥം. മധുരകോമളപദാവലി ശൈലി ചങ്ങമ്പുഴ ഏററവും കൂടുതൽ താലോലിച്ചതുകൊണ്ടാണ് അതിനാ പേർ കിട്ടിയതെന്ന വിവരം ശ്രീധരൻ സൗകര്യപൂർവ്വം വിസ്മരിക്കുന്നു. ചങ്ങമ്പുഴയ്ക്കുമുൻപു് വൈൺമണിയും ഇരയിമ്മൻതമ്പിയും ഉണ്ടായിരുന്നുമാകട്ടെ കൈകാര്യംചെയ്ത ശൈലിയാണത്. അതു മലയാളത്തിൽ തുടങ്ങിവച്ചതു പാലായാണെന്നു ആയതിനാൽ മേലിൽ ഏതുതരം പാലാശൈലിയെന്നതിനെ വിളിച്ചുകൊള്ളണമെന്നും ഒരു ഉത്തരവിടാനുള്ള ഭാവമത്രേ ആയിക്കൊള്ളട്ടെ അനുസരിക്കാൻകൂടി ആരെയെങ്കിലും കരുതണം:

ആയുധമെടുക്കാത്ത നക്സലൈററ്, മേജർകവി, കേരളത്തിന്റെ കവി, ഭാരതത്തിന്റെ കവി തുടങ്ങി പല ബിരുദങ്ങളും അവതാരകൻ പാലായ്ക്കു നൽകുന്നുണ്ട് ആകട്ടെ: അതൊക്കെ കേവലമുഖസ്തുതികളായിത്തള്ളാം. "പാവങ്ങളുടെ പട്ടിണി പടവാളാണു പാലാ" (പേജ് 14) എന്ന് ആദ്യക്ഷരപ്രാസത്തെ 'പ'ട്ടിക്കിട്ടുകൊണ്ടുള്ള ഒരു പ്രഖ്യാപനമുണ്ട്. അതു് അങ്ങനെ നിർത്തിയതു്, പാലായുടെ ഭാഗ്യമെന്നേ പറയേണ്ടു:

'പഴയ പ ണനാർ' തുടങ്ങി വീണ്ടും 'പ.' നിവർത്തിയിരുന്നെങ്കിലോ?

"പാലാക്കുവിത ജീവിതജീവിതപുണ്യാഹമായ്ത്തീരാൻ കാരണം മുൻപറഞ്ഞ ചേതനയെ കാവ്യധാതുക്കളാക്കാൻ കഴിഞ്ഞതാണു്: അല്ലെങ്കിൽ അദ്ദേഹം മറെറാരു ചങ്ങമ്പുഴയായേനെ" എന്നുള്ള അവതാരകന്റെ നിഗമനം അദ്ദേഹത്തിന്റെതന്നെ മുൻചൊന്ന അഭിപ്രായത്തിനെതിരാണു്: ചങ്ങമ്പുഴ ശൈലി നൽകിയ പ ലാ എങ്ങനെ മറെറാരു ചങ്ങമ്പുഴയാകു ? ചങ്ങമ്പുഴ മറെറാരു പാലായാകുകയല്ലേ ചെയ്യു: അവതാരകന്റെ ഈവിധമുള്ള അഭിപ്രായങ്ങളൊക്കെ ക്രോഡീകരിച്ചാൽ കിട്ടുന്നതെന്താണു്? ചങ്ങമ്പുഴയ്ക്കു് ഒരു ശൈലിയിലേയ്ക്കുള്ള കൈചൂണ്ടി കത്തിയിട്ടു് പാലാ മറെറാരുവഴിയ്ക്കിലേയ്ക്കു രക്ഷപെട്ടു എന്നു തന്നെയാണു്. എന്നാൽ വാസ്തവമതല്ല. ചങ്ങമ്പുഴശൈലി കൈക്കൊണ്ടുചെയ്തു പോന്ന ആദ്യകാലഘട്ടത്തിനുശേഷം പാലായിൽനിന്നു് അദ്ദേഹത്തിലെ കവി ബഹുദൂരം നടന്നകലുകയാണു ചെയ്തിട്ടുള്ളതു്.

ശ്രീ: പാലായുടെ ശാസ്ത്രബോധമാണു് അവതാരകൻ കാണുന്ന മറെറാരു പ്രത്യേകത. "ശാസ്ത്രജ്ഞനാ പാലായെ ഉത്സാഹഭരിതനും വികാരതരളിതനുമാക്കാറുണ്ടു്" എന്നദ്ദേഹം പറയുന്നു. "മനുഷ്യൻ ചന്ദ്രനിൽ കാലിറക്കുന്നതിനു മുൻപു് അതു സംഭവിക്കുമെന്ന ഉത്തമവിശ്വാസത്തോടെ, ഇറങ്ങിക്കഴിഞ്ഞമട്ടിൽ പുളകോന്മഥിതനായി ഒന്നിലേറെ കവിതകളെഴുതിയിട്ടുണ്ടദ്ദേഹം." എന്നിങ്ങനെയുള്ള അവതാരകന്റെ അഭിപ്രായം കവിയ്ക്കു ഭാരമായേ തോന്നൂ. എന്തുകൊണ്ടെന്നാൽ ചന്ദ്രനിൽ കാൽകുത്തുന്നതിനെപ്പററി മുൻപേ കവിതയെഴുതുന്നതിനു പത്രപാരായണത്തിൽ കവിഞ്ഞ ശാസ്ത്രജ്ഞാനമൊന്നും ആവശ്യമില്ലല്ലോ.

അവതാരകൻ ഈ ഗ്രന്ഥം മുഴുവൻ അവധാനതയോടെ വായിച്ചുനോക്കിയോ എന്നുപോലും ഞാൻ സംശയിക്കുന്നു. കവിതയെപ്പററിയുള്ള സ്വന്തം സിദ്ധാന്തങ്ങൾ (ഇവ പലപ്പോഴും സ്വന്തമെന്ന മട്ടിൽ അവതരിപ്പിക്കുന്നതു വും) നിഷ്കളങ്കനായ കവിയിൽ കെട്ടിയേല്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ഒരുദാഹരണം നോക്കുക:

"ബിംബപ്രതിബിംബകൗശലമുള്ള ഒരു സംഗീതബിന്ദുവിലൂടെ ഒരു കവിതയുടെ മുഴുവൻ അനുഭൂതിസഞ്ചയത്തെ മധുരമാനന്ദസാന്ദ്രമായ മറെറാരു മേഖലയിൽ ലയിപ്പിക്കുകയാണിതിന്റെ ഫലം; മഴമുകിൽ, അഗ്നിഗോളം തുടങ്ങിയ ഒട്ടനവധി കവിതകളിൽ ഈ വിശിഷ്ടാനുഭവം ലഭിക്കും. (പു ം 25)

ഉദാഹരണം പറഞ്ഞിരിക്കുന്ന മഴമുകിൽ എന്നൊരു കവിത ഈ സമാഹരത്തിലില്ല. "മഴമുകിലെവിടെ?" എന്ന കവിതയെപ്പററിയാകും അദ്ദേഹം പറയുന്നതു്. തന്റെ സിദ്ധാന്തം സ്ഥാപിക്കാനായി ഉദ്ധരിച്ചിരിക്കുന്ന ഭാഗമാകട്ടെ ആയതിനെ അത്രകണ്ടു ന്യായീകരിക്കുന്നുമില്ല.

"വിജയമഹാരഥ ഗീതാമൃതമഴ
ചൊരിയുക, ശംഖൊലി വീശുക
വീണ്ടും
വിളയണമിവിടെ നൂതനതലമുറ
സർവംസഹയുടെ നെടുമംഗല്യം."

രാധിക കൃഷ്ണനെയെന്നപോലെ സൗരയൂഥത്തിൽ മഴമുകിലിനെത്തേടിയലയുന്ന ഭൂമിയെയാണു് ഈ കവിതയിൽ പരാമർശിക്കുന്നതു്. സൗരയൂഥത്തിൽ മഴമുകിൽ തേടുന്നതു ശാസ്ത്രജ്ഞാനത്തിനു ചേരുന്നില്ലെന്നതുപോകട്ടെ. ഈ കവിതയിലെ പ്രതീകങ്ങളും ബിംബങ്ങളുമാകെത്തന്നെ കവിതയുടെ വികാരസാകല്യത്തിനു നിരക്കാത്തമട്ടിൽ മുഴച്ചുനില്ക്കുന്നതായേ ഒരു നല്ല ആസ്വാദകനു തോന്നുകയുള്ളൂ. ഉദ്ധൃതഭാഗത്തിലെ വിജയമഹാരഥൻ, ശംഖൊലി വീശുക, നൂതനതലമുറ, സർവംസഹ, നെടുമംഗല്യം എന്നീ പ്രയോഗങ്ങൾമൂലം പുനഃസൃഷ്ടിക്കപ്പെടുന്ന ഇമേജുകൾക്കു കാവ്യപരമായ ഇണക്കമില്ല. 'ശംഖൊലി വീശുക' എന്ന പ്രയോഗം തികച്ചും വർജ്യമാണു്. 'ഒളിവീശുക' എന്ന പരിചിതപ്രയോഗത്തിന്റെ ഘടനയാകും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതു്. ആത്മിയോടു ദാഹമേന്നു് ഉഴറുന്ന ഭൂമിയെ 'സർവംസഹ' എന്ന പദം കൊണ്ടു വിശേഷിപ്പിച്ചതും ഗീതാമൃതമഴയുടെ ഫലമായി വിളയുന്ന നൂതനതലമു

(ശേഷം 49-ൽ)

പതിനെട്ടു്

ഈശ്വരനെത്തേടി അയാൾ ബഹുദൂരം അലഞ്ഞിരിക്കുന്നു. അമ്പലങ്ങളിൽ മണിയടിച്ചു തൊഴുതു. പുഷ്പാഞ്ജലികളർപ്പിച്ചു. തീർത്ഥപ്രസാദങ്ങൾ സേവിച്ചു ഏകാന്തധ്യാനനായി നിന്നു. നൊയമ്പുകളും വ്രതങ്ങളും നോററു. ദേഹമാസകലം ശൂലങ്ങൾ കുത്തിക്കേറിക്കി സ്വയം പീഡിപ്പിച്ചു കാവടികളെടുത്തു് അറഞ്ഞുതുള്ളി. ഭസ്മചന്ദനാദികൾ വാരിക്കോരിപ്പൂശി. ജടാവൽക്കലധാരിയായി കുന്നും മലയും

കാട്ടും മേട്ടും കയറിയിറങ്ങി. ഗുഹാഗഹ്വരങ്ങളിൽ മൃഗസമാനം ജീവിച്ചു. അസ്ഥിപഞ്ജരമായി അലഞ്ഞുതിരിഞ്ഞു. ഇല്ല. ഒരിടത്തും ഈശ്വരനെ കണ്ടെത്തിയില്ല. വീണ്ടും നഗരങ്ങളിലിറങ്ങി. പള്ളികളിൽപ്പോയി നിസ്കരിച്ചു. മെഴുകുതിരി കത്തിച്ചു. കുർബാന കഴിച്ചു. ബൈബിളും ഖുർആനും പഠിച്ചു. മെക്കയിലും യെറുശലേമിലും തീർത്ഥയാത്ര പോയി. ഇല്ല ഈശ്വരൻ ഒരിടത്തുമില്ല. നിരാശനായി മടങ്ങിവന്നു. മദ്യപിച്ചു വ്യഭിചരിച്ചു. ചതിയും വഞ്ചനയും കൊള്ളയും കൊലപാതകവും നടത്തി; ഭൗതിക സുഖഭോഗങ്ങളിൽ മുഴുകി മുങ്ങിത്താഴ്ന്നു. ആനന്ദാബ്ധിയിൽ ആറാടി: മഹാരോഗിയായി.

ഇന്നലെ അയാൾ ഈശ്വരനെ കണ്ടുവത്രേ! നിതാന്തനിശ്ശബ്ദതയിൽ നീലവിഹായസ്സിലേയ്ക്കു നോക്കി നീണ്ടുനിവർന്നു കിടക്കുകയായിരുന്നു അയാൾ. ആ കുന്നിൻചെരുവിൽ. പഴയ്ക്കു ചീഞ്ഞളിഞ്ഞ ശരീരത്തിന്റെ ഉള്ളിന്റെ ഉള്ളിൽ, മനസ്സിന്റെ ഉള്ളറകളിൽ, ഹൃദയത്തിന്റെ അഗാധതയിൽ അതാ, ദീപ്തിമത്തായ ഒരു പ്രഭാകന്ദളം! ശാന്തഗംഭീരവും സ്നേഹനിർഭരവുമായ ഒരു ശബ്ദവീചി— 'മകനേ! ഞാനിത്രനാളും നിന്റെ ഉള്ളിന്റെ ഉള്ളിൽത്തന്നെ ഉണ്ടായിരുന്നുവല്ലോ! നീ എന്തേ ഇങ്ങോട്ടെന്തൊന്നു നോക്കാൻ മിനക്കെടാതെ, നിന്നെ സ്വയം കണ്ടെത്താൻ ശ്രമിക്കാതെ, ഈ നാടായനാടെല്ലാം, കാടായകാടെല്ലാം എന്നേയും തേടി

തനിക്കം

സുകുമാർ

യലഞ്ഞു? പുത്ര! ഞാൻ നിന്നിൽ എന്നും എവിടെയും എപ്പോഴും ഉണ്ടായിരുന്നതായി നീ അറിയുക.'

ജീർണ്ണിച്ചു ദ്രവിച്ച കൈക്കുററികളുയർത്തിക്കുപ്പി, കൺകുഴികളിലൂടെ ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു് അയാൾ അവ്യക്തമായി മന്ത്രിച്ചു — ഞാനെത്ര ഭാഗ്യവാൻ! ഒടുവിൽ, വളരെ ഒടുവിലെങ്കിലും, ഞാനിതാ അങ്ങയെ കണ്ടെത്തിയിരിക്കുന്നു!

✽

മേമ്പൊടി

സൂര്യനു ചുററും ചന്ദ്രനു തണുവും ഭൂമിക്കിവരണ്ടും അനന്തകോടി നക്ഷത്രങ്ങൾക്കു് അഭൗമസൗന്ദര്യവും കനിഞ്ഞനുഗ്രഹിച്ച ആ വിശ്വശില്പിതന്നെ എനിക്കിവയൊ

ക്കെ തിരിച്ചറിയാനുള്ള വിവേചനാശക്തിയും നല്കിയിരിക്കുന്നു. ഭൂമിയുടെ അച്ചുതണ്ടെനിക്കു കാണിച്ചുതരാമോ? സൗരയൂഥത്തിലെ കോടാനുകോടി ഗ്രഹങ്ങളും ഉപഗ്രഹങ്ങളും തമ്മിലുള്ള പരസ്പരാകർഷണശക്തിയെ എനിക്കു കാണിച്ചുതരാമോ? വിദ്യുച്ഛക്തിയേയും റേഡിയോതരംഗങ്ങളേയും അണുശക്തിയേയും എന്റെയീ നഗ്നനേത്രങ്ങൾക്കു കാട്ടിത്തരാൻ നിങ്ങളാലാവുമോ? എല്ലാം പോട്ടെ, എന്റെയീ പഴമ്മസ്സിനെ ഒന്നു തൊട്ടു കാണിച്ചുതരാൻ നിങ്ങളാൽ സാധ്യമാവുമോ? എങ്കിൽ ഞാനെന്റെ ഈശ്വരനെ നിങ്ങൾക്കു കാട്ടിത്തരാം.

—o—

ഉഷ്ണമേഖല

(24–ൽനിന്നും തുടർച്ച)

ല്ലാം കാര്യങ്ങളാണു വീഴ്ചയാവാൻ പോകുന്നതു്.

പോട്ടെ, സാരമാക്കാനില്ല. അയാൾ ആശ്വസിച്ചു. തോട്ടേക്കാട്ടു കല്യാണി അമ്മ തന്റെ അമ്മ. അമ്മയെ കാണാൻ ബസ്സിൽതന്നെ പോകണമെന്നില്ല. നടന്നുപോയാൽ മതി.

മുണ്ടും മടക്കിക്കുത്തി അയാൾ ബസ്സ് സ്റ്റോപ്പിൽ നിന്നിറങ്ങി. പടിഞ്ഞാറുനിന്നും ബസ്സ് മദംപൊട്ടി പാഞ്ഞുവന്നു.

അയാൾ നടന്നു. ബസ്സ് കടന്നുപോയി. ബസ്സിന്റെ മുരത്തശബ്ദത്തിലൂടെ പൊങ്ങിപ്പറക്കുന്ന പൊടിമണ്ണിലൂടെ അയാൾ ഊളിയിട്ടുപോയി. ബസ്സ് മുരത്ത ശബ്ദവും പൊടിമണ്ണുമായി ചുററുപാടുകളിൽ അലിഞ്ഞുചേർന്നു.

പരിചയമുള്ളവർ അയാളോടു ലോഹ്യം കാണിച്ചു.

"എവിടേയ്ക്കാ, ഇത്ര ധൃതിയായി?"

"അത്യാവശ്യമായൊരിടംവരെ." നില്ക്കാതെ, നിന്നു സമയം പാഴാക്കാതെ ഒററവാക്കിൽ സമാധാനം പറഞ്ഞുകൊണ്ടു് അയാൾ നടന്നു.

ടാർറോഡിൽ കയറിയപ്പോൾ വെയിലിന്നു ചൂടുകൂടി. സൂര്യൻ ശരീരത്തിലൂടെ മെല്ലെമെല്ലെ തലയ്ക്കുമുകളിൽ കയറി. മൂർദ്ധാവിലിരുന്നു് ഒരു നെരിപ്പോരെരിത്തു. തിളയ്ക്കുന്ന ലാവയായി രോമകൂപങ്ങളിലൂടെ ഉള്ളിലേയ്ക്കു കിനിഞ്ഞിറങ്ങി. പാർശ്വങ്ങളിൽ ചൂടുകാററു പരന്നുകളിച്ചു. അകലെ വെയിലിന്റെ തിളങ്ങുന്ന പുളയുന്ന നേർത്ത പാളികൾ. ഉഷ്ണം വിയർപ്പായിശരീരത്തിൽചാലുവെച്ചൊഴുകി.

വളരെയേറെ ബസ്സുകൾകടന്നുപോയി. ചന്ത അടുക്കാറായപ്പോൾ റോഡിൽ യാത്രക്കാർ വർദ്ധിച്ചു.

തന്റെ നിഴലിനെ കാൽക്കീഴിലാക്കിയമർത്തി അയാൾ ചന്തപ്പടിക്കൽനിന്നു. ചന്തയിൽ ജനങ്ങൾ തിങ്ങിനിറഞ്ഞിരിക്കുന്നു. സാമാനങ്ങൾ നിറച്ച കുട്ടകളും സഞ്ചികളും ചുമന്നു ജനം ചന്തയിൽനിന്നു് ഒലിച്ചിറങ്ങി, പല വഴികളിലൂടെയായി ഒഴുകിപ്പോയി. ബസ്സുകൾ ഓടിക്കിതച്ചുവന്നു. അല്പനേരം നിന്നു. കിതപ്പുമാററി വയറുനിറച്ചു വീണ്ടും ഓട്ടം പിടിച്ചു.

അമ്മയുടെ വീട്ടു് ഇവിടെ...

അതു് ആയില്ലല്ലോ. താനെത്ര കുറച്ചു ദൂരമെ പിന്നിട്ടിട്ടുള്ളു.

അയാൾ നടന്നു പാണ്ടികശാലയും കച്ചേരിമുലയും മൃഗാസ്പത്രിയും കടന്നുപോയി. ശരീരത്തിന്റെ ഭാഗങ്ങളിൽ വസ്ത്രങ്ങളിൽ റോഡിലെ ചുവന്ന പൊടിമണ്ണു പററിപ്പിടിച്ചുകിടന്നു. മുഖത്തു് അഴുക്കിലൂടെ വിയർപ്പുചാലുകൾ ഒഴുകിയിറങ്ങി.

മഷിയെഴുതി കറുപ്പിച്ചകണ്ണുകൾ കാട്ടി, ഭംഗിയുള്ള വയറുകാട്ടി ചെറുപ്പക്കാരികൾ കണററുകരയിൽ വെള്ളം കോരിയെടുക്കാനെന്ന ഭാവത്തിൽ നിന്നു. കിണററുകരയിൽ അവർ ആരെയോ കാത്തുനില്ക്കുകയാവും കാത്തുനില്ക്കുന്ന ആളാണോ എന്ന സംശയത്താലാവാം തന്നെ നോക്കുന്നതു്.

ഇപ്പോൾ അമ്മയോ?

തോട്ടേക്കാട്ടു വീടിന്റെ പുമുഖത്തു വഴിയിലേയ്ക്കു കണ്ണയച്ചു കാത്തിരിക്കയാവുമോ, അമ്മ. എന്റെ അമ്മ എന്റെ പ്രിയപ്പെട്ട അമ്മ?

വെയിൽ അയാളുടെ പിൻകഴുത്തിലേക്കിറങ്ങി. കരിമ്പനകളെ തഴുകിവന്ന നേർത്ത ചൂടുകാററു മുഖത്തടിച്ചു:

ഒററപ്പെട്ടുനില്ക്കുന്ന കരിമ്പനകളും, റോഡുവക്കിൽ അങ്ങിങ്ങു കാണുന്ന കടകളും ചെട്ടിടങ്ങളും എവിടെവെച്ചു് എന്നു തമ്മിൽക്കണ്ടു എന്നു് ഓർമ്മയില്ലാത്ത മുഖങ്ങളും—

കവലയിൽ—

അയാൾ അമ്പരന്നുനിന്നു. മൂന്നിൽ ചിതറിക്കിടക്കുന്ന പാതകൾ.

ഏതുവഴി പോകും?

തെക്കും കിഴക്കും വടക്കും വശങ്ങളിലേക്കു് പാതകൾ നീണ്ടുകിടക്കുന്നു. ഇതിൽ തനിക്കു പോകേണ്ടുന്ന വഴിയേതു? അമ്മയുടെ വീട്ടിലേക്കു് ഏതുവഴി പോകണം?

മറന്നിരിക്കുന്നു. വഴിയെപ്പററി. ഈ കവലയെപ്പററി യാതൊരു ധാരണയുമില്ല. ഈ കവലയിൽ വന്നതായി ഓർക്കുന്നില്ല. ഇങ്ങനെ ഒരു കവല ഇവിടെ ഉണ്ടായിരുന്നോ മുമ്പു്?

അയാൾക്കു ചിരിവന്നു താൻ മറന്നതായിരിക്കും. കവല, തിളക്കമുള്ള വെയിലിൽ കുളിച്ചു് മലർന്നുകിടക്കുന്നു മൂന്നിൽ. കവലയുടെ മാറിൽനിന്നു് നെടുനീളൻ റോഡുകൾ.

പക്ഷേ—

ഇതിൽ ഏതുവഴിയിൽ കൂടിയാണു് തനിക്കു പോകേണ്ടതു്?

അയാൾ തെക്കോട്ടും കിഴക്കോട്ടും വടക്കോട്ടുംറോഡുകളിലൂടെ കണ്ണെത്താവുന്നിടത്തോളം ദൂരേക്കു നോക്കിനിന്നു് ആലോചിച്ചു.

ഏതുവഴിയെയാണു് അമ്മയുടെ വീട്ടിലേക്കു് പോകേണ്ടതെന്നറിയില്ല.

ചായക്കടയിൽ നിന്നിറങ്ങി അടുത്തുവന്ന ഒരാൾ ചോദിച്ചു:

"നിങ്ങളെന്താ റോഡിൽ നില്ക്കുന്നതു്. ഈ വെയിലത്തു്?"

Registered

Trade Mark

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല

കോട്ടയ്ക്കൽ (കേരളാസ്റ്റേററു്)

സ്ഥാപിതം: 1902.

ഹെഡ് ഓഫീസ്, ടെലിഫോൺസ്:

ഓഫീസ് (With Extension to Managing Trustee & General Manager) ഫോൺ: 31, നഴ്സിംഗ്ഹോം ഫോൺ: 44 മാനേജിംഗ്ട്രസ്റ്റി (Residence) ഫോൺ: 27 പ്രധാനവൈദ്യൻ: (Office & Residence) ഫോൺ: 25. ജനറൽമാനേജർ (Residence) ഫോൺ: 26. ബ്രാഞ്ചുകൾ: 1. കോഴിക്കോട്ടു് (ഫോൺ: 2155) കല്ലായിയോഡ്. 2, തിരൂർ (ഫോൺ: 31) സ്റ്റേഷൻറോഡ്. 3. പാലക്കാട്ടു് (ഫോൺ: 104) വടക്കന്തറ. 4. പാലക്കാട്ടു് സെയിൽസ് ഡിപ്പോ ഫോൺ: 584) ജി. ബി. റോഡ്. 5. എറണാകുളം (ഫോൺ: 33026) മഹാത്മാഗാന്ധിറോഡ് എറണാകുളം (ഫോൺ: 32674) വൈദ്യന്റെ താമസം 6. തിരുവനന്തപുരം (ഫോൺ: 3924) സ്റ്റാച്യൂറോഡ്. 7. ഈറോഡ് (ഫോൺ: 17245) താവേരിറോഡ്. 8. ആലുവാ സെയിൽസ്ഡിപ്പോ, ബേങ്ക്റോഡ്. 9. മദിരാശി (ഫോൺ: 811272) കൃഷ്ണമാചാരിറോഡ് നുങ്കംപാക്കം.

ശാസ്ത്രീയമായി നിർമ്മിച്ച ആയുർവ്വേദഔഷധങ്ങളും വിദഗ്ദ്ധമായ വൈദ്യസഹായവും ഹെഡ്ഡാഫീസിൽനിന്നും ബ്രാഞ്ചുകളിൽനിന്നും ലഭിക്കുന്നതാണു്. പിഴിച്ചിൽ, നവരക്കിഴി മുതലായ കേരളീയചികിത്സകൾ കോട്ടയ്ക്കലുള്ള ഗോൾഡൻജൂബിലി നഴ്സിംഗ്ഹോമിൽ വച്ചു പ്രധാനവൈദ്യന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. വിദൂരസ്ഥരായ രോഗികൾക്കു് എഴുത്തുകുത്തുകൾവഴി പ്രധാനവൈദ്യൻതന്നെ ചികിത്സ നിശ്ചയിച്ചറിയിക്കുന്നതാണു്.

—മാനേജിംഗ് ട്രസ്റ്റി

"ഞാനെന്റെ അമ്മയെ അന്വേഷിക്കുകയാണ്. കണ്ടിട്ട് ഒരു കാര്യമുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം.

"അമ്മ എവിടെ?"

"അതാണന്വേഷിക്കുന്നത്. നിങ്ങൾ അറിയുമോ. തോട്ടേക്കാട്ട് കല്ല്യാണി അമ്മയുടെ വീടറിയുമോ?"

"ഇവിടെ അടുത്ത് ഒരു കല്ല്യാണിഅമ്മയുണ്ട്. കല്ല്യാണിചേച്ചി. പക്ഷേ, വീട്ടുപേരറിയില്ല. അവരാണെങ്കിൽ വട്ടകാണിച്ചുതരാം."

വളരെയേറെ ആശ്വാസം തോന്നി. റോഡിൽനിന്നിറങ്ങി ഊടുവഴിയിലൂടെ അയാൾക്കൊപ്പം നടന്നു.

"ആ കാണുന്ന അത്താണിയ്ക്കപ്പുറം കാണുന്നതു് ഒരു മനയാണ്. അതിന്റെ അടുത്ത ഓട്ടമേഞ്ഞ വീടുതന്നെ,"

അത്താണി കഴിഞ്ഞു. മന കഴിഞ്ഞു. സാമാന്യം വലിയ വീട്. പടികടന്നു മുറ്റത്തുചെന്നുനിന്നു. പൂമുഖത്ത് ഈസിച്ചെയറിൽ പേപ്പർകൊണ്ട് മറഞ്ഞ ഒരു രൂപം. ചുമച്ചു് ശബ്ദമുണ്ടാക്കി.

പേപ്പർ നീങ്ങി. കഷണ്ടി കയറിയ, മെലിഞ്ഞ ശരീരമുള്ള വൃദ്ധൻ കണ്ണടയും വെള്ള ഖദർവസ്ത്രങ്ങളും.

"മനസ്സിലായില്ല. ആരാ?"

"എന്റെ അമ്മയെ കാണാൻ വന്നതാണ്. എന്റെ അമ്മയുടെ വീട് ഇതുതന്നെയല്ലെ. തോട്ടേക്കാട്ട് കല്ല്യാണി അമ്മയുടെ?"

വൃദ്ധൻ ആഗതനെ സൂക്ഷിച്ചുനോക്കി നിന്നു. അയാൾ വീണ്ടും പറഞ്ഞു:

"അമ്മയെ ഒന്നു കാണണം. വളരെ അത്യാവശ്യമായൊരു കാര്യമാണ്."

വൃദ്ധൻ ഒന്നും മിണ്ടാതെ അകത്തുപോയി ഒരു സ്ത്രീയെ കൈപിടിച്ചു കൂട്ടിക്കൊണ്ടുവന്നു.

"കല്ല്യാണി, ഈ നില്ക്കുന്ന ചെറുപ്പക്കാരൻ നിന്റെ മകനാണോ?"

അയാൾ ആത്മ പൂണ്ടകണ്ണുകളോടെ പൂമുഖത്തു നില്ക്കുന്ന സ്ത്രീയെ നോക്കിനിന്നു. അവരുടെ ചുണ്ടുകൾ അനങ്ങുന്നതു് സൂക്ഷിച്ചുനോക്കി. സ്ത്രീ പരിഭ്രമത്തോടെ പറഞ്ഞു:

"അല്ല."

"നീ തോട്ടേക്കാട്ട് കല്ല്യാണി അമ്മയാണോ?"

"അല്ല."

അയാൾ മുറ്റത്തു് നിന്നിടത്തുനിന്നിളകാതെ നിന്നു. വിയർപ്പുചാലുകൾ ചിറപൊട്ടി ഒഴുകി. വൃദ്ധൻ പറഞ്ഞു:

"ഇവൾ എന്റെ ഭാര്യ. ഇവിടെ ഇവളല്ലാതെ വേറെ കല്ല്യാണിഅമ്മ ഇല്ല."

അയാൾ വിവശനായി കേട്ടുനിന്നു.

"ഇവിടെ അടുത്തുണ്ടായിരുന്നു, കാച്ചുകാലം മുമ്പു്, വാറുചാമായക്കേസ്സിൽ ജയിലിൽ പോയ ഒരു കല്ല്യാണിഅമ്മ. തെക്കേതിലെ കല്ല്യാണിഅമ്മ. അവർ മാനക്കേട് കാരണം പിന്നീട് നാടുവിട്ടുപോയി."

"കുറേക്കാലം ഇവിടെ വേശ്യയായി നടന്നിരുന്നു. കോഴിക്കോട്ടുകാരി ഒരു കല്ല്യാണിഅമ്മ. മക്കൾ ഉള്ളതായി അറിവില്ല. അവസാനം ശ്വാസംമുട്ടിച്ചു മരിച്ചുപോയി രണ്ടുവർഷം മുമ്പു്. പേരോ ഇവിടെ അടുത്തവരിലെങ്കിലും കല്ല്യാണി അമ്മമാരുണ്ടോ എന്നു് എനിക്കറിയില്ല."

പടികടന്നു വളരെ ദൂരെയായി വിളറിയ മഞ്ഞനിറമുള്ള വെയിൽ. ഊടുവഴിയിലേക്കു നോക്കിനിന്ന മനയും, ഊടുവഴിയിലേക്കു നോക്കിനിന്ന അത്താണിയും കടന്നു. അങ്ങാടിയിലെത്തുമ്പോൾ അയാളുടെ നിഴൽ മറ്റൊരു വലിയ നിഴലിനകത്തിലയിച്ചുചേർന്നു കഴിഞ്ഞിരുന്നു. സായാഹ്നം സന്ധ്യയിലേക്കിഴഞ്ഞുകയറി.

വീണ്ടും സൂര്യൻ മുഖത്തും മുഖാവിലും പിൻകഴുത്തിലും ചൂടേല്പിച്ചുകൊണ്ട് മരിക്കുകയും പുനർജനിക്കുകയുംചെയ്തു. അന്ധകാരം കൊച്ചുമാളങ്ങൾക്കുള്ളിലും വള്ളിപ്പടർപ്പുകൾക്കുള്ളിലും പകുറങ്ങുകയും, സന്ധ്യാസമയങ്ങളിൽ പുറത്തേക്കിഴഞ്ഞിറങ്ങുകയും ചെയ്തു. രാപ്പകലുകളുടെ ഈ ആവർത്തനങ്ങളിൽ വിരാമമില്ലാതെ, തളർച്ചയറിയാതെ അന്വേഷണത്തിൽ മുഴുകി അയാൾ നടന്നു.

ഏതാനുമാസങ്ങളിൽ ഏതൊക്കെയോ നാടുകളിലൂടെ അയാൾ കടന്നുപോയി. സ്ഥലകാലങ്ങളെക്കുറിച്ചു് വ്യക്തമായ ധാരണയില്ലാതെയായി.

ഏതോ ഒരു സമയത്തു് ഏതോ ഒരു സ്ഥലത്തുകൂടി നടന്നുപോകെ മുന്നിൽക്കണ്ട ഒരു യാത്രക്കാരന്റെ അടുത്തേക്കു് അയാൾ ചെന്നു. വളരെ വിനീതഭാവത്തിൽനിന്നു് അയാളോടു ചോദിച്ചു:

"ഒരു വിവരം ചോദിക്കാനുണ്ട്."

"എന്താണു്?"

"തോട്ടേക്കാട്ട് കല്ല്യാണിഅമ്മയുടെ വീട് ഏതിടയാണെന്നറിയുമോ?"

"തോട്ടേക്കാട്ട് കല്ല്യാണിഅമ്മ?"

"അതെ, തോട്ടേക്കാട്ട് കല്ല്യാണിഅമ്മ, എന്റെ അമ്മയാണു്; വീട് ഏതാണെന്നറിയുമോ?"

"ഇല്ലല്ലോ. അങ്ങനെ ഒരു കല്ല്യാണിഅമ്മ.. കുന്നത്തുര് കല്ല്യാണിഅമ്മയല്ലല്ലോ?"

"ഛെ; അല്ല തോട്ടേക്കാട്ട തന്നെ. അതു തീച്ച്."

"ഇല്ല. ഇവിടെ അങ്ങനെ ഒരു വീടില്ല." കുന്നത്തുര കല്ല്യാണിഅമ്മ...ചിറോഴത്തു കല്ല്യാണിക്കുട്ടിഅമ്മ...ചെറോത്തു് കല്ല്യാണിഅമ്മ...ഇല്ല. തോട്ടേക്കാട്ട് എന്നൊരു പേരില്ല തോട്ടേക്കാട്ട് കല്ല്യാണിഅമ്മ ഇല്ല."

തോട്ടേക്കാട്ട് കല്ല്യാണിഅമ്മ ഇല്ല! തോട്ടേക്കാട്ട് കല്ല്യാണിഅമ്മ ഇല്ല!

പിന്നെ എങ്ങനെ താൻ ഉണ്ടായി? അത്ഭുതം തന്നെ. അമ്മയില്ലാതെ എങ്ങനെ മകനുണ്ടായി? അമ്മ പ്രസവിച്ചു് മുലയൂട്ടിവളർത്തി ആളാക്കുന്നു. തള്ളയില്ലെങ്കിൽ പിന്നെ മക്കളുണ്ടോ?

അയാൾക്കു സംശയം തോന്നി. സംശയത്തോടൊപ്പം ഭയവുണ്ടായി. താനും ഇല്ലെന്നു വരുമോ?

കൈകൾകൊണ്ടു് തലയും മുഖവും ശരീരവും അയാൾ തലോടി. കൈകൾ കൂട്ടിത്തിരുമ്മി. താൻ ഉണ്ടെന്നു് അയാൾക്കു തോന്നി. തലയുടി, കണ്ണു്, മൂക്കു്, വായ, കയ്യുകൾ എല്ലാം ഉണ്ടു്. ചുറുപാടുകൾ മുഴുവൻ കാണാൻ കഴിയുന്നുണ്ടു്. പക്ഷേ—

ഇതെല്ലാം തനിക്കു തോന്നുന്നതല്ലെ മറ്റുള്ളവർക്കോ?

അയാൾ ആകെ തളർന്നു. ഭയം വിടാതെ പിടികൂടി. അമ്മയെപ്പറ്റി ആരോടെങ്കിലും അന്വേഷിക്കാൻ ഭയമായി. അന്വേഷിച്ചാൽ അതു് അബദ്ധമായെങ്കിലോ.

പക്ഷേ, ഈ ഉദ്യമത്തിൽനിന്നു വ്യതിചലിക്കുന്നതെങ്ങനെ, ഈ അന്വേഷണമാണു് ഏക പോംവഴിയെന്നിരിക്കെ?

അണുവിടയെങ്കിലും പിൻവാങ്ങിയാൽ തീർന്നു സർവ്വം തീർന്നു.

അപൂർവ്വം സന്ദർഭങ്ങളിൽ വളരെ അത്യാവശ്യവും രഹസ്യവുമായ ഒരു കാര്യമെന്നപോലെ അയാൾ ആരോടെങ്കിലും കരുതിക്കൂട്ടി ചോദിക്കും. ചിലപ്പോൾ ഏതെങ്കിലും വീട്ടിൽ കയറി സകാര്യമായി അന്വേഷിക്കും.

"തോട്ടേക്കാട്ട് കല്ല്യാണിഅമ്മയുടെ വീടു് ഇതാണോ?"

അല്ല എന്നു പറഞ്ഞാൽ ഉടനെ നടക്കും. കൂടുതൽ ഒന്നും ചോദിക്കാനുമില്ല. പറയാനുമില്ല

വിശ്രമമില്ലാതെ, പരിക്ഷീണനായി, ഏകനായി, അനാഥനായി അയാൾ നടന്നു; ഒരു നിമിഷാർദ്ധംപോലും പാഴാക്കാതെ. തോട്ടങ്ങളും, തരിശുനിലങ്ങളും മൊട്ടക്കുന്നുകളും പിന്നിട്ടു. ഗ്രാമങ്ങളിൽ നിന്നു പട്ടണങ്ങളിലേയ്ക്കായി. വീണ്ടും ഗ്രാമങ്ങളിലേയ്ക്കായി ഒഴുകി.

ഒരിക്കൽ, ഏതോ ഒരു നാട്ടിൽ, പഞ്ചായത്തുറോഡിലൂടെ നടന്നുപോകെ, ഇല്ലിപ്പടിയുള്ള ഏതോ ഒരു വീട്ടിന്നരികെ വഴിയിൽ നിന്നിരുന്ന ഒരു കുട്ടിയോട്ട് അയാൾ ചോദിച്ചു:

"തോട്ടെക്കാട്ടു കല്ല്യാണിഅമ്മയുടെ വീട്ടു ഏതാണു കുട്ടി?"

അയാളുടെ പ്രാകൃതവേഷവും ഭാവവും കണ്ടു ഭയന്നു കുട്ടി ഓടിപ്പോയി. അയാൾ ഇല്ലിപ്പടി കടന്ന് വീട്ടുമുററത്തു ചെന്നുനിന്നു. പുറത്ത് ആരെയും കാണാഞ്ഞു്, വീട്ടിനകത്ത് ആളുണ്ടുവുമെന്നു കരുതി മുററത്തുനിന്നു വിളിച്ചുചോദിച്ചു:

"തോട്ടെക്കാട്ടു കല്ല്യാണിഅമ്മയുടെ വീട്ട് ഇതാണോ"

ശബ്ദംകേട്ടു പുറത്തേയ്ക്കുവന്ന സ്ത്രീയോട്ട് അയാൾ വീണ്ടും ചോദിച്ചു:

"കല്ല്യാണിഅമ്മയുണ്ടോ ഇവിടെ. എന്റെ അമ്മ?"

"ആരാണിതു്, ഈശ്വരാ... എന്റെ... എന്റെ..."

സ്ത്രീ കരഞ്ഞുകൊണ്ട് ഓടിവന്ന് അയാളെ കെട്ടിപ്പിടിച്ചു.

"എത്രകൊല്ലം കഴിഞ്ഞിരിക്കുന്നു അമ്മ മരിച്ചിട്ട്. ഓർമ്മയില്ലേ. എവിടെയായിരുന്നു ഇത്രേം ദിവസം എന്നെയും കുട്ടികളേയും തനിച്ചാക്കിക്കൊണ്ട്..."

അനങ്ങാനാവാതെ പരിഭ്രമിച്ചുനില്ക്കേ, അയാളെ ശരീരത്തിലേയ്ക്കണച്ചുപിടിച്ച് അവർ വീട്ടിനകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

—o—

എന്റെ സങ്കല്പങ്ങളിലെ ഭർത്താവ്

പിൻകഴുത്തിലേക്ക് ഇറങ്ങിനിൽക്കുന്ന ചെമ്പൻമുടി "ലാക്ടോകലാമിൻ" പോളീഷുകൊണ്ടു മിനുക്കിയ മുഖത്തിന്റെ ഇരുവശങ്ങളിലും സശ്രദ്ധം വെട്ടി രൂപപ്പെടുത്തിയ വീതുളികൾ, അല്പം സ്വാതന്ത്ര്യബോധത്തോടെ വളരുന്ന താടിമീശകൾ, കണ്ണഞ്ചിപ്പിക്കുന്ന നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ...

സിനിമാ തീയേററുകൾ, ലേഡീസ് ഹോസ്റ്റലുകൾ, നഗരത്തിലെ വലിയ ഹോട്ടലുകൾ—എന്നിവിടങ്ങളിൽ ചുററിക്കറങ്ങുന്ന ഒരു "ഹിപ്പിപേഷ്യൻറാ" ണോ നിന്റെ ഭാവിവരൻ?

രാത്രിയുടെ അന്ത്യയാമങ്ങളിൽ ലോകം ഇരുട്ടു സമ്മാനിച്ച കറുത്ത പുതപ്പിന്നുള്ളിൽ ചുരുണ്ടുകൂടി മയങ്ങുമ്പോൾ, മുഷിഞ്ഞുലഞ്ഞ വസ്ത്രങ്ങളും പാറിപ്പറന്ന മുടിയുമായി, മദ്യത്തിന്റെ ദുർഗന്ധം പരത്തിക്കൊണ്ട്, ഇടറുന്ന പാദങ്ങളാൽ താളം ചവുട്ടി വരുന്ന ഒരു മദ്യപാനിയാണോ നിന്റെ ഭർത്താവ്?

സങ്കല്പങ്ങളിലെ ഭർത്താവിനെ ചിത്രീകരിക്കാൻ തുടങ്ങിയപ്പോൾ ഇത്തരം കസ്തുതിച്ചോദ്യങ്ങളാണ് എന്നെ വിഷമിപ്പിച്ചതു്. മനസ്സിന്റെ ആരുമറിയാത്തൊരു കോണിൽ ഒളിഞ്ഞുകിടന്നിരുന്ന എന്റെ ഭാവിവരന്റെ രൂപം വ്യക്തമാക്കിക്കൊണ്ടു ഞാനീ ചോദ്യങ്ങൾക്ക് സമാധാനം നൽകാൻ ശ്രമിക്കട്ടെ—

ജീവിതത്തിന്റെ അനന്തമായ പ്രവാഹത്തിൽ ഞാൻ ചെന്നടിയുന്ന തീരത്തെക്കുറിച്ച് എനിക്കെന്തറിയാം! (അജ്ഞതേ! നീയിവിടെ ഒരനുഗ്രഹം തന്നെ) ഞാനിന്ന് താലോലിക്കുന്ന കോമളസങ്കൽപങ്ങൾ ഒരുപക്ഷേ, യാഥാർത്ഥ്യങ്ങളുടെ പാറകളിൽ ചെന്നടിച്ചു ചിന്നിച്ചിതറിയേക്കാം. യാഥാർത്ഥ്യങ്ങളുടെ ക്രൂരമായ ആ വശത്തെ കുറിച്ചു ബോധവതിയായിക്കൊണ്ടുതന്നെ ഞാനെന്റെ സങ്കൽപങ്ങളുടെ ലോകത്തിലേക്കു കടക്കുന്നു.

മനസ്സിന്റെ ക്യാൻവാസ്സിൽ സങ്കൽപങ്ങളുടെ വർണ്ണച്ചായങ്ങളിൽ വരച്ച ഒരു സുന്ദരരൂപം!

എന്റെ ഭാവിവരൻ തന്നെ

നിറം എണ്ണക്കറുപ്പ്—മുഖത്തിന്റെ ഗാംഭീര്യത്തിന് മാററുകൂട്ടുന്ന മീശ—പൊണ്ണത്തടിയന്മാരുടേയും, പെൻസിൽ മാക്കുമാരുടേയും, ഇടയ്ക്കുള്ള വണ്ണം, 'ഫാൻറ'ത്തിനെപ്പോലും ലജ്ജിപ്പിക്കുന്ന മാർവ്വിടം, വണ്ണത്തിന്റെ തോതനുസരിച്ചുള്ള പൊക്കം, തനി നാടൻവേഷമായ മുണ്ടും, ഷർട്ടും—ഒരു കനത്ത ശബ്ദത്തിന്റെ കൂടി ഉടമയായ എന്റെ പ്രിയതമനെ കണ്ടാൽ ഒരുപക്ഷേ, നിങ്ങൾ സ്വല്പം ഭയന്ന് ഒരടി പിന്നോട്ടു വലിയുമായിരിക്കും. പക്ഷേ, ഞാനദ്ദേഹത്തെ സ്നേഹിക്കുന്നു

അജ്ഞത ഒരനുഗ്രഹം

അദ്ദേഹത്തിന്റെ ഹൃദയം മഞ്ഞുതുള്ളികളേക്കാൾ നൈർമ്മല്യമുള്ളതാണെന്ന് ഞാനറിയുന്നു. ഈ ലോകത്തെ മുഴുവൻ ഉൾക്കൊള്ളാവുന്നത്രയും വിശാലത അദ്ദേഹത്തിന്റെ ഹൃദയത്തിന്നുണ്ട്. സ്നേഹത്തിന്റെ അക്ഷയപാത്രമാണാ ഹൃദയം.

അദ്ദേഹത്തിന്റെ പൌരുഷത്തിന് മുൻപിൽ എന്നിലെ സ്ത്രീത്വം തല കുമ്പിട്ടുനില്ക്കുന്നു. പക്ഷേ, ഞാനൊരിക്കലും എന്റെ ഭർത്താവിന്റെ അടിമയല്ല അടുക്കളയുടെ ലോകത്തിനു വെളിയിലും എനിക്കൊരു ലോകമുണ്ടായിരിക്കണമെന്നതു് എന്റെ എന്നപോലെ അദ്ദേഹത്തിന്റേയും ആഗ്രഹമാണ്.

ജീവിതം ആയാസരഹിതമായി കൊണ്ടുപോകുന്നുള്ള ഒരു ജോലി എന്റെ ഭർത്താവിന്നുണ്ട്. വീടും ഭാര്യയുമാണ് തന്റെ സാമ്രാജ്യമെന്നു കരുതി "വീടും, ഓഫീസും—ഓഫീസും, വീട്ടു"മായി കഴിയുന്ന ഒരു പാവയല്ല എന്റെ ഭർത്താവ്. വീടിനു പുറത്തും അദ്ദേഹത്തിന്ന് താൽപര്യങ്ങളുണ്ടായിരിക്കണം.

എന്റെ ഭർത്താവ് അന്യസ്ത്രീകളുമായി കൂടുതൽ ഇടപഴകുന്നതു് ഞാനിഷ്ടപ്പെടുന്നില്ല സംഭാഷണവും ചിരിയുമാകാം—ഒരു പരിധിവരെ മാത്രം.

ഞാൻ സ്വാർത്ഥയായിപ്പോകുന്നു എന്ന് വല്ലവർക്കും തോന്നിയേക്കാം:

അതെ—ഞാൻ സ്വാർത്ഥയാണ്—ഈ ഒരു കാര്യത്തിൽ മാത്രം.

എന്റെ ജീവിതത്തിലെ കണ്ണീരിലും, പുഞ്ചിരിയിലും, ഹർഷത്തിലും, താപത്തിലും, ചിരിയിലും, കരച്ചിലിലും പങ്കുചേരാനായി അദ്ദേഹം വേഗം ഒന്നു വന്നെങ്കിൽ.

എന്റെ മനസ്സിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന, ഇന്നുവരെ എനിക്കുമാത്രം പരിചയമുണ്ടായിരുന്ന; എന്റെ ഭാവിവരനി

സിന്ധു

താ ഇന്നീ താളുകളിൽ—നിങ്ങളുടെ മുൻപിൽ.

എന്റെ ഭാവിവരനെ കണ്ടിട്ടെന്തു തോന്നുന്നു? സുന്ദരനല്ലേ?

നിങ്ങൾക്കല്ലായിരിക്കാം. കാരണം സൌന്ദര്യത്തിന്റെ മാനദണ്ഡം പലർക്കും പലതാണല്ലോ?

സങ്കല്പങ്ങളുടെ ചിറകുകളിൽ ഞാനന്തമില്ലാതെ പറക്കുന്നു. ഒരുനാൾ യാഥാർത്ഥ്യങ്ങളുടെ തീക്ഷ്ണമായ ചൂടിൽ ചിറകുകൾ കരിഞ്ഞു് ഞാൻ താഴെ വീഴുമ്പോൾ എന്റെ മധുരസങ്കൽപങ്ങളേ! നിങ്ങൾ ഇന്നെനിക്കുതന്ന സുഖാനുഭൂതികളെ കുറിച്ചു് ഞാൻ ഓർക്കും.

—o—

ആത്രേയാശ്രമം കൈതമുക്കു്, തിരുവനന്തപുരം

കായത്തിരുമേനി എണ്ണ

തലയ്ക്കേററ ക്ഷതം, മാറാത്ത തലവേദന, തുടർച്ചയായ ജലദോഷം, തുമ്മൽ, മണ്ടയിൽനിന്നു് കഫം ഇറങ്ങിക്കൊണ്ടിരിക്കുക, പീനസം, ശ്വാസദുർഗന്ധം, ഒരെണ്ണയും പിടിക്കായ്ക, ചെവിമുഴക്കം, ചെവിയിൽനിന്നും നീരും പഴുപ്പും ഒലിക്കുക, ഊനിൽനിന്നും രക്തവും പഴുപ്പും വരിക, പല്ലുകൾക്കു് ബലക്ഷയം, ടോൺസിൽസ് തുടങ്ങിയ രോഗങ്ങൾക്കു് തലയിൽ തേച്ചു കുളിക്കുക.

300 ML കുപ്പിക്കു് 18 രൂപാ. 8 രൂപാ മുൻകൂറയയ്ക്കുക.

പുതുമ! ഭംഗി!! ഉത്തരവാദിത്വം!!!

നവീനമാതൃകയിലുള്ള
പവൻമാററു സ്വർണ്ണാഭരണങ്ങൾക്കും!!

നല്ലയിനം വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾ
മുതലായവയ്ക്കും—

കെ. പ്രഭാകരൻനായർ

ജൂവലേഴ്സ് വാച്ചുഡീലേഴ്സ്,
മെയിൻറോഡ്, കൊല്ലം.

ഞങ്ങളുടെ ഇൻസ്റ്റാൾമെന്റു പദ്ധതിയിൽ
തുടർന്നും അംഗമായി ചേരുവാൻ സാധിക്കും.

ഗ്രന്ഥനിരൂപണം

(40–ൽനിന്നും തുടർച്ച)

റയെ ആ സർവംസഹയുടെ നെടുമംഗല്യമായി കല്പിച്ചതുമൊക്കെ അവതാരകൻ പറയുന്ന സുഖധാരയ്ക്കു ചേർന്നതാണോ?

ഇനി അവതാരകൻ ചൂണ്ടിക്കാട്ടുന്ന സിദ്ധാന്തങ്ങളെപ്പററിയാണു്. പലരും ഇംഗ്ലീഷിൽ എഴുതിവച്ചിരിക്കുന്നതുമാത്രം വായിച്ചു് അവർ പരാമർശിക്കുന്ന ഉദാഹരണങ്ങൾ അതുപോലെ പറിച്ചെടുത്തു പകർത്തിവയ്ക്കുന്ന സ്വഭാവം അവതാരകനുണ്ടു്: ഒരുദാഹരണം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ

"മാക്ബത്തിൽ ഇരുട്ടാകുന്ന കമ്പിളി കാണാം. അതിനെ മറെറാരുകവി ഇരുപതാംനൂററാണ്ടിൽ സ്വന്തം ഭാവനയുടെമുദ്രയടിച്ചു് അല്പം മാററിയപ്പോൾ ഒരുനൂതനസങ്കല്പമായി മാറി. നക്ഷത്രങ്ങൾ തിന്ന പഴയ ആകാശക്കമ്പിളിയാക്കി അതിനെ പരിഷ്കരിച്ചപ്പോൾ (ടി ഈ. ഹ്യൂം) കൂറയും പാററയും തുളച്ചുതിന്ന അനേകം ദ്വാരങ്ങളോടുകൂടിയ നമ്മുടെ പഴയ കമ്പിളിപ്പുതപ്പുകളുടെ ചിത്രമുദിക്കുകയാണു്." (പുറം 22)

ടി. ഈ. ഹ്യൂമിന്റെ കവിതയും ഷേക്സ്പീയറുടെ മാക്ബത്തും വായിച്ചിട്ടു മി. ശ്രീധരൻ സ്വന്തമായി കണ്ടെത്തിയ ഒരു വസ്തുതയാണിതെന്നു് അദ്ദേഹത്തിനു പറയാനാവുമോ? മേൽപറഞ്ഞ ആശയം ജെയിംസ്റീവ്സിന്റെ understanding poetry' എന്ന പുസ്തകത്തിൽനിന്നെടുത്തതാണു്. പുതിയ ഉപമകളും രൂപകങ്ങളും പ്രയോഗിച്ചു്, തേമാനംവന്ന ഭാഷയെ കവികൾ ഊർജ്ജസ്വലമാക്കാറുണ്ടു് എന്നതിനുദാഹരണമായി ടി. ഈ. ഹ്യൂമിന്റെ 'Embarkment' എന്ന കവിതയിലെ ഒരു ഭാഗം ഉദ്ധരിച്ചിട്ടു റീവ്സ് പറയുന്നു:

'In the brilliant metaphor of the old star—eaten blanket of the sky, he is perhaps unconsciously echoing shakespeare s 'the blanket of the dark" in Macbeth." (നക്ഷത്രങ്ങൾ തിന്ന പഴയ ആകാശക്കമ്പിളി എന്ന ഹൃദയഹാരിയായ രൂപകത്തിലൂടെ അദ്ദേഹം (ടി. ഈ. ഹ്യൂം) ഷേക്സ്പീയറുടെ മാക്ബത്തിലെ 'ഇരുട്ടാകുന്ന കമ്പിളി'യെ അബോധപൂർവം പ്രതിധ്വനിപ്പിക്കയാവാം.)

Understanding poetry. page 190.

ഒരു പുസ്തകം വായിച്ചിട്ടു് അനേകം പുസ്തകങ്ങൾ വായിച്ച പ്രതീതി ജനിപ്പിച്ചു നിരൂപണം സൃഷ്ടിക്കുന്നതിനൊരുദാഹരണമാണിതു്. ജെയിംസ്റീവ്സ്, ടി. ഈ ഹ്യൂമിനെപ്പററിപ്പറഞ്ഞ അഭിപ്രായംതന്നെ മി. ശ്രീധരൻ പാലായെപ്പററിയും പറഞ്ഞിരിക്കുന്നു; തികച്ചും സ്വന്തമെന്ന രീതിയിൽ. ഇങ്ങനെയുള്ള ഒരാളാണു കേരളീയസഹൃദയരുടെയും ഇതര നിരൂപകന്മാരുടെയും അബദ്ധധാരണകളെ അടിയോടെ പിഴുതെറിഞ്ഞു വയസ്സുമുപ്പനുസരിച്ചു മഹാകവികളെ ആക്കാനും നീക്കാനും മുതിരുന്നതെന്നു കാണുന്നതു കഷ്ടമാണു്. ബാധയേല്ക്കുന്ന കവികളുടെ കാര്യവും തഥൈവ.

—o—

മലയാളനാട്ടു്
വാരിക
വരിസംഖ്യ
(എക്സൈസ് ഡ്യൂട്ടിയടക്കം)

ഇൻഡ്യയിൽ-	
ഒരുവർഷത്തേയ്ക്കു്	21–00
ആറുമാസത്തേയ്ക്കു്	10–50
ഒററപ്രതി	00 37

മാനേജർ,
മലയാളനാട്ടു്, കൊല്ലം.

സാഹിത്യവാരഫലം

(11–ൽനിന്നു തുടർച്ച)

വച്ച്, ഇക്കഥ ഫ്റാൻസിസ്കു ദാന്തയോടു പറയുമ്പോഴാണ് അദ്ദേഹം ബോധം കെട്ടു വീഴുന്നത്. ഉത്കടമായ പ്രേമം വരുത്തുന്ന ദുരന്തത മുഴുവൻ ഏതാനും വരികളിൽ ഒതുക്കി ചിരിക്കുന്നു ദാന്തേ. ഡിവൈൻകോമഡിയിലെ കലാത്മകവും ഉത്കൃഷ്ടവുമായ ഭാഗമായിട്ടാണ് അതിനെ നിരൂപകർ കരുതിപ്പോരുന്നത്. ഇരിക്കട്ടെ. ചങ്ങമ്പുഴയുടെയും വൈലോപ്പിള്ളിയുടെയും കാവ്യഭാഗങ്ങൾ വായിക്കുമ്പോൾ ഒരു പൂവിൽനിന്നു വേറൊരു പൂവിലേയ്ക്കു പാറിപ്പറക്കുന്ന ചിത്രശലഭത്തെയാണ് ഞാൻ അന്തർനേത്രംകൊണ്ടു കാണുന്നത്. ദാന്തേയുടെ വരികൾ വായിക്കുമ്പോൾ നീലാന്തരീക്ഷത്തിൽ ഭ്രമണംചെയ്യുന്ന കൃഷ്ണപ്പരുന്തിനേയും. രണ്ടു ദൃശ്യങ്ങളും രണ്ടുവിധത്തിൽ ആഹ്ലാദജനകംതന്നെ പക്ഷേ, പെൺകുട്ടികൾ പ്രേമത്തെക്കുറിച്ചു പ്രായോഗിക മനഃസ്ഥിതിയോടെ ചെറുകഥകൾ എഴുതുമ്പോൾ എനിക്കു വെറുപ്പും അറപ്പും ഉണ്ടാകുന്നു. ഉദാഹരണത്തിനു ജനയുഗം വാരികയിൽ കെ. ചന്ദ്രിക എഴുതിയ "കടമകൾ" എന്ന ചെറുകഥ നോക്കുക. ഉഷ കോളേജ് ലക്ചറർ ശ്രീനിയെ സ്നേഹിച്ചു. ശ്രീനിക്കു കുടുംബത്തെസ്സംബന്ധിച്ച പല ചുമതലകളും ഉണ്ടായിരുന്നതുകൊണ്ട് ഉഷയെ വിവാഹംകഴിച്ചില്ല. വേറൊരുത്തൻ ഉഷയെ പരിണയിച്ചു. ഉഷ തന്റെ പ്രേമഭംഗത്തെക്കുറിച്ച് അയാളോടു പറഞ്ഞു. അപ്പോൾ അയാൾക്കുമുണ്ടു സ്വന്തം പ്രേമഭംഗത്തെക്കുറിച്ചു പറയാൻ. Silly എന്ന വാക്കിനു ശ്രീ. കെ. ഗോപാലപിള്ളയുടെയും ശ്രീ. ബാപ്പുറാവുവിന്റെയും നിഘണ്ടുവിൽ "മനോബലമില്ലാത്ത, ബുദ്ധിയില്ലാത്ത, ബാലിശമായ, മൂഢമായ, കഥയില്ലാത്ത" എന്നാണ് അർത്ഥം നല്കിയിരിക്കുന്നത്. ചന്ദ്രികയുടെ "കഥയ്ക്ക്" ഈ വിശേഷണങ്ങളൊക്കെച്ചേരും. നമുക്കു സോമന്റെ "വാസുവേട്ട"നെ ഒന്നു നോക്കാം ചെറുകഥ വായിച്ച മട്ടപ്പ് അതു തീർത്തുതരും.

സുന്ദരസ്സ്വപ്നങ്ങൾ കാണുന്ന പെൺകുട്ടിയുടെ ജന്നൽപ്പടിയിൽ കാക്ക വന്നിരിക്കുന്നു. വൃത്തികെട്ട കണ്ണും നീണ്ട കൊക്കും ഭീകരങ്ങളായ ചിറകമുള്ള കാക്ക. അവൾ കാക്കയെക്കണ്ടാൽ കല്ലെറിഞ്ഞു ഓടിക്കും. അങ്ങനെയിരിക്കുമ്പോൾ കാക്ക അവളെ ആക്രമിച്ചു. അവളെ അതു കൊത്തിക്കീറി. കടിച്ചുവലിച്ചു. "കറുത്തകാക്കയുടെ ചിറകിൻകീഴിൽ ശുഭ്രാകാശത്തിന്റെ ഒരു കഷണംപോലെ പെൺകുട്ടി കരുങ്ങിക്കിടന്നു." ഇതാണ് ഉഷ കങ്കുമം വാരികയിലെഴുതിയ "ജനൽപ്പടിയിലെ കാക്ക" എന്ന ചെറുകഥയുടെ സാരം. ഇതിലെ കാക്ക കാമത്തിന്റെ പ്രതിരൂപമാണ്. കഥയ്ക്ക് 'അലിഗറി'യുടെ സ്വഭാവം വന്നിട്ടുണ്ട്. എങ്കിലും തരക്കേടില്ല.

സേതു (പെണ്ണാണ്, ആണല്ല) പ്രദീപിനെ സ്നേഹിച്ചു. പ്രദീപ് വിജാതീയൻ. എങ്കിലും അച്ഛനമ്മമാരെ വകവയ്ക്കാതെ അവൾ അയാളെ വിവാഹം കഴിച്ചു. വളരെക്കാലം കഴിഞ്ഞിട്ടും അവർക്കൊരു സന്താനം ഉണ്ടായില്ല. അപ്പോൾ ഒരു കുട്ടിയെ ദത്തെടുക്കാൻ പ്രദീപ് തീരുമാനിച്ചു. ശ്രീ: അഞ്ചൽ ദേവരാജൻ കങ്കുമം വാരികയിലെഴുതിയ "സ്നേഹത്തിന്റെ പൂക്കൾ" എന്ന കഥയുടെ പ്രതിപാദ്യമാണിത്. വിമർശനമൊന്നും ഇവിടെ ആവശ്യമില്ല. ഷില്ലറുടെ ഒരു വാക്യം മാത്രം ഉദ്ധരിക്കാം Against stupidity the Gods themselves struggle in vain" ബുദ്ധിശൂന്യതയ്ക്കെതിരെ ദേവന്മാരുടെ സമരങ്ങൾ പോലും വ്യർത്ഥങ്ങളാണെങ്കിൽ പാവപ്പെട്ട നമ്മുടെ അവസ്ഥയെന്താണ്? സഹിക്കുകതന്നെ.

നല്ല
പത്രലേഖകനാകാൻ
പരിശീലനം
തപാലിൽ
മലയാളത്തിൽ
Institute of Journalism
Alleppey-1 (Kerala)

സുമം രാകേശിനെയാണു സ്നേഹിച്ചതു് വിവാഹം കഴിച്ചതു് വേറൊരുവനെയും. അയാളിൽനിന്നു അവൾക്കുണ്ടായ സന്താനം ഒരു ഊമക്കുട്ടി. അതിന്റെ മുകത്വം മാററാനായി അവൾ ഭജനമിരിക്കുന്നു ഒരമ്പലത്തിൽ അവിടെ രാകേശ് സന്ന്യാസിയായിവന്നിരുന്നു വയലിൻ വായിക്കുന്നു. രാകേശും സുമയും കണ്ടുമുട്ടി. അവർ സംസാരിച്ചു. സുമവും രാകേശും പോകുന്നതിനുമുൻപ് സന്ന്യാസി മരിച്ചു ഊമക്കുട്ടിയേയുംകൊണ്ട് അവർ തിരിച്ചു പോയി. ഇതാണ് ശ്രീ: സി. രഘുനാഥൻ ചന്ദ്രിക വാരികയിലെഴുതിയ "ദുഃഖം എന്ന രാഗം" എന്ന ചെറുകഥ. സുമത്തിന്റെ മൂകമായ രാഗം പോലെയാണ് ആ ഊമക്കുട്ടി. അവനു ശബ്ദമില്ല; അവളുടെ രാഗത്തിനു ശബ്ദമില്ലാത്തതുപോലെ. നല്ല സങ്കല്പം പക്ഷേ അതിരുകടന്ന കല്പനികത്വം ഈ കഥയ്ക്കു അവാസ്തവികത്വം നല്കിയിരിക്കുന്നു. അതിരുകടന്ന കാല്പനികത്വവും അതിരുകടന്ന വാസ്തവികത്വവും കലയുടെ ശത്രുക്കളാണ്. രണ്ടിനുമിടയ്ക്കു ഒരു മാർഗ്ഗമുണ്ട്. അതു കണ്ടെത്തുന്നവനാണു കലാകാരൻ. ഒരിക്കൽപ്പറഞ്ഞ ഇക്കാര്യം ആവർത്തിക്കുന്നതിൽ എനിക്കു വല്ലായ്മയില്ലാതില്ല എങ്ങനെ ആവർത്തിക്കാതിരിക്കും? നിരൂപണത്തെസ്സംബന്ധിച്ച തത്ത്വങ്ങൾ പരിമിതങ്ങൾ. മൂന്നുവർഷമായി മുടങ്ങാതെ ഓരോ ആഴ്ചയും ഞാൻ എഴുതുന്നു ചിലപ്പോൾ ആവർത്തനം സംഭവിച്ചുപോകും. കഥയ്ക്കു ശ്രീ: ബി. എം. ഗഫൂർ വരച്ചുചേർത്തചിത്രം സുമത്തിന്റെ മാനസികനിലയെ പ്രതിഫലിപ്പിക്കുന്നുണ്ട്... നന്ദിനിസത്പഥിയുടെ ഒരു കഥ—ബബലിയുടെ കഥ—മനോരാജ്യം ആഴ്ചപ്പതിപ്പിൽ തർജ്ജമചെയ്തു പരസ്യപ്പെടുത്തിയിരിക്കുന്നു. കുട്ടികളെ ഏതു് നിയന്ത്രണത്തിനു വിധേയരാക്കിയാലും അവർ സ്വാഭാവികമായ നിഷ്കളങ്കത പ്രദർശിപ്പിക്കും എന്ന തത്ത്വം വിശദമാക്കുന്ന ഈ ചെറുകഥയ്ക്കു കലാസൗന്ദര്യം കുറവാണെങ്കിലും അകൃത്രിമത്വം ഉണ്ട്.

കൊട്ടാരംപോലിരിക്കുന്ന ഷെവർലേകാർ കണ്ടിട്ടില്ലേ? അതു പതുക്കെ നീങ്ങുന്നതു കാണാനാണു ഭംഗി. എന്നാൽ ഫിയററുകാർ വേഗത്തിൽ പോകണം, വീട്ട് എത്ര ചെറുതായാലും ആ വീട്ടിൽ വച്ച് വിവാഹം നടത്തുന്നതാണു നല്ലത്. വല്ല പൊതുസ്ഥാപനങ്ങളിലോ അമ്പലങ്ങളിലോ വച്ചു നടത്തുന്നതു് ഭംഗിയില്ലായ്മയാണ്. നാഗസ്വരം വായനയും ചെണ്ടമേളവുമൊക്കെ വിവാഹത്തിനുണ്ടായിരിക്കണം. ശ്മശാനമൂകത സൃഷ്ടിച്ച് താലികെട്ടുന്ന സമ്പ്രദായം ആദരിക്കത്തക്കതല്ല. സ്ത്രീകൾ സ്ത്രീകളെപ്പോലെ പെരുമാറണം. പുരുഷന്മാരെപ്പോലെ അവർ പെരുമാറരുത്. പുരുഷന്മാർ സ്ത്രീകളെപ്പോലെ കൊഞ്ചി വർത്തമാനം പറയുകയുമരുത്. രോഗം, വിദ്യ, വിത്തം എന്നിവ ആരും അന്യരെ കാണിക്കരുത്. 'ഇതാ എന്റെ മുതുകിൽനടത്തിയ ശസ്ത്രക്രിയ നോക്കൂ' എന്നു പറഞ്ഞു് ഷർട്ടും ബനിയനും ഊരുന്ന മനുഷ്യൻ 'നിങ്ങൾക്കറിഞ്ഞുകൂടാ, ഞാൻ പറഞ്ഞുതരാം' എന്ന മട്ടിൽ കൂട്ടുകാരനോടു സംസാരിക്കുന്ന വ്യക്തി, ടെർലിൻ ഷർട്ടിന്റെ പോക്കററിൽ മററുള്ളവർ കാണുന്ന രീതിയിൽ പത്തു രൂപാനോട്ടോ നൂറുരൂപാനോട്ടോ ഇടുന്നയാൾ—ഇവരൊക്കെ ബഹുമാനം നേടുന്നില്ല. അന്യന്റെ വെറുപ്പ് സമ്പാദിക്കുകയും ചെയ്യുന്നു. അകൃത്രിമമായി, അന്യനു മനസ്സിലാകുന്ന മട്ടിൽ എഴുതുന്നതുതന്നെയാണ് സാഹിത്യം. കൃത്രിമത്വം വന്നാൽ, നാട്യം ഉണ്ടായാൽ, ദുർഗ്രഹത സംഭവിച്ചാൽ അതു സാഹിത്യമല്ല.

x x x
x x x

ഞാൻ തിരുവനന്തപുരത്തെ "കറന്റ് ബുക്ക്സി"ൽ ഇരിക്കുകയാണ്. അടുത്ത കാലത്തെ സംഭവംതന്നെ. അനുഗൃഹീത കലാകാരനായ ശ്രീ: ശങ്കരൻകുട്ടി എന്റെ തൊട്ടടുത്തുണ്ട്. എന്റെ അപേക്ഷയനുസരിച്ച് അദ്ദേഹം എന്റെ ചിത്രം രണ്ടു മിനിററുകൊണ്ടു വരച്ചു. രണ്ടു മിനിററെന്നു പറയുന്നതിൽ അസത്യം ഒട്ടുമില്ല. എതാനും വരകൾ. ഛായ അതുപോലെ ചിത്രത്തിൽ കണ്ടുവെന്നു പറഞ്ഞാൽ അതു നിരൂപണമല്ല. കലാകാ

രസം അല്ല വലിയ മേന്മ നേടിക്കൊടുക്കുന്നതെന്നുമില്ല. പക്ഷേ, ശങ്കരൻകുട്ടി വരച്ച ഏതാനും രേഖകളിൽ എന്റെ മാനസികനില മുഴുവൻ പ്രതിഫലിച്ചുകണ്ടു എന്നതു് അതു് ഉത്പാദകമായിരുന്നു. മറ്റു ജീനിയസ്സിനെമാത്രമേ ഇതിനു മുമ്പു് ശ്രീ: ശങ്കരൻകുട്ടി 'ജീനിയസ്സാ'ണെന്നതിൽ എനിക്കൊരു സംശയവുമില്ല. ഞാൻ ആ ചിത്രം പല കലാനിരൂപകരേയും കാണിച്ചു. അവരും ഇതേ അഭിപ്രായംതന്നെയാണു് ആവിഷ്കരിച്ചതു്. പ്രതിഭാശാലിയായ ഈ കലാകാരൻ എവിടെയോ ഒളുങ്ങിക്കഴിയുന്നു. പ്രതിഭയില്ലാത്തവർ "ലൈംലൈറ്റിൽ" പ്രകാശിക്കുകയും ചെയ്യുന്നു.

x x x

അനുധ്യാനത്തിന്റെ പ്രശാന്തതയിലേക്കു നമ്മെ നയിക്കുന്നതാണു കല. വ്യക്തിചാരത്തെക്കുറിച്ചുള്ള "അന്നാകരേനിന"യും അഗമൃഗമനത്തെക്കുറിച്ചുള്ള "ഫോളി ഡിന്നറും" അനുധ്യാനത്തിന്റെ മണ്ഡലത്തിലേയ്ക്കുതന്നെയാണു് നമ്മെ കൊണ്ടുചെല്ലുന്നതു്. വ്യക്തിചാരത്തെക്കുറിച്ചോ, ഇല്യൂമിനേറ്റായ കണ്ണുകളെക്കുറിച്ചോ ഉള്ള പ്രതിപാദനം, വികസിതത്തിന്റെ പെരുവെള്ളത്തിലേയ്ക്കു് അനുവാചകരെ എടുത്തെറിഞ്ഞാൽ അതിനെ നാം അഭിനിവേശമെന്നു വിളിക്കും. അങ്ങനെയുള്ള അഭിനിവേശത സത്യാത്മകമല്ല. ഇതു തത്പരതെ ഭംഗ്യന്തരേണ പ്രതിപാദിക്കുന്ന ലേഖനമാണു് ശ്രീ: എസ്സ്. ഇപ്പുന്നായ "കണ്ണ"ത്തിലെഴുതിയിട്ടുള്ളതു്. ലേഖകന്റെ നിഷ്പക്ഷമായ വിചാരഗതി ഈ ലേഖനത്തിൽ തെളിഞ്ഞുകാണാം.

സ്ത്രീയുടെ ചാരിത്രത്തെക്കുറിച്ചു് കുമാരി ജോസഫൈൻ 'യാത്ര' എന്ന വാരികയിൽ ഉപന്യസിക്കുന്നു. ഒരു വിദ്യാർത്ഥിനിയുടെ വിചാരങ്ങളുടെ നിലയിൽ ആക്കം അവയെ സംവീക്ഷണംചെയ്യാം. അനാദരണീയമെന്നു പറയേണ്ട ഒരു വിചാരവും ആ ലേഖനത്തിൽ ഇല്ല. ചാരിത്ര്യം തെറ്റു്, ചാരിത്രം ശരി. തപ്പോ എന്നല്ല എഴുതേണ്ടതു്. ദ എന്ന അക്ഷരത്തിനു് ഇരട്ടിപ്പു വേണം.

"ആധുനികതയുടെ തത്പശാസ്ത്രം" എന്ന പേരിൽ ഡോക്ടർ പി. വി. വേലായുധൻപിള്ള "വിശാലകേരള"ത്തിൽ എഴുതിയിരിക്കുന്ന ലേഖനത്തിൽ മലയാള സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ആധുനകത ഒരുതരം കാപട്യമാണെന്നു് സ്ഥാപിച്ചിരിക്കുന്നു. കാപട്യം എന്ന വാക്കു് അദ്ദേഹം ഉപയോഗിച്ചിട്ടില്ല പാശ്ചാത്യദേശത്തെ ആധുനികസാഹിത്യകൃതികളുടെ തുപ്പശ്ശില്പം മാത്രമാണു് ഇവിടെയുള്ളവർ അംഗീകരിക്കുന്നതെന്നു് അദ്ദേഹം പറയുന്നു. ഡോക്ടർ വേലായുധൻപിള്ളയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. തങ്ങളുടേതായ ജീവിതവീക്ഷണത്തിൽനിന്നാണു പാശ്ചാത്യദേശത്തെ അത്യന്താധുനികർ സാഹിത്യസൃഷ്ടികൾക്കു രൂപം നല്കുന്നതു്. നമ്മുടെ അത്യന്താധുനികരുടെ സ്രഷ്ടാക്കളായ ജീവിതവീക്ഷണങ്ങൾ ഇല്ല. അവർ പാശ്ചാത്യരുടെ ജീവിതാവീക്ഷണം ദേഹിക്കുന്നു.

x x x

x x x

സാഗരദർശനത്താലുണ്ടായ ക്ഷോഭത്തെ അതേരീതിയിൽ ആവിഷ്കരിക്കുന്നതിലാണു് ശ്രീ: താഴത്തേടം രാഘവൻനായരുടെ കഴിവും കഴിവുകേടുമിരിക്കുന്നതു് (സാഗരദർശനം എന്ന കവിത - മാതൃഭൂമി). കവിത വായിച്ചുകഴിയുമ്പോൾ അനുവാചകനു് തോന്നുക. അതു ഗ്രന്ഥകർത്താവിന്റെ ഗുണം ആ ഇഷ്ടക്കേടു പ്രശാന്തതയിലേക്കു നയിക്കുന്നില്ല എന്നതു ദോഷം. അതു ദോഷം തന്നെ. സംശയമില്ല ഡി. എച്ചു്. ലോറൻസ് The Sea എന്നൊരു കാവ്യം രചിച്ചിട്ടുണ്ടു്. അതു വായിക്കുമ്പോഴുണ്ടാകുന്ന മഹനീയമായ അനുഭവമാണു് ഞാൻ രാഘവൻനായരുടെ കവിതയിൽനിന്നു് അഭിലഷിച്ചതു്. എങ്കിലും അദ്ദേഹത്തിന്റെ കവിതയിൽനിന്നു് ഞാൻ ആഇഹിക്കുന്നതു് നിഷേധിക്കാൻ ഞാൻ ആളല്ല.

> പാട്ടി പെറ്റതു പെണ്ണു്
> പാണൻ പെറ്റതു പെണ്ണു്
> പാട്ട പെറ്റതു് പെണ്ണു്
> ഞാനും പെറ്റതു പെണ്ണു്
>
> —കഞ്ഞുണ്ണി

മുൻപറഞ്ഞു പരന്ന പ്രമേയത്തിൽ, അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്ന ചന്ദ്രകലയെ കണ്ടിട്ടുണ്ടോ? അപ്പോഴുണ്ടാകുന്ന നേരിയ ആഹ്ലാദത്തെക്കുറിച്ചു് ഓർമ്മയുണ്ടോ? ആ ആഹ്ലാദമുളവാക്കുന്നു ശ്രീ. പുവച്ചൽ ഖാദറിന്റെ "മൗന"വും (അനുപ്രേഷണം) ശ്രീ. ഏ വിജയനെ "ആരറിവു" എന്നതും (മലയാളനാടു്)

x x x x

ഡബ്ലിയു എച്ചു്. ഡേവിസ് എന്ന കവി മുന്നു മനോഹരങ്ങളായ കാഴ്ചകളെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്.

Three things there are more—
beautiful
Than any man could wish to see
The first, it is a full-rigged ship
Sailing with all her sails set free,
The second, when the wind and-
sun
Are playing in a field of corn,
The third, a woman, young and
fair,
Showing her child before
it is born

ഇവയെക്കാൾ മനോഹരമായ കാഴ്ചയുണ്ടു്. താഴ്വരയിലെ പാറയിൽനിന്നു വെള്ളത്തുള്ളികൾ. ഇല അടർത്തിയെടുത്തു് ആ ജലകണികകളെ അങ്ങോട്ടുമിങ്ങോട്ടും ചലിപ്പിക്കുക. സൂര്യപ്രകാശത്തിൽ അവ തിളങ്ങുന്നതുപോലെ മിന്നിത്തിളങ്ങും. കവിത ഇതുപോലെ ചലനം കൊള്ളണം; പ്രകാശിക്കണം

— 0 —

സൌന്ദര്യം—ആരോഗ്യത്തിന്റെ വെളിച്ചം

വി. ഗംഗാധരൻ വൈദ്യർ
ആയുർവേദകലാനിധി

സൌന്ദര്യവും ആരോഗ്യവും രണ്ടല്ല. സൌന്ദര്യം ആരോഗ്യത്തിന്റെ വെളിച്ചമാണു്. ധാതുക്കളുടെ തേജസ്സാണു്.

നമ്മുടെ ശരീരധാതുക്കളോടു് തുല്യതയുള്ള ധാതുപഞ്ചങ്ങൾകൊണ്ടു ധാതുക്കൾക്കു പുഷ്ടിയുണ്ടാക്കി ആരോഗ്യവും സൌന്ദര്യവും സമ്പാദിക്കണമെങ്കിൽ കരിങ്കുരണ്ടി രസായനം ഉപയോഗിക്കുവിൻ! ക്ഷയം, കാസം, ഏണങ്കൽ, വാതം, അരിഷ്ടാതം, ഉരഃക്ഷതം, ഇവശമിപ്പിക്കും. പ്രസവരക്ഷയും, ശരീരപുഷ്ടിക്കും നിത്യപഥ്യം. 450 ഗ്രാം ടിൻ 8 രൂ. മാത്രം. പാക്കിങ്ങും തപാൽചിലവും വേറെ.

രോഗവിവരം വിശദമായി എഴുതി അറിയിച്ചാൽ ശാസ്ത്രീയമായി വിചിന്തനംചെയ്തു ചികിത്സ നിശ്ചയിച്ചുറിയിക്കുന്നതും ഔഷധം വി. പി. ആയി അയച്ചുകൊടുക്കുന്നതുമാണു്. ശാസ്ത്രവിധി അനുസരിച്ചു കൃത്യമായി സംസ്കരിച്ചിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങൾക്കും നമ്മോടു് ആവശ്യപ്പെടുവിൻ!

സ്വതന്ത്രഫാർമസി (Regd) H. ●. ചാലക്കുടി

P. B. No. 4 കേരളം Phone: 44

ബ്രാഞ്ചുകൾ:—നാഗർകോവിൽ, മാർത്താണ്ഡം, നെയ്യാറിൻകര, തിരുവനന്തപുരം (ഫോൺ 2877) വർക്കല, (ഫോൺ: 56) കൊല്ലം, കാച്ചിറ, മാവേലിക്കര, പള്ളം (കോട്ടയം). ആലപ്പുഴ, എറണാകുളം, ആലുവാ, അങ്കമാലി & തൃശ്ശൂർ.

ആസ്വാദനത്തിന്റെ അർത്ഥം

(5-ൽനിന്നും തുടർച്ച)

ഘട്ടത്തിൽ അവയെ ഉൾക്കൊള്ളാൻ കഴിവുള്ള ഒരു ഭാവുകത്വം, നാം സമ്മതിച്ചാലുമില്ലെങ്കിലും, ഇവിടെ വളർന്നുവരുന്നതായി കാണാം. ലളിതമായ ആശ്വാസങ്ങളുടെ വിദൂരത സമകാലിക മനസ്സിന്റെ ഒരു സ്ഥിരഭാവമാണെന്നു തോന്നുന്നു. ഏകമുഖമായ ഒരു ലോകം, സാർത്ഥകമായ ഒരു ഘടനാവിധാനം, സാഹിത്യത്തിലവതരിപ്പിക്കുന്നതുതന്നെ, ഒരുതരത്തിൽ പറഞ്ഞാൽ ദർശനമാണ്, ഈ പരിതഃസ്ഥിതിയിൽ.

കാരണമുണ്ട്: പ്രശ്നങ്ങൾ അവതരിപ്പിക്കുകയോ, അവയ്ക്ക് പരിഹാരനിർദേശങ്ങൾ നൽകുകയോ ചെയ്യുന്ന ഒരാളെയല്ല, ആസ്വാദകൻ സാഹിത്യകൃതിയിൽ അന്വേഷിക്കുന്നത്. ആസ്വാദകൻ അന്വേഷിക്കുന്നത് തന്റെ സ്വത്വത്തെയാണ്, സ്വന്തം ഐഡന്റിറ്റി ആണ്: സ്വന്തം അവസ്ഥാവിശേഷത്തിന്റെ ആത്യന്തികമായ മാനുഷികാംശമാണ് അതുകൊണ്ടാണ് അയാൾ അയ്യനേത്തിനെ തള്ളിക്കളയുകയും ഒ. വി: വിജയനെ തന്റെ ചുവന്നഹൃദയത്തിൽ തിരുകിസൂക്ഷിക്കുകയും ചെയ്യുന്നത്. അയാളന്വേഷിക്കുന്നത് ഭാഷയല്ല. ഭാഷയുടെ സ്വതന്ത്രമായ നിലനിൽപ്പ് അയാൾക്കു പ്രശ്നമല്ല. സ്വന്തം അവസ്ഥാവിശേഷത്തിന്റെ മാനുഷികാംശം എത്ര സമഗ്രവും രൂക്ഷവും ദീപ്തവും അഗാധവുമായി സാഹിത്യകാരൻ അവതരിപ്പിക്കുന്നുവോ, അത്രയും ഉജ്ജ്വലമാകും സാഹിത്യാനുഭൂതി. തന്റെ സിദ്ധിയും സാധനയുമായി തന്റെ ലോകവീക്ഷണം മെടഞ്ഞുചേർന്നിരിക്കുന്ന ചേർച്ചയിൽനിന്നാണ് അവതരണത്തിനുള്ള ഈ കഴിവ് സാഹിത്യകാരനിൽ നിറഞ്ഞുവരുന്നത്. സമകാലികയാഥാർത്ഥ്യങ്ങളുടെ ആഘാതങ്ങൾ സൗന്ദര്യാത്മകമായ ഏതോ അനുപാതത്തിൽ സംയോജിക്കുമ്പോഴാണു സൃഷ്ടി നടക്കുന്നത്. മനുഷ്യത്വത്തെപ്പറ്റിയുള്ള ഒരു ഉപദർശനം അങ്ങനെ ലഭിക്കവെയാണു സൃഷ്ടിയുടെ മണികിലുക്കം അയാളുടെ ആത്മാവിൽ മുഴങ്ങത്തുടങ്ങുന്നത്. അപ്പോൾ അയാൾ കൊളുത്തുന്ന കർപ്പൂരത്തിന്റെ വർണ്ണഗസങ്ങൾ ആസ്വാദകനിലേയ്ക്ക് അഭിസംഗ്രമിക്കുകയും അവ അവനിൽ അനന്തമായ സ്മൃതികളെ ഉണർത്തി കൂട്ടിച്ചേർക്കേണ്ടതിനെ ചേർത്ത് ഒരു പുതിയ ബോധപ്രപഞ്ചം പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു ഈ രസാനുഭൂതി ആസ്വാദകനിലെ മനുഷ്യത്വത്തിന്റെ അനാവരണംകൊണ്ടുതന്നെയാണു ഹിരണ്മയമായ പാത്രത്തിന്റെ മൂടി ഇങ്ങനെ തുറക്കവേ ദർശനം ആനന്ദമാകുന്നു. ഇവിടെ സത്യവും സൗന്ദര്യവും തമ്മിൽ ഭിന്നിപ്പില്ല. ജീവിതത്തിലെ ആ ഭിന്നിപ്പുകൾ ഇവിടെ അലിഞ്ഞില്ലാതെയാവുന്നു. 'ഞാൻ' അലിഞ്ഞലിഞ്ഞു ഇല്ലാതെയാകുന്നു. അതു രസാനുഭൂതിയായി സംസ്കാരമായി പാരമ്പര്യത്തിന്റെ ഉപബോധസ്മൃതിയായി മനുഷ്യചരിത്രത്തിലലിഞ്ഞുകൂടുന്നു.

രസവും മനുഷ്യത്വവും

പക്ഷേ സുഖകരമായ ഈ സത്യദർശനം ആകാശങ്ങളിൽനിന്നു പൊട്ടി ഒലിക്കുന്ന ദിവ്യപ്രകാശമോ ഭൗതികാതീതമായ ഒരുതരം സ്വപ്നമോ ഒക്കെയാണെന്നു പറയുമ്പോൾ അതിനോടു യോജിക്കാനൊരു കാരണവും കാണുന്നില്ല. മനുഷ്യത്വത്തിന്റെ അനാവരണ സാധിക്കുമ്പോൾ, മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള അവനും സമൂഹവും തമ്മിലുള്ള ഐക്യം അനുഭവവേദ്യമാകുമ്പോൾ അവനു ലഭിക്കുന്ന അമൃതമാണ് ഈ അനുഭൂതി. അഖിലം ഞാനെന്നുതോന്നുന്ന ആ മാനസികനിലയിൽ ലഭ്യമാകുമെന്നു തങ്ങൾ വിശ്വസിച്ച ബ്രഹ്മാനന്ദത്തോടു രസാനുഭൂതിയെ ബന്ധിപ്പിച്ചതിന്റെ കാരണം ഇതുതന്നെയാവണം.

ആസ്വാദനം ഒരു അദ്ധ്വാനമല്ല. അതു വ്യാകരണപ്പിശകുകൾ കണ്ടെത്തലല്ല. നിഘണ്ടുവിലെ അർത്ഥങ്ങൾവച്ച് എഴുത്തുകാരനെ വിലയിരുത്തുന്ന ഏപ്പാടുമല്ല. നമ്മൾ പ്രായോഗികജീവിതത്തിൽ ചിന്തിക്കുന്ന കാര്യങ്ങൾ സാഹിത്യത്തിൽ കാണാത്തതിന്റെ പേരിൽ രോഷംകൊള്ളലുമല്ല. സാഹിത്യം ചിന്തിക്കളയാൻ തുനിയുന്ന നമ്മുടെ മുഖംമൂടികളെ കെട്ടിപ്പിടിച്ചു സാഹിത്യത്തെ തള്ളിക്കളയലുമല്ല. അതു ശാന്തമായ വികാരാവാഹനമാണ്. അതു് ആത്മന്വേഷണത്തിനുള്ള പ്രകോപനമാണ്. ആസ്വാദകന്റെ മനസ്സിൽ ഒരു പൂവിരിയുകതന്നെയാണുണ്ടാകുക, ഒരു കവിത വിയിക്കുമ്പോൾ. സൃഷ്ടിയെപ്പറ്റിത്തന്നെ ചില കവികൾ പറയുന്നു: ഒരു പൂവിരിയുന്നു, ഒരു കവിത ജനിക്കുന്നു...കവിത എഴുതുകയല്ല, എഴുതിപ്പോവുകയാണ്...എനിക്കു തോന്നുന്നതെഴുതുന്നു... ഇങ്ങിനെ. ഇങ്ങനെ ആസ്വാദകൻ പറയുന്നു: ഈ കൃതിആഹ ളാദിപ്പിക്കുന്നു, ഇതുരമിപ്പിക്കുന്നു, ഇതു് ഇരുട്ടിനെ ഉരുക്കി വെളിച്ചമാക്കുന്നു, എന്നൊക്കെ. കവിതയുടെ അടിയൊഴുക്കുകളെപ്പറ്റി അവർക്ക് അറിവില്ലെന്നേയുള്ളൂ, ഇതിനെപ്പറ്റിപ്പറയാൻ. സ്രഷ്ടാക്കളെ സംബന്ധിച്ചിടത്തോളം പൂവിരിയുകയാവാം. പക്ഷേ, "ഇവയുടെ അർത്ഥമെന്തു്, ലക്ഷ്യമെന്തു്, മൂല്യമെന്തു്, എന്നൊന്നും തിരക്കാതിരിക്കുക" എന്നു പറയുന്നതു് ആസ്വാദകന്റെ സർഗ്ഗശക്തിയുടെ മേൽ നടത്തുന്ന ആക്രമണമാണ്. എന്തെന്നാൽ നമ്മുടെ എല്ലാ ദുഃഖങ്ങളും, എല്ലാ സ്വപ്നങ്ങളും, എല്ലാ മോഹങ്ങളും, ചിലചില മൂല്യങ്ങളുടെ സൃഷ്ടിയാണ്. മൂല്യങ്ങളും അവയും തമ്മിലുള്ള ബന്ധം പോയാലോ, ഈ പാവം മാനവഹൃദയത്തിനു നിലനില്ക്കാൻ സാധ്യമല്ല. ഇതാണെന്നു തോന്നുന്നു, മനുഷ്യന്റെ ഏറ്റവും വലിയ ദുഃഖം.

നിരൂപണത്തിന്റെ സ്ഥാനം

അതുകൊണ്ട് ആസ്വാദകരും മനസ്സിലാക്കിപ്പോകുന്നു, ചിലവ വാടമല്ലികളാണ്, ചിലവ കടലാസുപൂക്കളും, എന്നു്. അവർ സാഹിത്യസൃഷ്ടിയുടെ പിന്നിലുള്ള വേദന മനസ്സിലാക്കാൻ ശ്രമിക്കുന്നു. ആ വേദനയെ മനുഷ്യാവസ്ഥയുമായി ബന്ധിപ്പിച്ച് അപഗ്രഥിക്കാൻ ശ്രമിക്കുന്നു. സ്രഷ്ടാവിന്റെ മനസ്സിൽ, അയാൾപോലും അറിയാതെ ഉൽഗ്രഥിച്ചുപോയ ജീവിതസത്യങ്ങളുണ്ടല്ലോ, അവ, അയാളുടെ സ്വകാര്യസ്വത്തും മറ്റുമല്ല. ആ സത്യങ്ങളെ കലയായി രൂപപ്പെടുത്തിയ ആ ഭാവുകത്വമുണ്ടല്ലോ, അതു് സ്രഷ്ടാവിന്റെ ദിവ്യപ്രകാശമല്ല. അതു് സമൂഹമനസ്സിന്റെ തനതുവകയാണ്. സമൂഹമനസ്സു കെട്ടിയുറപ്പിച്ച ഭാവുകത്വത്തിന്റെ ഈ നൃത്തവേദിയിൽ കാലുറപ്പിച്ചു തന്നെ സാഹിത്യകാരൻ ആടിയേ പറ്റൂ, അല്ലെങ്കിൽ വീഴും. വിരാട്ടു പ്രപഞ്ചത്തെ ഉപദർശിക്കുന്നതിനു് അണുപ്രപഞ്ചത്തിന്റെ സഹായം അയാൾക്കു നിഷേധിക്കാൻ സാധ്യമല്ല.

പറഞ്ഞുവന്നതു് ഇതാണ്. ആസ്വാദകർ, തങ്ങളുടെ അവബോധത്തിന്റെ നിലവാരമനുസരിച്ച്, കലാസത്യത്തെ ജീവിതസത്യങ്ങളാക്കിച്ചെയ്യുന്നു. അനുഭൂതിയിൽനിന്നു് ആശയങ്ങളിലേയ്ക്കു പോകുന്നു. 'ഇതിന്റെ ആവശ്യമില്ല, പൂവല്ലേ കശക്കരുതു്' എന്ന അഭിപ്രായം അഭികാമ്യമല്ല. ആസ്വാദകനും സത്യന്വേഷകനാണെന്നതാണ് ഇതിന്റെ കാരണം: സത്യാന്വേഷണത്തിനു സഹായിക്കാനല്ലെങ്കിൽപിന്നെ, സാഹിത്യാസ്വാദനം എന്തിനുകൊള്ളാം? ശതാബ്ദങ്ങൾ തുടർന്നുപോകുന്ന സഫലമായ, പ്രതിജ്ഞ ഭിന്നവിചിത്രമായ സത്യാന്വേഷണങ്ങളിൽപോലും തളരാതെ കിടക്കുകയും പിന്നെയും പിന്നെയും മാറിമാറിവരുന്ന സത്യങ്ങളെ, നിഗമനങ്ങളെരൂപ്പിപ്പെടുത്തുകയും ചെയ്യുന്ന ആനന്ദഖനിയാണ് സാഹിത്യകൃതി. നിരൂപകന്റെ ധർമ്മം തന്റെ ഭാവുകത്വത്തിനും ജീവിതദർശനത്തിനും അനുഭവവേദ്യമാകുന്ന കലാനുഭൂതിയെ ജീവിതസത്യങ്ങളായി ആവിഷ്കരിക്കുക എന്നതാണ്. നിരൂപകൻ, ഏറ്റവും ഉയർന്ന, ഏറ്റവും വ്യക്തിത്വമുള്ള, ആസ്വാദകനാണ്. അയാൾ സ്രഷ്ടാവിനെ സൃഷ്ടിയുടെ സത്യങ്ങൾ പഠിപ്പിക്കുന്നു. കലയിലൂടെ ജീവിത കാണുക എന്നതു് ജീവിതത്തിലൂടെ കല കാണുകയെന്നതുപോലെതന്നെ, സംസ്കാരത്തെ സംബന്ധിച്ചിടത്തോളം പ്രസക്തമാണ്. നിരൂപകന്റെ വിലയിരുത്തൽ, ആവശ്യമാണെന്നു തന്നെയല്ല, അനിവാര്യവുമാണ്. മനുഷ്യസാധാരണമായ ഒരു പ്രവണതയും, ജന്മാവകാശവുമാണ് അതു്. വ്യക്തിയുടെ മാത്രമല്ല; സമുദായത്തിന്റെയും.

വിപ്ലവത്തിന്റെ സാഹിത്യം

സാഹിത്യകാരന്റെ സത്യാന്വേഷണത്വര അപ്രാപഞ്ചികസത്യങ്ങൾക്കുവേ

ണ്ടിയുള്ളതല്ല. ഒരു അണുപ്രപഞ്ചത്തിന്റെ (microcosm) പുതിയ സത്യങ്ങൾ കണ്ടെത്താനാണ്, പുതിയ മനുഷ്യാവസ്ഥകൾ കണ്ടെത്താനാണ് ആ ശ്രമം. ഇതു് യാഥാർത്ഥ്യത്തിലടിയുറച്ചതായതുകൊണ്ടുതന്നെ, മനുഷ്യമനസ്സിന്റെ സ്ഥായിഭാവങ്ങളിൽ അടിയുറച്ചതായതുകൊണ്ടുതന്നെ, സാഹിത്യത്തെ സ്വപ്നം എന്നു വിളിക്കുന്നതു യുക്തിപൂർവ്വകമല്ല. സ്വപ്നം പോലും മൂല്യമാകുമ്പോൾ മാനസികവിപ്ലവത്തിൽ കലാശിക്കുന്നു. മനുഷ്യന്റെ നഷ്ടപ്പെട്ട ആന്തരികസത്തയും ഐക്യവും വീണ്ടെടുക്കാനാണ്, അറിഞ്ഞ അറിയാതെയോ, സാഹിത്യകാരൻ ശ്രമിക്കുന്നതു്. സൃഷ്ടിയുടെവേദന ആ വിപ്ലവബോധമാണ്. വ്യവസ്ഥാപിതതാത്പര്യത്തിനെതിരെയുള്ള ചരിത്രത്തിന്റെ തന്നെ യുദ്ധമാണതു്. വ്യവസ്ഥാപിതമായ എല്ലാറ്റിനും, ഭാഷയ്ക്കുപ്പുടെ, എതിരെ, കഴുക്കിനെതിരെ നില്ക്കാത്ത സാഹിത്യകാരൻ സാഹിത്യകാരനല്ല. അയാൾ യുദ്ധം നിർത്തിക്കഴിഞ്ഞു് ഇതിഹാസംതന്നെയെഴുതട്ടെ, ഫലമില്ല. വിപ്ലവം എന്ന വാക്കുതന്നെ ഉപയോഗിക്കേണ്ടതുണ്ട്. വ്യഭിചാരംകൊണ്ടു് അവശയായ പദമാണു് അതെങ്കിലും, ആ പദത്തിനുമാത്രം പര്യായമില്ല. നിലനില്ക്കുന്ന സാഹിത്യകാരന്റെ ഉൾവിളി വിപ്ലവബോധമാണു്. അതിനോടു് അയാൾക്കു് ഉത്തരവാദിത്വമുണ്ടു്. ഇല്ലെന്നു പറഞ്ഞാലും, അവന്റെ സൃഷ്ടികൾ പറയും, ഉണ്ടു്, ഉണ്ടു്, എന്നു്. ഈയർത്ഥത്തിൽ, മഹത്തായ സാഹിത്യം ആസ്വാദകനെ വിപ്ലവകാരിയാക്കുന്നു.

—ooo—

പഠിക്കേണ്ട ഗ്രന്ഥചിത്രശാസ്ത്രഗ്രന്ഥങ്ങൾ!!!

1. സ്വഭാവപഠനശാസ്ത്രം: കയ്യക്ഷരം, ഒപ്പു്, ഭാവം, നടത്തം, വേഷം, ജന്മദിനം മുതലായവനോക്കി ഒരു വ്യക്തിയുടെ സ്വഭാവവും കഴിവുകളും പഠിക്കാനുള്ള ചിത്രശാസ്ത്രഗ്രന്ഥം. വില 3 00
2. പ്രേമലേഖനങ്ങൾ: ശോകപര്യവസായിയായ ഒരു പ്രേമകഥ. ധാരാളം പ്രേമലേഖനങ്ങൾ സഹിതം. വില 3 00
3. സംഖ്യാശാസ്ത്രം: പേരു്, ജനിഷ്യൽ, ജന്മദിനം മുതലായവയിൽ അടങ്ങിയിട്ടുള്ള രഹസ്യങ്ങളും രാശിഫലവും വിവരിച്ചിട്ടുള്ള സംഖ്യാജ്യോതിഷചിത്രഗ്രന്ഥം. വില 2 00
4. സാമുദ്രികാശാസ്ത്രം: മറുകുകൾ, ചുഴികൾ, ലക്ഷണങ്ങൾ, അവയുടെ ഗുണദോഷഫലങ്ങൾ ചിത്രഗ്രന്ഥം. വില 2 00
5. ഷിറോയുടെ ഹസ്തരേഖാശാസ്ത്രം: മഹാന്മാരുടെ കൈരേഖാചിത്രങ്ങൾ അടങ്ങിയിട്ടുള്ള രേഖാശാസ്ത്രം. വില 2 00
6. മുഖലക്ഷണശാസ്ത്രം: ആകൃതി, രൂപം, വലിപ്പം, ലക്ഷണം ഇവ നോക്കി കഴിവുകളും ഫലങ്ങളും ചിത്രഗ്രന്ഥം. വില 2 00
7. മെസ്മറിസം: മനുഷ്യനെ ഉറക്കുക, മരവിപ്പിക്കുക, വശംവദരാക്കുക പ്രാഥമികപാഠങ്ങൾ. വില 2 00
8. മാജിക്കും മാസ്മരവിദ്യയും: കൺകെട്ടുവേലകൾ, രഹസ്യക്കണക്കുകൾ, ചീട്ടുകൊണ്ടുള്ള മറിവുതിരിവുകൾ. വില 2 00
9. ഹിപ്നോട്ടിസം: പരചൈതന്യവാദവിദ്യ, ശ്രുശാസ്ത്രം വില 2 00
10. മരിച്ചവരുമായി സംസാരിക്കുക: ശ്രുതതപശാസ്ത്രം വില 1 00
11. അത്ഭുതവാർത്തകൾ; ചിരിച്ചു തലതല്ലുന്ന രസകരമായ വാർത്തകളുടെ സമാഹാരം. വില 1 00
12. രഹസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും: ചികിത്സാഗ്രന്ഥം വില 1 00

എല്ലാറ്റിനും V. P. ചെലവു് പുറമേ. കാറ്റലോഗ് സൗജന്യം.

F. P. A. I., Thariannagar, Kuzhikala, Quilon Dt.

ചെമ്പരത്തി

ന്യൂ ഇൻഡ്യാ ഫിലിംസിന്റെ

പുതുമകൾനിറഞ്ഞ ചിത്രം!

ന്യൂ ഇൻഡ്യാ ഫിലിംസിന്റെ ചെമ്പരത്തി നിർമ്മാണഘട്ടത്തിൽത്തന്നെ സിനിമാപ്രിയന്മാരുടേയും ചലച്ചിത്രചിന്തകന്മാരുടേയും സവിശേഷശ്രദ്ധ നേടിയെടുത്തിരിക്കുന്ന പ്രകൃതിയോളം ഷൂട്ടിംഗ് പൂർത്തിയായിക്കഴിഞ്ഞ ചെമ്പരത്തിയിലെ നായികയായി അഭിനയിക്കുന്നതു പതിനാലു് വയസ്സുള്ള ശോഭന എന്ന പെൺകുട്ടിയാണു്. പതിനാലു വയസ്സുള്ള കഥാനായിക മലയാളസിനിമയിലാദ്യമാണു്. റോജാരമണി എന്ന പേരിൽ നാല്പതോളം വിവിധഭാഷാചിത്രങ്ങളിൽ അഭിനയിച്ച ബാലനടിയാണു് ശോഭന. കൗതുകം ജനിപ്പിക്കുന്ന, നിഷ്കളങ്കതയും നിഴലിട്ടുനില്ക്കുന്ന ശോഭന ചെമ്പരത്തിയിലൂടെ പുതിയൊരു ജനതയെത്തന്നെയാണു് മാർച്ചു് 9 മുതൽ 19 വരെ കൊല്ലത്തുവച്ചു നടന്ന ഷൂട്ടിംഗ് കണ്ടിട്ടുള്ളതായും ഈ പതിനാലുകാരി അഭിനയരംഗത്തു് ഒരു പുതിയ മുദ്രയായിത്തീരുമെന്നു് തീച്ചയാണു്. പുതിയ മാറ്റത്തിനുവേണ്ടി ദാഹിക്കുന്ന മലയാളസിനിമാപ്രേക്ഷകർക്കു് ചെമ്പരത്തി വലിയൊരു പ്രതീക്ഷയും, പതിനാലുകാരി നായിക ശോഭന ഒരത്ഭുതവും.

"ചെമ്പരത്തിയെക്കുറിച്ചു് ഒരു മുൻവിധി നടത്താനൊക്കുമോ?" സംവിധായകനായ ശ്രീ പി. എൻ. മേനോനോടു് ഒരു പത്രപ്രതിനിധി ചോദിച്ചു. "എന്തുകൊണ്ടു പാടില്ല. ഇതുവരെ നടന്ന ഷൂട്ടിംഗിനെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായ പല മേന്മകളുമുണ്ടു്. പഴയതി

നേടാനും താരതമ്യപ്പെടുത്താനും ഞാൻ പറയുന്ന ചെമ്പരത്തി എന്റെ ചിത്രമാണ്. ഉണ്ണിയേട്ടന്റെ (എസ്. കെ. നായർ) ചെമ്പരത്തിയിൽ എന്റെ മുഴുവൻ കഴിവും ഞാൻ പ്രയോഗിക്കുകാരണം എനിക്ക് ഈ ചിത്രം പുതിയ ശക്തി നേടിത്തരുമെന്നു തോന്നി.” ശ്രീ. എസ്. കെ. നായർ ഇതുകേട്ടുകൊണ്ടു ഞങ്ങളുടെയിടയിലേക്ക് കടന്നുവന്നു. “സംവിധാനത്തിൽ മാത്രമല്ല നിർമ്മാണരംഗത്തിലും അദ്ദേഹത്തിനുള്ള മിടുക്കു പറയാതിരിക്കാൻ വയ്യ. ചെമ്പരത്തി ഒരുത്തുടക്കമായിരിക്കും. മറ്റു നിർമ്മാതാക്കൾക്കു മാതൃകയും.”

ചെമ്പരത്തിയുടെ കഥയും സംഭാഷണവും രചിച്ചിരിക്കുന്നതു പ്രസിദ്ധ സാഹിത്യകാരനായ ശ്രീ മലയാറ്റൂർ രാമകൃഷ്ണനാണ്. അസാധാരണമായ ഒരു തിരുത്തുമാണ് ചെമ്പരത്തിയുടേത്. പതിനാലുകാരിയും സുന്ദരിയും നിഷ്കളങ്കയുമായ ശാന്ത എന്ന ഒരു പെൺകുട്ടിയുടെ കൗമാരം നിറഞ്ഞ ജീവിതത്തിന്റെ കരളലിയിക്കുന്ന അന്ത്യമാണു മലയാറ്റൂർ പറയുന്നതു്. വിടർന്നുവികസിച്ച നയനങ്ങളോടെ, പ്രപഞ്ചം മയക്കുന്ന മന്ദഹാസവുമായി അവൾ ഒരു പുസ്സാറ്റയെപ്പോലെ പറന്നുനടന്നു. ഗ്രാമത്തിലുള്ള ലോഡ്ജിലെ ഒരു വാച്ചറുടെ മകളുടെ ലോകം വളരെ ചെറുതായിരിക്കുമല്ലോ. ലോഡ്ജിലെ അന്തേവാസികളായ വിവിധ സ്വഭാവക്കാരായ ആളുകൾ അവളുടെ ചെറിയ ലോകത്തിന്റെ ചക്രവാളങ്ങളെ വികസിപ്പിച്ചു. ലോഡ്ജിൽ താമസിക്കുന്ന കവി ശാന്തയുടെ മനസ്സിൽ പൂക്കൾ വാരിവിതറി. ഒരു പൂവിടരുന്നതും, ഒരു

മധു, റാണിചന്ദ്ര, ശോഭന ചെമ്പരത്തിയിൽ



ചെമ്പരത്തിയിൽ കൊട്ടാരക്കര, ശങ്കരാടി

രിവകൊഴിയുന്നതും, അത്ഭുതാദരപൂർവ്വം കണ്ടുകൊണ്ടു നിന്നിരുന്ന അവൾ ജീവിതത്തിലാദ്യമായി കോരിത്തരിച്ചു. മധുരംകിനിയുന്ന വാക്കുകൾ അവളുടെ മനസ്സിന്റെ മനസ്സിൽ മായികസ്വപ്നങ്ങൾ വിടർത്തി ഓരോദിവസം വിടരുന്ന ഓരോ ചെമ്പരത്തിപ്പൂവും അവളോടു് ഓരോ സ്വപ്നകഥകൾ പറഞ്ഞു. അവൾ സ്വയമറിയാതെ സ്വപ്നസഞ്ചാരിണിയായി.

ലോഡ്ജിലെ മറ്റൊരു താമസക്കാരനാണു രാജപ്പൻ. പണക്കാരന്റെ മകൻ കവിയുടെ സുഹൃത്തു്. ജീവിതത്തിന്റെ അർത്ഥവും അർത്ഥശൂന്യതയും എന്തെന്നു മനസ്സിലായിട്ടില്ലാത്ത ശാന്തയെ കവി തന്റെ സങ്കല്പഗന്ധർവ്വലോകത്തിലെ സ്വപ്നസഞ്ചാരിണിയാക്കിത്തീർക്കുന്നു. ഗ്രാമീണകന്യകയെ രാജപ്പൻ മധുരവാക്കുകൾപറഞ്ഞു മയക്കി തന്റെ കാമപൂർത്തിക്കുപയോഗിക്കുകയാണു ചെയ്തതു്. ശാന്ത ഗർഭിണിയായി.

തന്റെ ജീവിതത്തിന്റെ ആകെത്തുകയായിരുന്ന പിഞ്ചോമനയുടെ മൃതദേഹം ഒരുദിവസം കിണറ്റിനരികെ കണ്ടു് അവളുടെ പിതാവു് നടുങ്ങിപ്പോയി. ആ ചെമ്പരത്തിപ്പൂവിന്റെ ഞെട്ടിപ്പിക്കുന്ന അന്ത്യം പ്രേക്ഷകമനസ്സുകളിൽ ആറിത്തണുക്കാത്ത ദുഃഖംപോലെ നില്ക്കും.

ആരാണു ശാന്ത എന്ന പതിനാലുകാരിയെ കൊന്നതു്? ലോഡ്ജിലെ താമസക്കാരനായ ലക്ചറർ രാമചന്ദ്രനാണോ? ആണെന്നാണു ചില തെളിവുകൾമൂലം തെളിഞ്ഞതു്. ആ കൊലപാതകം മുൻനിറുത്തുന്ന സംഭ്രമജനകവും ബീഭത്സവുമായ സംഭവഗതികളാണു ചെമ്പരത്തിയുടെ രണ്ടാംപകുതി. യഥാർത്ഥ കൊലപാ

രാഘവനും ശോഭനയും— ചെമ്പരത്തിയിലെ വികാരനിർഭരമായ ഒരു രംഗം

തകിയെ നാം കണ്ടെത്തുന്നതോടെ കഥയവസാനിക്കുന്നു.

ചെമ്പരത്തിയുടെ പകുതിയോളം ഭാഗങ്ങൾ മാർച്ച് 9 മുതൽ 19 വരെ കൊല്ലത്തു മുണ്ടയ്ക്കൽഭാഗത്തും ഫാത്തിമാകോളേജിനു സമീപമുള്ള ഒരു ബംഗ്ലാവിൽവച്ചും ചിത്രീകരിച്ചു. കൊട്ടാരക്കര, മധു, ശങ്കരാടി, അടൂർഭാസി, രാഘവൻ, സുധീർ, നിലമ്പൂർബാലൻ, ബാലൻ കെ. നായർ, കുതിരവട്ടംപപ്പു, പി.ഒ.തോമസ്, ബഹദൂർ, അടൂർഭവാനി, റാണിചന്ദ്ര, രാധാമണി എന്നിവർ ശോഭനയെക്കൂടാതെ ഈ ചിത്രത്തിലഭിനയിക്കുന്നു.

ഷൂട്ടിംഗ് നടന്നുകൊണ്ടിരുന്ന വേളയിൽ താരങ്ങളുമായി ഞാൻ ചെമ്പരത്തിയെക്കുറിച്ചു സംസാരിച്ചു. എല്ലാവർക്കും തികഞ്ഞ സംതൃപ്തിയാണ്. നിലമ്പൂർ ബാലനും, ബാലൻ കെ. നായരും പറഞ്ഞു "ഇത്ര നല്ല ഒരു യൂണിററിൽ ഉൾപ്പെടാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു ടെക്നീഷ്യൻസിന്റെയും താരങ്ങളുടേയും മുഴുവൻ ശ്രദ്ധ ചെമ്പരത്തിയിലെപ്പോലെ മറെറാന്നിലും ചെലുത്തിയതായി ഞങ്ങൾക്കറിവില്ല. ചെമ്പരത്തി അസാധാരണമായ ഒരു ചിത്രമാണെന്നുപറയാൻ കഴിയും." ഈ യൂണിററിലുള്ള എല്ലാ നടീനടന്മാർക്കും ഇതേ അഭിപ്രായമാണുണ്ടായിരുന്നത്.

പ്രഗല്ഭനടനായ കൊട്ടാരക്കരശ്രീധരൻനായർ ആവേശഭരിതനായിരുന്നു. കാക്കനാടനും ഞാനുംകൂടി ചോദിച്ചു:ചെമ്പരത്തിയിൽ ചേട്ടനു കിട്ടിയ റോൾ ഇഷ്ടപ്പെട്ടോ" ചേട്ടൻ ഒരു പ്രത്യേകഭാവത്തോടെ പറഞ്ഞു: "വർഷങ്ങളായി എന്നെ അറിയാവുന്ന നിങ്ങളോടു ഞാൻ തുറന്നു പറയട്ടെ. ഈ റോൾ എനിക്കു വളരെ ഇഷ്ടപ്പെട്ടു ആ ഇഷ്ടപ്പെടൽകൊണ്ടുമാത്രം ഈ കഥാപാത്രത്തിന് എനിക്കു പുനർജ്ജന്മം നല്കാൻകഴിയും." ചലപ്പോഴും സെററിൽ കടന്നുചെല്ലുമ്പോൾ ചേട്ടൻ പറഞ്ഞ ഈ അഭിപ്രായംനൂറു ശതമാന. ആത്മാർത്ഥത നിറഞ്ഞതാണെന്നു തോന്നി

നടീനടന്മാർക്കു മുഴുവൻ നിർമ്മാണവേളയിൽ പൂർണ്ണസംതൃപ്തി പകർന്നുനല്കിയ ചെമ്പരത്തി പ്രേക്ഷകർക്കും പരിപൂർണ്ണസംതൃപ്തിയായിരിക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

വയലാർരാമവർമ്മയാണു ഗാനങ്ങൾ രചിച്ചിരിക്കുന്നത്. സംവിധാനം ദേവരാജനും. "പത്മരാഗപ്രഭവിടർത്തും തൃപ്പദങ്ങൾ ചുംബിക്കും..." "ആമ്പാടിതന്നിലൊരുണ്ണി" എന്നീ ഗാനങ്ങൾ യഥാക്രമം യേശുദാസും മാധുരിയുമാണു പാടിയിരിക്കുന്നത്.

"ശരണമയ്യപ്പ സ്വാമി ശരണ-
മയ്യപ്പ, ശബരിഗിരിനാഥാ സാമി-
ശരണമയ്യപ്പാ" എന്ന ഗാനം ഒരു പോപ്പുലർഹിററായിരിക്കും.

ഒരു ചിത്രത്തെസംബന്ധിച്ചിടത്തോളം പാട്ടുകളെല്ലാം ഹിററാവുക അപൂർവ്വസംഭവമാണ്. ചെമ്പരത്തിക്ക് ആ ഭാഗ്യം സിദ്ധിച്ചിരിക്കുന്നു. പുതിയ സിനിമയുടെ ചലനങ്ങൾ ഉൾക്കൊള്ളാൻ കഴിവുള്ള അശോക്കുമാറാണു ഛായാഗ്രാഹകൻ.

ഇതിനകംതന്നെ പ്രേക്ഷകരിൽ വളരെയധികം പ്രതീക്ഷകളുയർത്തിവിട്ട ചെമ്പരത്തിയുടെ ഷൂട്ടിംഗ് ഏപ്രിൽ 16-ാം തീയതി പുനഃരാരംഭിക്കുന്നതാണ്. ജൂൺമാസത്തിൽ ന്യൂഇൻഡ്യാഫിലിംസിന്റെ ആദ്യസംഭാവന പ്രദർശനശാലകളിലെത്തും. കൊല്ലത്തുനടന്ന ഷൂട്ടിംഗ് കാണാനെത്തിയ ചലച്ചിത്രവുമായി ബന്ധപ്പെട്ടവർ പറഞ്ഞതു ശ്രീ: മേനോനെ ഇത്രയധികം ജാഗ്രതയോടെ സൂക്ഷ്മതയോടെ സെററിൽ കണ്ടിട്ടില്ലെന്നാണ് മലയാളചലച്ചിത്രരംഗത്തിനു പുതിയ ഒരു മുഖവും പുതിയൊരു ശബ്ദവും നല്കാൻ തയ്യാറാകുന്ന ചെമ്പരത്തിയുടെ പ്രദർശനത്തീയതി നമുക്കു കാത്തിരിക്കാം.

—വി. ബി. സി. നായർ

—o—

വാർത്തകൾ

'അച്ചുതണ്ട്' സെല്ലുലോയിഡിലേക്ക്

പ്രശസ്തഗാനരചയിതാവും തിരക്കഥാകൃത്തുമായ ശ്രീകുമാരൻതമ്പിയുടെ "അച്ചുതണ്ട്" എന്ന നാടകം പി. എസ്. വി. പിക്ചേഴ്സ് ചലച്ചിത്രമാക്കാൻ തീരുമാനിച്ചിരിക്കുന്നു: പി. ഭാസ്കരൻ സംവിധാനം നിർവ്വഹിക്കുന്ന ഈ ചിത്രത്തിൽ നസീർ, ഉമ്മർ, പ്രസാദ്, അടൂർഭാസി, ററി. ആർ. ഓമന, സരസ്വതി മുതലായ താരങ്ങളാണ് അഭിനയിക്കുന്നത്. തിരക്കഥയും സംഭാഷണവും തമ്പി തന്നെയായിരിക്കും കൈകാര്യം ചെയ്യുക:

പാറപ്പുറത്തിന്റെ ഓമന

പ്രസിദ്ധ സാഹിത്യകാരനായ പാറപ്പുറത്തിന്റെ "ഓമന" ചലച്ചിത്രമാക്കുവാനുള്ള അവകാശം ജെ. സി തൊട്ടാൻ വാങ്ങിയിരിക്കുന്നു. ഷൂട്ടിംഗ് ശ്യമളാസ്റ്റം ഡിയോവിൽ ആരംഭിച്ചുകഴിഞ്ഞു. ഷീല നസീർ, രവിചന്ദ്രൻ, അടൂർഭാസി, ബഹദൂർ. ശങ്കരാടി തുടങ്ങിയവരാണ് ഓമനയിൽ അഭിനയിക്കുന്നത്. സംഗീതവിഭാഗം വയലാർ–ദേവരാജൻ ടീമിന്റേതാണ്.

പി. ഭാസ്കരന്റെ രണ്ടു ചിത്രങ്ങൾ

പ്രസിദ്ധ ബംഗാളി സാഹിത്യകാരനായ താരാശങ്കർ ബന്ദോപാദ്ധ്യായയുടെ "ഏഴുചുവട്ട്" എന്ന നോവൽ ചലച്ചിത്രമാക്കുവാൻ ശ്രീകാന്ത് പ്രൊഡക്ഷൻസ് തീരുമാനിച്ചിരിക്കുന്നു. ഈ പ്രസിദ്ധമായ നോവലിനു തിരക്കഥയും സംഭാഷണവും രചിക്കുന്നതു പ്രഗത്ഭനായ എസ്. എൽ. പുരം സദാനന്ദനാണ്. മധു പ്രധാനഭാഗമഭിനയിക്കുന്ന ഈ ചിത്രത്തിൽ മലയാളത്തിലെ പ്രസിദ്ധരായ എല്ലാ താരങ്ങളും പങ്കെടുക്കുന്നു. ഏഴുചുവടിന്റെ സംവിധാനം നിർവ്വഹിക്കുന്നത് പി. ഭാസ്കരനാണ്.

സരിതാഫിലിംസിന്റെ "സ്വപ്ന"ത്തിൽ നന്ദിതാബോസ്, ആറന്മുള പൊന്നമ്മ

പി. ഭാസ്കരൻ സംവിധാനകർമ്മം നിർവ്വഹിക്കുന്ന മറ്റൊരു മലയാളചിത്രമാണ് "ഉദയം" ഏററുമാനൂർ ചന്ദ്രശേഖരൻനായരാണ് കഥാകൃത്ത്. തിരക്കഥയും സംഭാഷണവും ശ്രീകുമാരൻതമ്പി നിർവ്വഹിക്കുന്നു. സുചിത്രമഞ്ജരിയുടെ ബാനറിൽ നിർമ്മിക്കുന്ന ഉദയത്തിൽ നസീർ, ശാരദ, അടൂർഭാസി, ബഹദൂർ തുടങ്ങിയ താരങ്ങളാണ് അഭിനയിക്കുന്നത്.

ബിലഹരിയുടെ ദൈവം

ബിലഹരിയുടെ പ്രസിദ്ധനാടകമായ 'ദൈവം' സുരഭിഫിലിംസിന്റെ ബാനറിൽ ചലച്ചിത്രമാക്കുവാൻ ആർ. എം. കെ. നായർ തീരുമാനിച്ചിരിക്കുന്നു. 'ദാഹം' "ആഭിജാത്യം" എന്നീ മലയാളചിത്രങ്ങളുടെ കഥ ബിലഹരിയുടേതാണ്. രാമുകാര്യാട്ടാണ് ദൈവം സംവിധാനം ചെയ്യുന്നത്. മലയാളത്തിലെ പ്രശസ്തതാരങ്ങളെല്ലാം സുരഭിയുടെ ചിത്രത്തിൽ അണിനിരക്കുന്നതായിരിക്കും.

സ്വർണ്ണമൽസ്യം

മണപ്പുറം മൂവീസിന്റെ ആദ്യചിത്രമായ "സ്വർണ്ണമത്സ്യ"ത്തിന്റെ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ജയഭാരതി, മധു, അടൂർഭാസി, ബഹദൂർ, ശ്രീലത എന്നിവരാണ് താരങ്ങൾ. ബി. കെ. പൊററക്കാട്ട് സംവിധാനം ചെയ്യുന്ന സ്വർണ്ണമത്സ്യത്തിന്റെ തിരക്കഥയും സംഭാഷണവും രചിച്ചിരിക്കുന്നത് മങ്കൊമ്പ് ഗോപാലകൃഷ്ണനാണ്.

രണ്ടു സസ്പെൻസ് ത്രില്ലറുകൾ

"കണ്ടവരുണ്ടോ" എന്ന ചിത്രം നിർമ്മിച്ച ആർ ജെ. കമ്പയിൻസ് അവരുടെ രണ്ടാമത്തെ ചിത്രത്തിനു കാഴ്ചബംഗ്ലാവ് എന്നു നാമകരണം ചെയ്തിരിക്കുന്നു. അടൂർഭാസി, രേണുക, ബഹദൂർ, സാധന, ശ്രീലത, ഖദീജ തുടങ്ങിയവരഭിനയിക്കുന്ന ഈ ചിത്രത്തിന്റെ ഗാനവിഭാഗം കൈകാര്യംചെയ്യുന്നതു ശ്രീകുമാരൻതമ്പിയും ശേഖറുമാണ്.

നവാഗതനായ പി. എം. രാഘവൻ നിർമ്മിക്കുന്ന ചിത്രത്തിന്ന് "എം ജി. റോഡ്" എന്നു നാമകരണം ചെയ്തിരിക്കുന്നു. കഥയും സംഭാഷണവും ഗാനങ്ങളും മങ്കൊമ്പുഗോപാലകൃഷ്ണന്റേതാണ്. കെ, പി. ഉമ്മർ, ജയകുമാർ, ജയഭാരതി, സുജാത, അടൂർഭാസി എന്നിവരഭിനയിക്കുന്ന ഈ ചിത്രം വിജയനാരായണൻ സംവിധാനം നിർവഹിക്കുന്നു. പുകഴേന്തിയാണ് സംഗീതസംവിധായകൻ.

—o—

വായനക്കാരുടെ കത്തുകൾ

(2-ൽനിന്നും തുടർച്ച)

ല്ലാം മധുരസ്വപ്നം കാണാറുണ്ടോ എന്ന ചോദ്യത്തിന് മറുപടി കൊടുക്കണം എന്നുണ്ട്. പക്ഷേ.....ആനി മധുരസ്വപ്നം കാണാൻ തുടങ്ങിയതു് 28-ാമത്തെ വയസ്സിലാണെന്നു തോന്നുന്നു.

മലയാററൂരിന്റെ അദ്രത്തിന് തെളിച്ചം വീഴുന്നുണ്ട്. വിതുരബേബിയ്ക്കു വളരെ അധികം നന്ദി. (പെൻറാങ്കുലർ) ദേവ്സാറ് അവിടെ സ്ഥിരതാമസമുറപ്പിക്കാൻ തീരുമാനിച്ചെന്നു തോന്നുന്നു. ചെല്ലപ്പണ്ണനേ സൂക്ഷിക്കണം ഒട്ടോ. രാജമ്മയ്ക്കും, ദേവ്സാറിനും എന്റെ അഭിനന്ദനങ്ങൾ.

ജോണി, കണ്ടറ.

കാരണമെന്താണ്?

ശ്രീ. കെ. പി. അപ്പൻ തന്റെ 'സ്വാന്തസ്സുഖായ' എന്ന ലേഖനത്തിൽ, "എഴുത്തുകാരുടെ ദർശനദുഃഖം സമൂഹത്തിന്റെ പ്രേരണയിൽനിന്നു ജനിക്കുന്ന ഒന്നല്ല" എന്നു പറയുന്നു. എങ്കിൽ പിന്നെ ഇരുപതാം നൂററാണ്ടിന്റെ സാഹിത്യത്തിൽ മാത്രം ഈ ദർശനദുഃഖത്തിന്റെ അധിപ്രസരമുണ്ടാവാൻ കാരണമെന്താണെന്നുകൂടി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു നന്നായിരിക്കും.

ജോസഫ്, ബെറീലി.

—o—

അടുത്തലക്കത്തിൽ ചിലതു്

ലേഖനം

എന്താണ് സാഹിത്യം —കെ. പി. ശശിധരൻ

വേശ്യാവൃത്തി-ചില ചിന്തകൾ —എം. എഫ്. തോമസ്സ്

കഥ

എനിക്കുറങ്ങാൻ രാത്രികളെവിടെ —കെ. എൽ. ശ്രീകൃഷ്ണദാസ്

വിശപ്പ് —സാലുഅനിയൻ

കവിത

കല്മഷപർവ്വം —നീലമ്പേരൂർ

ഗാനപൂജ —മലയത്തു് അപ്പുണ്ണി

കൂടാതെ നോവലുകളും മററു സ്ഥിരംപംക്തികളും.

നിരാശ വേണ്ട

SSLC യോ, മെട്രിക്കുലേഷനോ പാസ്സാകാം—തുടർന്ന് PDC, VIDWAN, BA പരീക്ഷകളും, കൂടാതെ പബ്ളിക്സർവ്വീസ്കമ്മീഷൻ നടത്തുന്ന വിവിധ ടെസ്റ്റുകൾക്കും വിദഗ്ദ്ധമായ പോസ്റ്റൽട്യൂഷൻ.

വിവരങ്ങൾക്ക് പഠിച്ച ക്ലാസ്സും വയസ്സും കാണിച്ചു കത്തെഴുതുക.

P. T. COLLEGE

Manacaud, Trivandrum-9

14
ഇന്ന്...ഹി...ഹി...
ഇപ്പോൾ പുതുമക്കാർ...
ഇതെന്തായാണ്... പോരാ
ഒരിക്കൽ ചിരിച്ചു പോയതിന്റെ
കുറ്റത്തിന് ജീവപര്യന്തം തടവോ.
നാട്ടുകാരുടെ
ഒരു ഗതി...
ചിരിച്ചപ്പോൾ
മിണ്ടിയില്ല
കാടൻ പോലെ
നോക്കുന്നു
ഭർത്താവ്.
ഭർത്താവിന്റെ കൂടെ നടന്നിരുന്നപ്പോൾ ചിരിച്ചതിന്റെ
കാരണം ചോദിച്ചു
ഉപദ്രവമായോ! ചിരിച്ചു.
പോരാൻ ചിരിച്ചതിന്റെ
കാരണം ചോദിച്ചു
ഇപ്പോൾ ചിരിച്ചതിന്റെ
കാരണം ചോദിക്കുന്നു.....!
പോരാൻ കൊടുത്തതിന്റെ
കുറ്റം മുഴുവൻ നമുക്കും.
ഞാനതൊന്നും
മിണ്ടിയില്ലെന്റെ
ദൈവമേ...
ഭർത്താവിന്റെ
കൂടെ നടന്നതിൽ
കുറ്റം